വാല്യം 6, ലക്കം 06

സെപ്തംബർ 16-30, 2025

സൗജന്യവിതരണത്തിന്

# ന്യൂ ഇന്ത്യ സമാചാർ



## രാഷ്ട്രമാകെ പ്രതിധ്വനിക്കുകയാണ്

# ആയുഷ്മാൻ ഭവഃ

വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വിപ്ലവത്തിനു വഴിതെളിച്ച്, ഏവരെയും ഉൾക്കൊള്ളുന്നതും സാർവത്രികവുമായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന ആഗോള മാതൃകയാണ് ആയുഷ്മാൻ ഭാരത് യോജന സൃഷ്ടിച്ചിരിക്കുന്നത്. അതിനാലാണു രാജ്യം 'ആയുഷ്മാൻ ഭവഃ' എന്നു സ്വാഭാവികമായും പറയുന്നത്.



ഇ-പകർപ്പിനായി



# ഏകമന്ത്രം: 'പ്രാദേശികമായതിനുള്ള ആഹ്വാനം'
# ഏകമാർഗം: 'സ്വയംപര്യാപ്ത ഇന്ത്യ'

*രാജ്യത്തിന്റെ ഓരോ കോണിലുമുള്ള എല്ലാ പ്രായക്കാരും 'മൻ കീ ബാത്' പരിപാടിയിലൂടെ കൂട്ടിയിണക്കപ്പെട്ടിട്ടുണ്ട്. 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' അഭിയാനോ ശുചിത്വഭാരതയജ്ഞമോ അതല്ലെങ്കി, ഖാദിയോടോ പ്രകൃതിയോടോ ഉള്ള സ്നേഹമോ 'ആസാദി കാ അമൃത് മഹോത്സവോ' അതുമല്ലെങ്കിൽ 'അമൃതസരോവര' ചർച്ചയോ ഏതുമാകട്ടെ, പ്രധാനമന്ത്രി 'മൻ കീ ബാത്തി'ൽ ആഹ്വാനം ചെയ്തതെല്ലാം ബഹുജനമുന്നേറ്റമായി മാറിക്കഴിഞ്ഞു. ഈ ആവേശത്തിൽ, സ്വയംപര്യാപ്തതയുടെ പാതയിലൂടെ വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്കു നീങ്ങവേ, പ്രധാനമന്ത്രി മോദി 'പ്രാദേശികമായതിനുള്ള ആഹ്വാനം' എന്ന സന്ദേശം നൽകി. 'മൻ കീ ബാത്തി'ൽ നിന്നുള്ള ചില ഭാഗങ്ങൾ ഇതാ...*

- **എൻഡിആർഎഫ്-എസ്ഡിആർഎഫ്:** മഴക്കാലത്ത് പ്രകൃതിദുരന്തങ്ങൾ രാജ്യത്തെ പരീക്ഷിക്കുകയാണ്. വെള്ളപ്പൊക്കവും മണ്ണിടിച്ചിലും സൃഷ്ടിച്ച വലിയ നാശം നാം കണ്ടു. പ്രതിസന്ധി ഉണ്ടായിടത്തെല്ലാം, നമ്മുടെ എൻഡിആർഎഫ്-എസ്ഡിആർഎഫ് ഉദ്യോഗസ്ഥരും മറ്റ് സുരക്ഷാസേനകളും ജീവൻ രക്ഷിക്കാൻ രാപ്പകൽഭേദമെന്യേ പ്രവർത്തിച്ചു.

- **ദുരന്തസമയത്തെ സഹായത്തിനു ഹൃദയം നിറഞ്ഞ നന്ദി:** ദുരന്തസമയത്ത് സഹായിക്കാൻ സൈന്യം മുന്നോട്ടുവന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ നാട്ടുകാർ, സാമൂഹ്യപ്രവർത്തകർ, ഡോക്ടർമാർ, ഭരണസംവിധാനം തുടങ്ങി, ഏവരും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി. ഈ പരീക്ഷണഘട്ടത്തിൽ മനുഷ്യത്വത്തെ മറ്റെല്ലാത്തിനുമുപരിയായി കണ്ട ഓരോ പൗരനും ഞാൻ ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

- **എന്റെ രാജ്യം മാറിക്കൊണ്ടിരിക്കുന്നു:** ജമ്മു കശ്മീരിലെ പുൽവാമയിലെ സ്റ്റേഡിയത്തിൽ റെക്കോർഡ് എണ്ണം വരുന്ന ജനങ്ങൾ ഒത്തുചേർന്നു. പുൽവാമയിലെ ആദ്യ പകൽ-രാത്രി ക്രിക്കറ്റ് മത്സരം ഇവിടെയാണ് നടന്നത്. മുമ്പ്, ഇത് അസാധ്യമായിരുന്നു. പക്ഷേ ഇപ്പോൾ എന്റെ രാജ്യം മാറുകയാണ്. പുൽവാമയിൽ രാത്രിയിൽ ആയിരക്കണക്കിനുപേർ ക്രിക്കറ്റ് ആസ്വദിക്കുന്ന കാഴ്ച തീർച്ചയായും കാണേണ്ട ഒന്നായിരുന്നു.

- **കളിക്കുന്നയാൾ ശോഭിക്കും:** 'ഏകഭാരതം-ശ്രേഷ്ഠഭാരതം' എന്ന വികാരം, രാജ്യത്തിന്റെ ഐക്യം, രാജ്യത്തിന്റെ വികസനത്തിനു വളരെ പ്രധാനമാണ്. തീർച്ചയായും, കായികരംഗം അതിൽ വലിയ പങ്കു വഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, കളിക്കുന്നയാൾ ശോഭിക്കുമെന്ന്. നമ്മുടെ രാജ്യം കൂടുതൽ ടൂർണമെന്റുകൾ കളിക്കുന്തോറും കൂടുതൽ ശോഭിക്കും.

- **യുവാക്കളുടെ ഡേറ്റാബാങ്ക്:** 'പ്രതിഭ സേതു' എന്ന പേരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചു. അതിൽ യുപിഎസ്സി പരീക്ഷയുടെ അന്തിമ മെറിറ്റ് പട്ടികയിൽ ഇടംനേടാനാകാത്ത 10,000-ത്തിലധികം പ്രതിഭാധനരായ യുവാക്കളുടെ വിവരശേഖരമുണ്ട്.

- **സൗരോർജ അരിമിൽ:** സൗരോർജം കർഷകരുടെ ജീവിതവും മാറ്റുകയാണ്. വയലുകൾ അതുതന്നെയാണ്. കഠിനാധ്വാനവും അതുതന്നെ. അതേ കർഷകർതന്നെ. എന്നാൽ ഇപ്പോൾ കഠിനാധ്വാനത്തിന്റെ ഫലങ്ങൾ വളരെ വലുതാണ്. സൗരോർജ പമ്പുകളിൽ നിന്നും സൗരോർജ അരിമില്ലുകളിൽ നിന്നുമാണ് ഈ മാറ്റം വരുന്നത്. ഇന്ന്, രാജ്യത്തെ പല സംസ്ഥാനങ്ങളിലും നൂറുകണക്കിന് സൗരോർജ അരിമില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സൗരോർജ അരി മില്ലുകൾ കർഷകരുടെ വരുമാനം മാത്രമല്ല, അവരുടെ മുഖത്തെ തിളക്കവും വർദ്ധിപ്പിച്ചു.

- **വിശ്വകർമ സഹോദരർ:** സെപ്റ്റംബർ 17-നാണ് വിശ്വകർമ ജയന്തി. പരമ്പരാഗത കരകൗശലവസ്തുക്കൾ, കഴിവുകൾ, അറിവ്-ശാസ്ത്രം എന്നിവ ഒരു തലമുറയിൽനിന്ന് മറ്റൊന്നിലേക്ക് തുടർച്ചയായി കൈമാറുന്ന നമ്മുടെ വിശ്വകർമ സഹോദരർക്കു സമർപ്പിച്ചിട്ടുള്ള ദിനമാണിത്. നമ്മുടെ മരപ്പണിക്കാർ, കൊല്ലപ്പണിക്കാർ, സ്വർണപ്പണിക്കാർ, കളിമൺപാത്രനിർമാതാക്കൾ, ശിൽപ്പികൾ, ആശാരിമാർ, കൽപ്പണിക്കാർ എന്നിവരാണ് എല്ലായ്പ്പോഴും ഇന്ത്യയുടെ അഭിവൃദ്ധിയുടെ അടിത്തറ. നമ്മുടെ വിശ്വകർമ സഹോദരരെ സഹായിക്കുന്നതിനായാണു ഗവണ്മെന്റ് വിശ്വകർമ യോജനയ്ക്കു തുടക്കംകുറിച്ചത്.

- **ഇന്ത്യൻ സംസ്കാരം:** ക്യാനഡയിലെ മിസിസാഗയിൽ ശ്രീരാമന്റെ 51 അടി ഉയരമുള്ള പ്രതിമ അനാച്ഛാദനം ചെയ്തു. ഈ പരിപാടിയിൽ ജനങ്ങൾ വളരെ ആവേശഭരിതരായിരുന്നു. രാമായണത്തോടും ഇന്ത്യൻ സംസ്കാരത്തോടുമുള്ള ഈ സ്നേഹം ഇപ്പോൾ ലോകത്തിന്റെ എല്ലാ കോണുകളിലേക്കും എത്തിച്ചേരുകയാണ്.

- **തദ്ദേശീയതയ്ക്കായുള്ള ശബ്ദം:** സ്വദേശിയുടെ കാര്യം ഒരിക്കലും മറക്കരുത്. സമ്മാനങ്ങൾ ഇന്ത്യൻ നിർമിതമാകണം. വസ്ത്രങ്ങൾ ഇന്ത്യയിൽ നെയ്തതായിരിക്കണം. അലങ്കാരങ്ങൾ ഇന്ത്യൻ നിർമിത വസ്തുക്കളിൽ നിന്നാകണം തയ്യാറാക്കേണ്ടത്. ഇന്ത്യൻ നിർമിത അലങ്കാരവസ്തുക്കൾ ഉപയോഗിച്ചാകണം ദീപാലങ്കാരങ്ങൾ ഒരുക്കേണ്ടത്. ജീവിതത്തിന്റെ ഓരോ ആവശ്യത്തിനും എല്ലാ കാര്യങ്ങളും സ്വദേശിയായിരിക്കണം. "ഇത് സ്വദേശിയാണ്" എന്ന് അഭിമാനത്തോടെ പറയണം. ഈ വികാരത്തോടെ നാം മുന്നോട്ട് പോകണം. ഏകമന്ത്രം – 'പ്രാദേശികമായതിനുള്ള ആഹ്വാനം', ഏകമാർഗം – 'സ്വയംപര്യാപ്ത ഇന്ത്യ', ഏകലക്ഷ്യം– 'വികസിത ഇന്ത്യ'.

'മൻ കീ ബാത്ത്' കേൾക്കാൻ
ക്യൂആർ കോഡ് സ്കാൻ ചെയ്യൂ

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 6, ലക്കം 06 | സെപ്തംബർ 16-30, 2025

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൾട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

കൺസൾട്ടിങ് എഡിറ്റർ
**വിഭോർ ശർമ**

സീനിയർ അസി. കൺസൾട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൾട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

ചീഫ് ഡിസൈനർ
**ശ്യാം തിവാരി**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** പിൻതുടരുക

# ഉൾപ്പേജുകളിൽ..........

കവർ സ്റ്റോറി

ആയുഷ്മാൻ ഭാരതിന്റെ 7 വർഷങ്ങൾ

## സ്വസ്ഥ് ഭാരത്

**വികസിത ഇന്ത്യക്കായുള്ള കാഴ്ചപ്പാടിനു കരുത്തേകുന്നു**

2018 സെപ്റ്റംബർ 23 ന് ആരംഭിച്ച, ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരത്, 7 വർഷം പൂർത്തിയാക്കുകയാണ്. ഈ അവസരത്തിൽ, ആരോഗ്യമേഖലയിലെ കേന്ദ്ര ഗവണ്മെന്റിന്റെ സംരംഭം വികസിത ഇന്ത്യക്കു കരുത്തുറ്റ പ്രചോദനമായി മാറുന്നത് എങ്ങനെയെന്ന് നമുക്കു പരിശോധിക്കാം......| 10-27



പാർലമെന്റ്: 2025ലെ മൺസൂൺ സമ്മേളനം

**ദേശീയ അഭിമാനത്തിന്റെയും വിജയാഘോഷത്തിന്റെയും പ്രതീകമായി മൺസൂൺ സമ്മേളനം മാറി**



പാർലമെന്റിന്റെ ഇരുസഭകളിലും ആകെ 15 ബില്ലുകൾ പാസാക്കി...| 6-7

പ്രധാനമന്ത്രിയുടെ ഗയാജി സന്ദർശനം

**വികസനത്തിന്റെയും ബിഹാറിന്റെ മഹത്വത്തിന്റെയും സംഗമസ്ഥാനം**



ബിഹാറിന് 12,000 കോടിയിലധികം രൂപയുടെ സമ്മാനങ്ങൾ ലഭിച്ചു | 28-30


**വാർത്തകൾ ചുരുക്കത്തിൽ** | 4-5

വഴിയോരക്കച്ചവടക്കാരുടെ സ്വപ്നങ്ങൾക്കു ശക്തി പകരുന്ന, പിഎം സ്വനിധി 2030 വരെ
കേന്ദ്ര മന്ത്രിസഭായോഗത്തിൽ നിരവധി പ്രധാന നിർദേശങ്ങൾ പാസാക്കി | 8-9

സ്വയംപര്യാപ്ത ഇന്ത്യ യജ്ഞത്തിന്റെ വേഗത വർധിപ്പിക്കുന്ന ഗുജറാത്ത്
പ്രധാനമന്ത്രിയുടെ രണ്ടുദിവസത്തെ സന്ദർശനത്തിൽ സമ്മാനിച്ചത് 5400 കോടി രൂപയുടെ പദ്ധതികൾ | 31-33

കൊൽക്കത്തയുടെ വികസനത്തിന് മെട്രോയുടെ പുത്തൻവേഗം
പ്രധാനമന്ത്രി മോദി 5200 കോടി രൂപയുടെ വികസന സമ്മാനം നൽകി | 34-35

വികസിത രാഷ്ട്രത്തിന്റെ അടിത്തറയാണ് സ്വയംപര്യാപ്ത ഇന്ത്യ
ഇ.റ്റി. ലോകനേതൃവേദിയെ പ്രധാനമന്ത്രി മോദി അഭിസംബോധന ചെയ്തു | 36-37

ഇന്ത്യയിൽ ക്രൂയിസ് വിനോദസഞ്ചാരത്തിന്റെ പുതിയ പുലരി
ജലപാതകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന 'ക്രൂയിസ് ഭാരത് ദൗത്യ'ത്തിന്റെ വിജയകരമായ ഒരു വർഷം | 38-39

ദാരിദ്ര്യത്തിനെതിരായ പോരാട്ടം പിന്നാക്കം നിൽക്കുന്നവരെ ശാക്തീകരിക്കലിലൂടെ
പ്രത്യേക റിപ്പോർട്ട്: പ്രധാനമന്ത്രി ജൻ ധൻ യോജനയുടെ 11-ാം വാർഷികം | 40-41

ആണവോർജ്ജ ശക്തിയായി ഉയരുന്ന ഇന്ത്യ
ആണവോർജമേഖലയുടെ ചിത്രം മാറ്റിയ കഴിഞ്ഞ 11 വർഷത്തെ പ്രധാന ഘട്ടങ്ങൾ | 42-45

ഭോല പാസ്വാൻ ശാസ്ത്രി: ബിഹാർ രാഷ്ട്രീയത്തിന്റെ മാതൃക
സംസ്ഥാനത്തിന്റെ ആദ്യ ദളിത് മുഖ്യമന്ത്രിയെ ജന്മവാർഷികത്തിൽ അനുസ്മരിക്കുന്നു | 48




**സഭയാണ് ജനാധിപത്യത്തിന്റെ എൻജിൻ**

വിട്ഠൽഭായ് പട്ടേൽ സെൻട്രൽ അസംബ്ലിയുടെ ആദ്യ ഇന്ത്യൻ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടിട്ട് 100 വർഷം | 46-47


**Published & Printed By:** Kanchan Prasad, Director General, on behalf of Central Bureau Of Communication.
**Printed At:** Kaveri Print Process Pvt. Ltd. A-104, Sec-65, Noida-201301 U.P.
**Communication Address:** Room No–1077, Soochna Bhawan, CGO Complex, New Delhi-110003.
**e-mail:** response-nis@pib.gov.in, **RNI No.:** DELMAL/2020/78826

# പത്രാധിപക്കുറിപ്പ്...

# എല്ലാ ഇന്ത്യക്കാർക്കും ചികിത്സാ സൗകര്യം

നമസ്കാരം,

സംസ്കൃത മഹാകവി കാളിദാസൻ രചിച്ച 'കുമാര സംഭവ'ത്തിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: "शरीरमाद्यं खलु धर्मसाधनम् ।" അതിനർഥം, എല്ലാ കർത്തവ്യങ്ങളും കടമകളും നിറവേറ്റുന്നതിനുള്ള ആദ്യ മാർഗം ശരീരമാണ് എന്നാണ്. പൗരന്മാർ ആരോഗ്യമുള്ളവരാകുമ്പോൾ മാത്രമേ രാഷ്ട്രവും കരുത്തുറ്റതും കഴിവുറ്റതുമാകൂ. ഇന്ന് ഇന്ത്യയുടെ ആരോഗ്യവിപ്ലവത്തിന്റെ അടിസ്ഥാനമായി ഈ ചിന്ത മാറിയിരിക്കുന്നു. ഇന്ത്യയിൽ സാർവത്രിക ആരോഗ്യ സംരക്ഷണം എന്ന സ്വപ്നം യാഥാർത്ഥ്യമാകുകയാണ്. ഈ കാഴ്ചപ്പാടിലേക്ക് എത്തിച്ചേരുന്നതിൽ ആയുഷ്മാൻ ഭാരത് പദ്ധതി പ്രധാന പങ്ക് വഹിക്കുന്നു. ഇന്ന്, അങ്ങേയറ്റം ദരിദ്രർ സൗജന്യ ചികിത്സാസൗകര്യം പ്രയോജനപ്പെടുത്തുന്നു. മുമ്പ്, ചികിത്സാച്ചെലവിനാൽ, കോടിക്കണക്കിന് കുടുംബങ്ങൾ എല്ലാ വർഷവും ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു. ഭൂമിയും സ്വത്തും വിൽക്കേണ്ടി വന്നു. എന്നാൽ ഇപ്പോൾ ആയുഷ്മാൻ ഭാരത് പോലുള്ള പദ്ധതി ദരിദ്ര-ഇടത്തരം കുടുംബങ്ങൾക്ക് ശക്തിയേകുക മാത്രമല്ല, അവരിൽ ആത്മവിശ്വാസം നിറയ്ക്കുകയും ചെയ്തു.

അതുപോലെ, ആരോഗ്യ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം, ജില്ലാതലം വരെയുള്ള തൃതീയതല ആരോഗ്യസംരക്ഷണ സൗകര്യങ്ങളുടെ ലഭ്യത, മെഡിക്കൽ കോളേജുകളുടെയും സീറ്റുകളുടെയും വിപുലീകരണം, വാക്സിനേഷൻ, ഏറ്റവും പ്രധാനമായി, രോഗപ്രതിരോധ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ എന്നിവ ആരോഗ്യ മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുക മാത്രമല്ല, വികസിത ഇന്ത്യയിലെ എല്ലാവർക്കും ആരോഗ്യ സംരക്ഷണം നൽകുന്നതിനുള്ള അടിത്തറ ഒരുക്കുകയും ചെയ്യുന്നു. ഈ സെപ്റ്റംബർ 23ന് ആയുഷ്മാൻ ഭാരത് യോജന 7 വർഷം പൂർത്തിയാക്കുകയാണ്. ഈ സാഹചര്യത്തിൽ, ഇന്ത്യയുടെ ആരോഗ്യ വിപ്ലവമാണ് ഈ ലക്കത്തിന്റെ കവർ സ്റ്റോറി.

വ്യക്തിത്വ വിഭാഗത്തിൽ, ബിഹാറിലെ ആദ്യത്തെ ദളിത് മുഖ്യമന്ത്രി ഭോല പാസ്വാൻ ശാസ്ത്രിയെക്കുറിച്ച് വായിക്കാം. മുൻനിര പദ്ധതികളിൽ ക്രൂയിസ് ഭാരത് ദൗത്യത്തിന്റെ ഒരു വർഷം, കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ, പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിലെ പ്രവർത്തനങ്ങളുടെ വിവരണം, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ച നീണ്ടുനിന്ന പരിപാടികൾ എന്നിവയാണു മറ്റ് പ്രധാന സവിശേഷതകൾ.

ഇതോടൊപ്പം, വിട്ഠൽഭായ് പട്ടേൽ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ സ്പീക്കറായി മാറിയതിന്റെ 100 വർഷം പൂർത്തിയാക്കുന്നതിനെക്കുറിച്ച് ഡൽഹി നിയമസഭയിൽ സംഘടിപ്പിച്ച പരിപാടിയുടെ പ്രത്യേക ഉള്ളടക്കം ഉൾപ്പെടുത്തിയിട്ടുണ്ട്. ആണവോർജ മേഖലയിൽ ഇന്ത്യ പ്രധാന ശക്തിയാകുക എന്ന ലക്ഷ്യത്തെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ട്, മാസികയുടെ ഉൾക്കവറിൽ 'മൻ കീ ബാത്', ബാത്ത്, പിൻകവറിൽ ഭക്ഷ്യ എണ്ണയുടെ വില 10% കുറയ്ക്കണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ ആഹ്വാനം എന്നിവയും കാണാം.

***നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുക.***



**(ധീരേന്ദ്ര ഓഝ)**

**ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.**

https://newindiasamachar.pib.gov.in/

# എഴുത്തുപെട്ടി






**ഗവണ്മെന്റ് പദ്ധതികളെ അറിയാനും മനസ്സിലാക്കാനും അനുയോജ്യമായ മാഗസിൻ**

ഗവണ്മെന്റ് പദ്ധതികളെ അറിയാനും മനസ്സിലാക്കാനും വേണ്ട ശരിയായ വിവരങ്ങളാണു ന്യൂ ഇന്ത്യ സമാചാർ മാഗസിൻ നൽകുന്നത്. മാഗസിനിലെ കണക്കുകളും വസ്തുതകളും കൃത്യമായ വിവരങ്ങൾ നൽകുന്നു. വായനക്കാരിൽ നിന്ന് കൂടുതൽ ആശയങ്ങളും നിർദേശങ്ങളും മാഗസിനിൽ ഉൾപ്പെടുത്തണമെന്ന നിർദേശം എനിക്കുണ്ട്.
profgvramana@gmail.com

**യുവാക്കൾക്കു വിജ്ഞാനപ്രദമായ ഉള്ളടക്കം ലഭിക്കാൻ സഹായകരം**

ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ പതിവ് വായനക്കാരനാണ് ഞാൻ. സോഷ്യൽ മീഡിയയുടെ യുഗത്തിൽ, ന്യൂ ഇന്ത്യ സമാചാർ മാഗസിൻ യുവാക്കൾക്കു വിജ്ഞാനപ്രദമായ ഉള്ളടക്കം ലഭിക്കാൻ സഹായിക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നു. മാഗസിനിലൂടെ, രാജ്യത്തിന്റെ വികസനത്തിന്റെ പുതിയ യാത്രയ്ക്ക് സാക്ഷ്യം വഹിക്കാൻ നമുക്ക് കഴിയും. ഓരോ ലക്കവും ഞങ്ങളുടെ ബോധവൽക്കരണ പ്രചാരണപരിപാടികൾക്കു വളരെ ഉപയോഗപ്രദമാണ്.
yshrivastava2008@gmail.com

**വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദം; ഞാൻ തീർച്ചയായും മാഗസിൻ വായിക്കും**

എന്റെ ഗ്രാമപഞ്ചായത്തിൽ വരുന്ന ന്യൂ ഇന്ത്യ സമാചാർ മാഗസിനിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ ലേഖനങ്ങളും ഞാൻ തീർച്ചയായും വായിക്കും. ഈ മാഗസിൻ വിദ്യാർത്ഥികൾക്ക് വളരെ ഉപയോഗപ്രദമാണ്. ജമ്മു കശ്മീരിന്റെയും ലദ്ദാക്കിന്റെയും വികസനത്തിനായി നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഈ മാഗസിനിൽനിന്ന് എനിക്ക് വായിക്കാൻ കഴിഞ്ഞു. 370-ാം അനുച്ഛേദം റദ്ദാക്കിയശേഷം, ജമ്മു കശ്മീരിലും ലദ്ദാക്കിലും റോഡുകൾ, ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം എന്നീ മേഖലകളിൽ കൈവരിച്ച പുരോഗതിയെക്കുറിച്ച് എനിക്ക് അറിയാൻ കഴിഞ്ഞു.
prasadpagadala631@gmail.com

**ന്യൂ ഇന്ത്യ സമാചാർ മാഗസിനു നന്ദി**

അറിവിനും വ്യക്തിത്വ വികസനത്തിനുമായുള്ള വായന എന്റെ ജീവിതത്തിന്റെ പ്രധാന ഭാഗമാണ്. റോസ്ഗാർ സമാചാർ പോലുള്ള ഏതൊരു ഗവണ്മെന്റ് മാഗസിനും ഗവണ്മെന്റ് പത്രവും പതിവായി വായിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. ന്യൂ ഇന്ത്യ സമാചാർ മാഗസിൻ ഗവണ്മെന്റ് പദ്ധതികളെയും മറ്റ് നിരവധി വിഷയങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. ന്യൂ ഇന്ത്യ സമാചാർ മാഗസിനിൽ പ്രസിദ്ധീകരിച്ച വിവരങ്ങൾ സമഗ്രവും വിശദവുമാണ്. ന്യൂ ഇന്ത്യ സമാചാർ മാഗസിനോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു
maheshwarisocietyms@gmail.com

**വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വിജ്ഞാന പ്രേമികൾക്കും ഉപയോഗപ്രദം**

വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വിജ്ഞാന പ്രേമികൾക്കും സമഗ്രവും വിജ്ഞാനപ്രദവുമായ ഉള്ളടക്കം നൽകുന്നതിൽ ന്യൂ ഇന്ത്യ സമാചാർ മാഗസിൻ ശ്രദ്ധേയമായി പ്രവർത്തിക്കുന്നു. ഇത് രാജ്യത്തിന് വേണ്ടിയുള്ള മികച്ച പ്രവർത്തനമാണ്. വിദ്യാർത്ഥി എന്ന നിലയിൽ, ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിനെ ആരാധിക്കുന്നു.
rahulsuthar2580@gmail.com

**ആശയവിനിമയത്തിനുള്ള വിലാസം:** റൂം നമ്പർ 1077, സൂചിന ഭവൻ, സിജിഒ കോംപ്ലക്സ്, ന്യൂഡൽഹി-110003.
**e-Mail:** response-nis@pib.gov.in

*ക്യൂആർ കോഡ് സ്കാൻ ചെയ്ത് ന്യൂ ഇന്ത്യ സമാചാർ ആൾ ഇന്ത്യ റേഡിയോ എഫ്എം ഗോൾഡ്-ൽ ഓരോ ശനിയാഴ്ചയും ഞായറാഴ്ചയും 3:00 PM മുതൽ 3:15 PM വരെ കേൾക്കുക*



**പ്രധാൻമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയിൽ രജിസ്റ്റർ ചെയ്യൂ**

# 3.5 കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കും: പ്രോത്സാഹനവുമായി ഗവണ്മെന്റും

ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് നടത്തിയ പ്രഖ്യാപനമോ, പൊതുബജറ്റിലൂടെയുള്ള പ്രഖ്യാപനമോ ഏതുമാകട്ടെ, കേന്ദ്രഗവണ്മെന്റിന്റെ മാറിയ തൊഴിൽ സംസ്കാരം കാരണം അവയെയെല്ലാം യാഥാർത്ഥ്യമായി രാജ്യം കാണുകയാണിപ്പോൾ. ഈ ഓഗസ്റ്റ് 15ന്, യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രധാൻമന്ത്രി വിക്സിത് ഭാരത് റോസ്ഗാർ യോജനയുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു. മൂന്നാം ദിവസം, ഓഗസ്റ്റ് 18 ന്, ഇതിനായി പോർട്ടലും ആരംഭിച്ചു. ഈ പദ്ധതി പ്രകാരം 3.5 കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി ഗവണ്മെന്റ് പ്രോത്സാഹനങ്ങൾ നൽകും. എല്ലാ മേഖലകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക, തൊഴിൽ സാധ്യതയും സാമൂഹ്യസുരക്ഷയും വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇതിനായി, തൊഴിലന്വേഷകരെ മാത്രമല്ല, തൊഴിൽ നൽകുന്ന തൊഴിലുടമകളെയും ഗവണ്മെന്റ് സാമ്പത്തികമായി പ്രോത്സാഹിപ്പിക്കും. 2025 ഓഗസ്റ്റ് 1 നും 2027 ജൂലൈ 31 നും ഇടയിൽ സൃഷ്ടിക്കപ്പെട്ട ജോലികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം



ലഭിക്കുക. പദ്ധതിയുടെ പോർട്ടലിൽ (https://pmvbry.epfindia.gov.in അല്ലെങ്കിൽ https://pmvbry. labour.gov.in) രജിസ്ട്രേഷൻ നടത്താം. ഈ പദ്ധതിപ്രകാരം, പുതുതായി ജോലി ചെയ്യുന്ന യുവാക്കൾക്ക് രണ്ട് ഗഡുക്കളായി 15,000 രൂപ വരെ ആനുകൂല്യം നൽകും. അതേസമയം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി തൊഴിലുടമകൾക്ക് ഒരു പുതിയ ജീവനക്കാരന് പ്രതിമാസം 3,000 രൂപ വരെ ആനുകൂല്യം നൽകും.

## അധ്യാപകരുടെ എണ്ണം ഒരു കോടി കവിഞ്ഞു, കൊഴിഞ്ഞുപോകൽ നിരക്ക് കുറഞ്ഞു

അധ്യാപകരുടെ എണ്ണം വർദ്ധിപ്പിച്ചും വിദ്യാർത്ഥി-അധ്യാപക അനുപാതം യുക്തിസഹമാക്കിയും ഗുണനിലവാരമുള്ള വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കാനുള്ള സംരംഭത്തിന്റെ ഫലമായി 2024-25 അധ്യയന വർഷത്തിൽ ഇതാദ്യമായി അധ്യാപകരുടെ എണ്ണം ഒരു കോടി കവിഞ്ഞു. 2022-23 നെ അപേക്ഷിച്ച് ഇത് ഏകദേശം 7 ശതമാനം വർദ്ധനയാണ്. യുഡിഐഇഎസ് പ്ലസ് ആരംഭിച്ചതിനുശേഷം, ഒരു അധ്യയന വർഷത്തിൽ ആദ്യമായി ഈ കണക്ക് മറികടന്നതായി വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ഇക്കാരണത്താൽ, വിദ്യാർത്ഥി-അധ്യാപക അനുപാതം ഇപ്പോൾ അടിസ്ഥാന തലത്തിൽ 10 ഉം, തയ്യാറെടുപ്പ് തലത്തിൽ 13 ഉം, മധ്യതലത്തിൽ 17 ഉം, സെക്കൻഡറി തലത്തിൽ 21 ഉം ആയി മാറിയിരിക്കുന്നു, ഇത് പുതിയ ദേശീയ വിദ്യാഭ്യാസ നയം (എൻഇപി) ശുപാർശ ചെയ്യുന്ന 1:30 എന്ന അനുപാതത്തേക്കാൾ വളരെ മികച്ചതാണ്. അതേസമയം, 2022-23, 2023-24 എന്നീ രണ്ട് വർഷങ്ങളെ അപേക്ഷിച്ച് 2024-25 അധ്യയന വർഷത്തിൽ, എലിമെന്ററി, മിഡിൽ, സെക്കൻഡറി തലങ്ങളിൽ സ്കൂൾ കൊഴിഞ്ഞുപോക്ക് നിരക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എലിമെന്ററി ഘട്ടത്തിൽ, ഈ നിരക്ക് മുൻ വർഷത്തെ അപേക്ഷിച്ച് 3.7% ൽ നിന്ന് 2.3% ആയും, മധ്യ തലത്തിൽ 5.2% ൽ നിന്ന് 3.5% ആയും, സെക്കൻഡറി തലത്തിൽ 10.9% ൽ നിന്ന് 8.2% ആയും കുറഞ്ഞു.



# 7 വർഷത്തിനിടെ സ്ത്രീകളുടെ **തൊഴിൽ നിരക്ക് ഇരട്ടിയായി**

സ്ത്രീശാക്തീകരണത്താൽ മാത്രമല്ല, സ്ത്രീകൾ നയിക്കുന്ന വികസന സമീപനത്തിലൂടെയും, കഴിഞ്ഞ 11 വർഷത്തിനിടെ സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും രാജ്യം വിപ്ലവകരമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. വിക്സിത് ഭാരത് സങ്കൽപ്പ് യാത്രയിൽ, 2047 ആകുമ്പോഴേക്കും രാജ്യത്തെ തൊഴിൽശക്തിയിൽ 70 ശതമാനം സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യവും പ്രധാനമന്ത്രി നരേന്ദ്ര മോദി നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ, തുടർച്ചയായ ശ്രമങ്ങളാൽ സ്ത്രീകളുടെ തൊഴിൽനിരക്ക് ഇരട്ടിയായി. തൊഴിൽ മന്ത്രാലയത്തിന്റെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം, 2017-18 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെ തൊഴിൽ നിരക്ക് 22% ആയിരുന്നു, ഇത് 2023-24 ൽ 40.3% ആയി വർദ്ധിച്ചു. വെറും 7 വർഷത്തിനുള്ളിൽ ഈ നിരക്ക് ഏകദേശം ഇരട്ടിയായി. സ്ത്രീകളുടെ തൊഴിൽനിരക്ക് ഗ്രാമപ്രദേശങ്ങളിൽ 96% ഉം നഗരപ്രദേശങ്ങളിൽ 43% ഉം ആയി വർദ്ധിച്ചു. 2013-ൽ 42% ആയിരുന്ന വനിതാ ബിരുദധാരികളുടെ തൊഴിൽ ശേഷി 2024-ൽ 47.53% ആയി വർദ്ധിച്ചു. ബിരുദാനന്തര വിദ്യാഭ്യാസമോ അതിൽ കൂടുതലോ ഉള്ള സ്ത്രീകൾക്കിടയിലെ തൊഴിൽ നിരക്ക് 2017-18-ൽ 34.5% ആയിരുന്നത് 2023-24-ൽ 40% ആയി വർദ്ധിച്ചു. ഇതുകൂടാതെ, 15 മന്ത്രാലയങ്ങളുടെ 70 കേന്ദ്ര പദ്ധതികളിലൂടെയും ദേശീയ തലത്തിൽ 400-ലധികം സംസ്ഥാന തല പദ്ധതികളിലൂടെയും വനിതാ സംരംഭകത്വവും വളരെ മികച്ച ഫലങ്ങൾ കാണിച്ചു. 2017-18-ൽ സ്ത്രീ സ്വയംതൊഴിൽ നിരക്ക് 51.9% ആയിരുന്നെങ്കിൽ, 2023-24-ൽ ഇത് 67.4% ആയി വർദ്ധിച്ചു.



**സ്ത്രീകളുടെ തൊഴിലവസരം വർദ്ധിച്ചു**

**ഗ്രാമം**
**96%**

**നഗര പ്രദേശങ്ങൾ**
**43%**

2013-ൽ 42% ആയിരുന്ന വനിതാ ബിരുദധാരികളുടെ തൊഴിൽ സാധ്യത 2024-ൽ 47.53% ആയി വർദ്ധിച്ചു.

## ഇപ്പോൾ, വിദ്യാർത്ഥികളുടെ ആധാർ സ്കൂളിൽ അപ്ഡേറ്റ് ചെയ്യാം



ഇപ്പോൾ, മത്സര പരീക്ഷകൾക്കും ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനത്തിനും വിദ്യാർത്ഥികൾക്കു സൗകര്യം ഒരുക്കുന്നതിനായി, ആധാർ കാർഡുകൾ നൽകുന്ന സംഘടനയായ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യുഐഡിഎഐ) പ്രധാന നടപടി സ്വീകരിച്ചു. രാജ്യത്ത് 5-15 വയസ്സ് പ്രായമുള്ള 17 കോടി കുട്ടികളുടെ ആധാർ ബയോമെട്രിക് അപ്ഡേറ്റ് ബാക്കിയുണ്ട്. അത്തരമൊരു സാഹചര്യത്തിൽ, സ്കൂൾ സാക്ഷരതാ വകുപ്പുമായി സഹകരിച്ച് യുഐഡിഎഐ ഒരു നടപടി സ്വീകരിച്ചു. കുട്ടികൾക്കുള്ള ആധാർ അപ്ഡേറ്റുകളുടെ തടസ്സം നീക്കുന്നതിന്, നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റുകളുടെ സ്ഥിതി യൂണിഫൈഡ് ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ് (യുഡിഐഎസ്ഇ+) ആപ്ലിക്കേഷനിൽ ലഭ്യമാക്കും. കോടിക്കണക്കിന് വിദ്യാർത്ഥികൾക്ക് നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് സൗകര്യം ഇത് നൽകും. ഈ അപ്ഡേറ്റിനായി സ്കൂളുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കും. ആധാർ കാർഡിലെ ബയോമെട്രിക് അപ്ഡേറ്റ് വഴി, വിവിധ ഗവൺമെന്റ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും നീറ്റ്, ജെഇഇ, സിയുഇടി പോലുള്ള മത്സര, സർവകലാശാലാ പരീക്ഷകളിൽ രജിസ്ട്രേഷൻ നടത്തുന്നതിനും ആധികാരികത ഉറപ്പാക്കുന്നതിന് വിദ്യാർത്ഥികൾക്ക് ഇനി ബുദ്ധിമുട്ടു നേരിടേണ്ടി വരില്ല.

## ആദി കർമയോഗി അഭിയാൻ പ്രകാരം ആദിവാസി മേഖലയുടെ പുനരുജ്ജീവനം

രാജ്യത്തിന്റെ നാഗരിക പാരമ്പര്യത്തിന്റെ നിശബ്ദ സംരക്ഷകരായി ഇന്ത്യയിലെ ഗോത്രസമൂഹങ്ങൾ വളരെക്കാലമായി സേവനമനുഷ്ഠിച്ചുവരുന്നു. അവർ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നു. കഴിഞ്ഞ 11 വർഷമായി നയപരമായ ശ്രദ്ധ ചെലുത്തിയിട്ടും, പല ഗോത്ര മേഖലകൾക്കും ഇപ്പോഴും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. 2047 ആകുമ്പോഴേക്കും വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ദൗത്യമെന്ന തരത്തിൽ ഗോത്ര സമൂഹങ്ങളുടെ ശാക്തീകരണത്തിലേക്ക് നീങ്ങുകയാണ്. ഈ ദിശയിലേക്ക് നീങ്ങുന്ന കേന്ദ്ര ഗോത്രകാര്യ മന്ത്രാലയം ആദി കർമ്മയോഗി അഭിയാനു തുടക്കംകുറിച്ച് ലോകത്തിലെ ഏറ്റവും വലിയ ഗോത്ര അടിസ്ഥാന നേതൃത്വ പരിപാടി എന്ന നിലയിൽ, പരിശീലനം ലഭിച്ച, പ്രചോദിതരായ, ദൗത്യബോധമുള്ള 20 ലക്ഷം തൊഴിലാളികളുടെ സംഘം തയ്യാറാക്കുക എന്നതാണ് അതിന്റെ കാതൽ. 30 സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ ഒരു ലക്ഷത്തിലധികം ഗോത്രസമൂഹ ആധിപത്യമുള്ള ഗ്രാമങ്ങളിലെ 10.5 കോടിയിലധികം ഗോത്ര പൗരന്മാരിലേക്ക് ഇത് എത്തിച്ചേരുകയും അവരെ ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ യജ്ഞത്തിനു കീഴിൽ, സംസ്ഥാന, ജില്ലാ, ബ്ലോക്ക് തല മാസ്റ്റർ പരിശീലകരുടെ ആവാസവ്യവസ്ഥയും സംസ്ഥാനതല മാസ്റ്റർ പരിശീലകർക്കായി കൃത്യമായ മാനദണ്ഡങ്ങളുള്ള ലബോറട്ടറിയും സൃഷ്ടിക്കപ്പെടുന്നു. വിവിധ സമൂഹങ്ങളെ സംഘടിപ്പിക്കുന്നതിനു പുറമേ, ഈ പരിശീലകർ പിഎം ജൻമൻ, ധർത്തി ആബാ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ, ദേശീയ അരിവാൾകോശ രോഗനിർമാർജന ദൗത്യം തുടങ്ങിയ സംരംഭങ്ങൾ നടപ്പിലാക്കുകയും ഈ മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും. ●

ഓപ്പറേഷൻ സിന്ദൂറും ബഹിരാകാശരംഗത്തെ നേട്ടങ്ങളും ചർച്ചയായി

# ദേശീയ അഭിമാനവും വിജയാഘോഷവും അടയാളപ്പെടുത്തിയ വർഷകാലസമ്മേളനം

***ഓപ്പറേഷൻ സിന്ദൂർ വിജയവും അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ ആദ്യമായി ത്രിവർണപതാക ഉയർത്തിയ ശുഭാംശു ശുക്ലയുടെ യാത്രയും ഉയർത്തിപ്പിടിച്ച പാർലമെന്റിന്റെ വർഷകാലസമ്മേളനം രാഷ്ട്രത്തിന് വിജയോത്സവമായി മാറി. ഈ രണ്ട് നേട്ടങ്ങളുടെയും വിജയത്തിന് അടിവരയിട്ട പാർലമെന്റിന്റെ വർഷകാല സമ്മേളനം, ജൂലൈ 21-ന് ആരംഭിച്ച് ഓഗസ്റ്റ് 21-ന് അവസാനിച്ചു. സമ്മേളനത്തിൽ, 14 ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ചു. 12 ബില്ലുകൾ ലോക്സഭ പാസാക്കി. 15 ബില്ലുകൾ രാജ്യസഭ പാസാക്കി. ആകെ 15 ബില്ലുകൾ പാർലമെന്റിന്റെ ഇരുസഭകളും പാസാക്കി.***



ജനാധിപത്യത്തിന്റെ പരമോന്നത ക്ഷേത്രമാണ് പാർലമെന്റ്. എല്ലാ വർഷവും മൂന്ന് സമ്മേളനങ്ങൾ (ബജറ്റ്, വർഷകാല, ശീതകാല) പാർലമെന്റിൽ നടക്കും. എന്നാൽ ഇത്തവണ, ഒരു മാസം നീണ്ടുനിന്ന പാർലമെന്റിന്റെ വർഷകാല സമ്മേളനം രാജ്യത്തിന്റെ അഭിമാനം, ഇന്ത്യയുടെ സൈനിക ശക്തി, ഇന്ത്യയുടെ പുതിയ പ്രതിരോധ നയം, ഇന്ത്യയുടെ സ്വയംപര്യാപ്തത എന്നിവയാൽ അടയാളപ്പെടുത്തിയ സവിശേഷ സമ്മേളനമായിരുന്നു. പാകിസ്ഥാൻ പിന്തുണയേകിയ ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ധൈര്യത്തിന്റെയും, വീര്യത്തിന്റെയും, ശക്തിയുടെയും പ്രതീകമായി മാറിയ ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തെക്കുറിച്ചും, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഇന്ത്യൻ ത്രിവർണ പതാക ഉയർത്തിയ ശുഭാംശു ശുക്ലയുടെ സുരക്ഷിതമായ തിരിച്ചുവരവിനെക്കുറിച്ചും പാർലമെന്റിന്റെ ഇരുസഭകളിലും നടന്ന പ്രത്യേക ചർച്ച, രാഷ്ട്രത്തിന് മുന്നിൽ ഭാവിയിലെ സുവർണ ഇന്ത്യയുടെ ചിത്രം പ്രകടമാക്കി.

നവ ഇന്ത്യയുടെ വിജയോത്സവം പാർലമെന്റിന്റെ ഇരുസഭകളിലും ആഘോഷിച്ചു, ഇന്ത്യയുടെ സൈനിക ശക്തിയും കഴിവും ലോകം കണ്ടു. ഓപ്പറേഷൻ സിന്ദൂറിന് കീഴിൽ, ഇന്ത്യൻ സൈന്യം ലക്ഷ്യത്തിന്റെ 100 ശതമാനവും കൈവരിക്കുകയും ഭീകരരുടെ സൂത്രധാരന്മാരുടെ ആസ്ഥാനം വെറും 22 മിനിറ്റിനുള്ളിൽ നിലംപരിശാക്കുകയും ചെയ്തു. ഈ ഓപ്പറേഷനിൽ, പ്രതിരോധത്തിൽ ഇന്ത്യയുടെ സ്വയംപര്യാപ്തതയും ഇന്ത്യയുടെ സവിശേഷതകൾ നിറഞ്ഞ പുതിയ രൂപത്തിലുള്ള സൈനിക ശക്തിയും ലോകം കണ്ടു. ലോക്സഭയിൽ നടന്ന ഈ പ്രത്യേക ചർച്ചയ്ക്ക് മറുപടിയായി പ്രധാനമന്ത്രി മോദി പറഞ്ഞത്, 'ഇന്ത്യയുടെ ഭാഗം അവതരിപ്പിക്കാൻ ഞാൻ നിലകൊള്ളുന്നു' എന്നാണ്. ദൃഢനിശ്ചയം പ്രകടമാക്കുന്ന അദ്ദേഹത്തിന്റെ വാക്കുകൾ 140 കോടി പൗരന്മാരുടെയും കാഴ്ചപ്പാടിന്റെ പ്രതീകമായി മാറി.

# തടസ്സമുണ്ടായിട്ടും, നേട്ടങ്ങൾക്കൊപ്പം നയങ്ങളുടെയും അലയൊലികൾ സഭയിൽ മുഴങ്ങി

## 18-ാം ലോക്സഭയുടെ അഞ്ചാം സമ്മേളനം

**'ഓപ്പറേഷൻ സിന്ദൂർ', ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയുടെ നേട്ടങ്ങൾ എന്നിവയെക്കുറിച്ച് സഭയിൽ ഒരു പ്രത്യേക ചർച്ച നടന്നു.**

- രാജ്യസഭയിൽ ആകെ 15 ബില്ലുകൾ പാസാക്കി. പാർലമെന്റിന്റെ ഇരുസഭകളും ആകെ 15 ബില്ലുകൾ പാസാക്കി.
- 14 ഗവൺമെന്റ് ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ചു; 12 ബില്ലുകൾ പാസാക്കി.
- അനുവദിച്ച സമയം 120 മണിക്കൂറായിരുന്നിട്ടും, 37 മണിക്കൂർ മാത്രമേ നടത്താൻ കഴിഞ്ഞുള്ളൂ.
- തടസ്സം കാരണം, ലോക്സഭയുടെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന 419 ചോദ്യങ്ങളിൽ നക്ഷത്രചിഹ്നമിട്ട 55 ചോദ്യങ്ങൾക്ക് മാത്രമേ നേരിട്ട് ഉത്തരം നൽകാൻ കഴിഞ്ഞുള്ളൂ.

### പ്രധാനമന്ത്രി മോദി ലോക്സഭയിൽ പറഞ്ഞത്...

സംവാദം നടത്തൂ... വളരെയധികം ചർച്ച നടത്തൂ...

അതിലൂടെ ശത്രു ഭയന്നു വിറയ്ക്കട്ടെ.

ഒരു ചിന്ത മാത്രം മനസിൽ വയ്ക്കുക.

സിന്ദൂരത്തിന്റെ അന്തസും നമ്മുടെ സൈന്യത്തിന്റെ വീര്യവും ചോദ്യങ്ങളിൽ പോലും അചഞ്ചലമായിരിക്കണം.

ഭാരതമാതാവിനെ ആക്രമിച്ചാൽ, ശക്തമായ തിരിച്ചടി നേരിടേണ്ടി വരും. ശത്രു എവിടെ മറഞ്ഞിരുന്നാലും നാം ജീവിക്കേണ്ടത് ഇന്ത്യക്കായി മാത്രമാകണം.

### ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞത്...

ഇന്ന്, നാം സഭയിൽ ചർച്ച ചെയ്യുന്നത്: അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശയാത്രികൻ – '2047 ഓടെ വികസിത് ഇന്ത്യ എന്നതിനായുള്ള ബഹിരാകാശ പദ്ധതിയുടെ പ്രധാന പങ്ക് എന്ന വിഷയത്തിലാണ്. ഈ ചരിത്രവേളയിൽ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയെ സഭ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ ബഹിരാകാശ യാത്രയും വിജയകരമായ തിരിച്ചുവരവും ഒരു ദൗത്യത്തിന്റെ വിജയം മാത്രമല്ല, 140 കോടി ഇന്ത്യക്കാർക്ക് അഭിമാനത്തിന്റെയും പ്രചോദനത്തിന്റെയും ഉറവിടംകൂടിയാണ്. ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുടെ ഈ നേട്ടം നമ്മുടെ യുവാക്കൾക്ക് വലിയ പ്രചോദനമാണ്. ഇന്ന്, ഇന്ത്യയുടെ ബഹിരാകാശ പദ്ധതി ശാസ്ത്രീയ മികവ്, അതുല്യത, വിശ്വാസ്യത എന്നിവയാൽ ലോകമെമ്പാടും അതിന്റെ പ്രത്യേക സ്വത്വം സ്ഥാപിച്ചു.

ഇതുകൂടാതെ, ഇന്ത്യയുടെ പുതിയ ബഹിരാകാശ സ്വപ്നങ്ങളുടെ പ്രതീകമായി മാറിയ ശുഭാംശു ശുക്ലയുടെ തിരിച്ചുവരവ് പാർലമെന്റിന്റെ വർഷകാലസമ്മേളനത്തിലും പ്രധാന ചർച്ചാവിഷയമായി. ഈ വിജയകരമായ ദൗത്യത്തെ ശാസ്ത്ര–സാങ്കേതികവിദ്യയോടും നവീകരണത്തോടും ഉള്ള പുതിയ ഉത്സാഹമായി രാജ്യം ആഘോഷിച്ചു.

എന്നിരുന്നാലും, വർഷകാലസമ്മേളനത്തിൽ, ചില വിഷയങ്ങളിൽ ഭരണ–പ്രതിപക്ഷ പാർട്ടികൾക്കിടയിൽ സംഘർഷാവസ്ഥ ഉണ്ടായിരുന്നു; അതിന്റെ ഫലമായി, ആകെയുള്ള 120 മണിക്കൂറിൽ, ലോക്സഭയിൽ 37 മണിക്കൂർ മാത്രമേ ചർച്ച നടത്താൻ കഴിഞ്ഞുള്ളൂ. രാജ്യസഭയിൽ നടന്നത് 41 മണിക്കൂർ 15 മിനിറ്റ് ചർച്ച മാത്രമാണ്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശയാത്രികനുമായി ബന്ധപ്പെട്ട്, '2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിൽ ബഹിരാകാശ പദ്ധതിയുടെ നിർണായക പങ്ക് എന്ന വിഷയത്തിൽ ഓഗസ്റ്റ് 18 ന് ലോക്സഭയിൽ പ്രത്യേക ചർച്ച ആരംഭിച്ചു. എന്നാൽ സഭയിലെ തുടർച്ചയായ തടസ്സങ്ങൾ കാരണം ചർച്ച പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ലോക്സഭാ സ്പീക്കർ ഓം ബിർളയും സഭയിൽ സ്തംഭനാവസ്ഥ തുടരുന്നതിനെക്കുറിച്ച് സമ്മേളനത്തിന്റെ അവസാന ദിവസം സമാപന പ്രസംഗത്തിൽ ദുഃഖം പ്രകടിപ്പിച്ചു. ജനാധിപത്യത്തിൽ പൊതുജനങ്ങൾ അവരുടെ പ്രതിനിധികളിൽ നിന്ന് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ പരാമർശിച്ച്, പൗരന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, പ്രശ്നങ്ങൾ, പൊതുതാൽപ്പര്യമുള്ള പ്രധാനപ്പെട്ട ബില്ലുകൾ എന്നിവയെക്കുറിച്ചുള്ള ഗൗരവമേറിയതും അർത്ഥവത്തായതുമായ ചർച്ചകൾക്കായി അംഗങ്ങൾ സഭയിൽ സമയം ചെലവഴിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

നിസ്സംശയമായും, വർഷകാലസമ്മേളനം വിജയാഘോഷത്തിന്റെ പ്രതീകമായി മാറി. പ്രത്യേകിച്ച് ഓപ്പറേഷൻ സിന്ദൂറിന്റെയും ബഹിരാകാശത്ത് ഇന്ത്യയുടെ വലിയ നേട്ടത്തിന്റെയും കാര്യത്തിൽ. ഈ കാലയളവിൽ, രാജ്യത്തിന്റെ വികസന യാത്രയ്ക്ക് ഉത്തേജനം നൽകുന്നതും പൗരന്മാരെ ശാക്തീകരിക്കുന്നതുമായ നിരവധി ബില്ലുകൾ അവതരിപ്പിക്കപ്പെട്ടു. ചിലത് പാസാക്കി. ചിലത് പാർലമെന്റ് സമിതികൾക്ക് അയച്ചു. എന്നിരുന്നാലും, മറ്റു ചില വിഷയങ്ങളിൽ തടസ്സങ്ങൾ ഉണ്ടായി. അതിനാൽ, ലോക്സഭാ സ്പീക്കർ ചെയറിൽ നിന്ന് ഒരു സന്ദേശം നൽകി: യോജിപ്പും വിയോജിപ്പും ജനാധിപത്യത്തിന്റെ സ്വാഭാവിക പ്രക്രിയയാണ്. എന്നാൽ കൂട്ടായ പരിശ്രമത്തിലൂടെ സഭ അന്തസ്സോടെയും, മാന്യതയോടെയും, ഗൗരവത്തോടെയും മുന്നോട്ടുപോകുമെന്ന് രാഷ്ട്രം പ്രതീക്ഷിക്കുന്നു. പരമോന്നത ജനാധിപത്യ സ്ഥാപനം അതിന്റെ പൗരന്മാർക്ക് എന്ത് സന്ദേശമാണ് നൽകുന്നതെന്ന് രാഷ്ട്രീയ കക്ഷികളും എംപിമാരും ആത്മപരിശോധന നടത്തണം.



### കേന്ദ്ര മന്ത്രിസഭായോഗ തീരുമാനങ്ങൾ

# വഴിയോര കച്ചവടക്കാരുടെ സ്വപ്നങ്ങൾക്കു കരുത്തേകുന്നു

## പിഎം സ്വനിധി പദ്ധതി 2030 വരെ

***കോവിഡ്-19 മഹാമാരി ഉയർത്തിയ ആഗോള വെല്ലുവിളികൾക്കിടയിൽ, പ്രധാനമന്ത്രി സ്വനിധി പദ്ധതി ഒരുകോടിയിലധികം വഴിയോര കച്ചവടക്കാരുടെ ഉപജീവനമാർഗമായി മാറുകയും സ്വയംതൊഴിൽ എന്ന ആശയത്തിന് പുതിയ ദിശാബോധം നൽകുകയും ചെയ്തു. ഫലപ്രദവും അനുകൂലവുമായ ഫലങ്ങൾ കണക്കിലെടുത്ത്, കേന്ദ്രഗവണ്മെന്റ് ഈ വിപ്ലവകരമായ പദ്ധതി പുനഃക്രമീകരിച്ച് 2030 മാർച്ച് വരെ നീട്ടി. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും ക്ഷേമത്തിനു പ്രതിജ്ഞാബദ്ധമായ കേന്ദ്രഗവണ്മെന്റിന്റെ ഈ സംരംഭം വഴിയോര കച്ചവടക്കാർക്കുള്ള സാമ്പത്തിക സഹായം മാത്രമല്ല; അവരുടെ മനോവീര്യവും ആത്മവിശ്വാസവും ഗണ്യമായി വർദ്ധിപ്പിച്ച ചുവടുവയ്പ്പുകൂടിയാണ്. ഇതോടൊപ്പം, കേന്ദ്ര മന്ത്രിസഭായോഗം മറ്റ് നിരവധി പ്രധാന നിർദേശങ്ങൾക്കും അംഗീകാരം നൽകി...***

**തീരുമാനം: വഴിയോര കച്ചവടക്കാർക്കുള്ള പ്രധാനമന്ത്രിയുടെ ആത്മനിർഭർ നിധി (പിഎം സ്വനിധി) പദ്ധതി പുനഃക്രമീകരിച്ച് 2030 മാർച്ച് 31 വരെ നീട്ടി.**

**ഗുണഫലം:** ഈ പദ്ധതിയുടെ ആകെ ചെലവ് 7332 കോടി രൂപയാണ്. പുനഃക്രമീകരിച്ച പദ്ധതി 50 ലക്ഷം പുതിയ ഗുണഭോക്താക്കൾ ഉൾപ്പെടെ 1.15 കോടി ഗുണഭോക്താക്കൾക്ക് പ്രയോജനം ചെയ്യുന്നതിനു ലക്ഷ്യമിടുന്നു. ഇത് വഴിയോര കച്ചവടക്കാരുടെ ജീവിതത്തിൽ വലിയ സഹായകമാകും.

- ഈ പദ്ധതി തെരുവോര കച്ചവടക്കാരെ ഡിജിറ്റലായി ശക്തിപ്പെടുത്തുകയും സാമൂഹ്യമായി സുരക്ഷിതരാക്കുകയും വാണിജ്യപരമായി സ്വയംപര്യാപ്തരാക്കുകയും ചെയ്യും.
- പുനഃക്രമീകരിച്ച പദ്ധതിയുടെ പ്രധാന സവിശേഷത, നിലവിലുള്ള ആദ്യ ഗഡു 10,000 രൂപയിൽ നിന്ന് 15,000 രൂപയായും രണ്ടാം ഗഡു 20,000 രൂപയിൽ നിന്ന് 25,000 രൂപയായും വർദ്ധിപ്പിക്കുക എന്നതാണ്. മൂന്നാം ഗഡു മുമ്പത്തെപ്പോലെ 50,000 രൂപയായിരിക്കും.
- 2025 ജൂലൈ 30 വരെ, 68 ലക്ഷത്തിലധികം തെരുവോര കച്ചവടക്കാർക്ക് 13,797 കോടി രൂപയുടെ വായ്പകൾ നൽകി. 13,797 കോടി രൂപയുടെ 96 ലക്ഷത്തിലധികം വായ്പകൾ നൽകി.
- ഡിജിറ്റൽ രൂപത്തിൽ സജീവമായ ഏകദേശം 47 ലക്ഷം ഗുണഭോക്താക്കൾ 6.09 ലക്ഷം കോടി രൂപയുടെ 557 കോടിയിലധികം ഡിജിറ്റൽ ഇടപാടുകൾ നടത്തി. ഇതിലൂടെ അവർക്ക് ആകെ 241 കോടി രൂപയുടെ ക്യാഷ്ബാക്ക് നേടാനായി.
- ‘സ്വനിധി സേ സമൃദ്ധി’ സംരംഭത്തിന് കീഴിൽ,



564 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള 46 ലക്ഷം ഗുണഭോക്താക്കളുടെ പ്രൊഫൈലുകൾ തയ്യാറാക്കിയിട്ടുണ്ട്.

**തീരുമാനം: കർണാടക, തെലങ്കാന, ബിഹാർ, അസം എന്നീ സംസ്ഥാനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന 3 പദ്ധതികളുടെ മൾട്ടി-ട്രാക്കിങ്ങും ഗുജറാത്തിലെ കച്ചിൽ വിദൂര പ്രദേശങ്ങളെ കൂട്ടിയിണക്കുന്നതിനുള്ള പുതിയ റെയിൽപ്പാതയും അംഗീകരിച്ചു.**

**ഗുണഫലം:** ഏകദേശം 12,328 കോടി രൂപയുടെ മൊത്തം ചെലവിൽ റെയിൽവേ മന്ത്രാലയത്തിന്റെ നാല് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ ആദ്യത്തേത്: ദേശാൽപർ-ഹാജിപിർ-ലൂണ, വായോർ-ലഖ്പത് പുതിയ പാത; രണ്ടാമത്തേത്: സെക്കന്തരാബാദ് (സനത്‌നഗർ)-വാഡി; മൂന്നാമത്തേത്: ഭാഗൽപുർ-ജമാൽപുർ മൂന്നാം പാത; നാലാമത്തേത്: ഫുർക്കാറ്റിങ് - ന്യൂ ടിൻസുകിയ ഇരട്ടിപ്പിക്കൽ

- യാത്രക്കാരുടെയും ചരക്കുകളുടെയും സുഗമവും വേഗത്തിലുള്ളതുമായ ഗതാഗതം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം. ഈ സംരംഭം സമ്പർക്കസൗകര്യമൊരുക്കുകയും യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുകയും ചെയ്യും.
- ഈ തീരുമാനം എണ്ണ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനൊപ്പം കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളൽ കുറയ്ക്കുകയും ചെയ്യും.
- ഈ പദ്ധതികളുടെ നിർമ്മാണസമയത്ത് ഏകദേശം 2.51 കോടി നേരിട്ടുള്ള വ്യക്തി-ദിന തൊഴിൽ സൃഷ്ടിക്കപ്പെടും.
- ഗുജറാത്ത്, കർണാടക, തെലങ്കാന, ബിഹാർ, അസം എന്നിവിടങ്ങളിലെ 13 ജില്ലകളെ ഉൾക്കൊള്ളുന്ന ഈ നാല് പദ്ധതികൾ നിലവിലുള്ള ഇന്ത്യൻ റെയിൽവേ ശൃംഖലയിലേക്ക് ഏകദേശം 565 കിലോമീറ്റർ കൂട്ടിച്ചേർക്കും

**തീരുമാനം: ഒഡിഷയിൽ ഹൈബ്രിഡ് ആനിറ്റി മോഡിൽ (എച്ച്എഎം) 8,307.74 കോടി രൂപ മൂലധനച്ചെലവിൽ 6-വരി പ്രവേശന നിയന്ത്രിത തലസ്ഥാന മേഖല റിങ് റോഡ് (ഭുവനേശ്വർ ബൈപാസ്, 110.875 കിലോമീറ്റർ) നിർമിക്കുന്നതിന് അംഗീകാരം.**

**ഗുണഫലം:** കട്ടക്ക്, ഭുവനേശ്വർ, ഖോർധ നഗരങ്ങളിൽ നിന്നുള്ള കനത്ത വാണിജ്യ ഗതാഗതം വഴിതിരിച്ചുവിടുന്നതിലൂടെ ഒഡിഷയ്ക്കും മറ്റ് കിഴക്കൻ സംസ്ഥാനങ്ങൾക്കും ഈ പദ്ധതി ഗണ്യമായ നേട്ടം നൽകും.

- ഇത് ചരക്കുനീക്ക കാര്യക്ഷമത വർദ്ധിപ്പിക്കുകയും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുകയും മേഖലയിലെ സാമൂഹ്യ-സാമ്പത്തിക വികസനം വർദ്ധിപ്പിക്കുകയും ചെയ്യും. പൂർത്തിയാകുമ്പോൾ, ബൈപാസ് പ്രാദേശിക സാമ്പത്തിക വികസനത്തിൽ പ്രധാന പങ്ക് വഹിക്കും.
- പ്രധാന മതപര-സാമ്പത്തിക കേന്ദ്രങ്ങൾ തമ്മിലുള്ള ബന്ധം ഇത് ശക്തിപ്പെടുത്തും. വ്യാപാരത്തിനും വ്യാവസായിക വികസനത്തിനും ഇത് പുതിയ വഴികൾ തുറക്കും.

**തീരുമാനം: രാജസ്ഥാനിലെ കോട്ട-ബൂന്ദിയിൽ 1,507 കോടി രൂപ ചെലവിൽ ഗ്രീൻഫീൽഡ് വിമാനത്താവളം വികസിപ്പിക്കുന്നതിന് അനുമതി.**

**ഗുണഫലം:** കോട്ട വ്യവസായ-വിദ്യാഭ്യാസ കേന്ദ്രമാണ്. ആധുനിക വിമാനത്താവളം വേണമെന്ന ആവശ്യം വളരെക്കാലമായി അവിടെ നിലനിൽക്കുന്നു.

- നിലവിലുള്ള വിമാനത്താവളം ചെറുതാണ്. അത് നവീകരിച്ചു, ഇപ്പോൾ പുതിയ ഗ്രീൻഫീൽഡ് വിമാനത്താവളം വികസിപ്പിക്കും.
- മേഖലയിലെ പ്രതീക്ഷിക്കുന്ന ഗതാഗത വളർച്ച പരിഹരിക്കാൻ ലക്ഷ്യമിടുന്ന പ്രധാന അടിസ്ഥാനസൗകര്യ പദ്ധതിയാണിത്, രണ്ട് വർഷത്തിനുള്ളിൽ ഇത് പൂർത്തിയാകും.
- ഈ പദ്ധതിയിൽ, 20,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ടെർമിനൽ കെട്ടിടം നിർമിക്കും. തിരക്കേറിയ സമയങ്ങളിൽ 1000 യാത്രക്കാരെ കൈകാര്യം ചെയ്യാൻ ഇതിന് കഴിയും. ഇതിന്റെ യാത്രക്കാരെ വഹിക്കാനുള്ള ശേഷി പ്രതിവർഷം രണ്ട് ദശലക്ഷം ആയിരിക്കും.

**തീരുമാനം: 2030 ലെ കോമൺവെൽത്ത് ഗെയിംസിനുള്ള ബിഡ് സമർപ്പിക്കുന്നതിന് അംഗീകാരം.**

**ഗുണഫലം:** കോമൺവെൽത്ത് ഗെയിംസ് പ്രാദേശിക വ്യവസായങ്ങൾക്കു ഗുണം ചെയ്യുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ദശലക്ഷക്കണക്കിന് യുവ ഇന്ത്യൻ കായികതാരങ്ങൾക്കു പ്രചോദനം നൽകുകയും ചെയ്യും.

- ലോകോത്തര കായിക അടിസ്ഥാനസൗകര്യങ്ങളുള്ള ആതിഥേയ നഗരമായി അഹമ്മദാബാദ് നിർദേശിക്കപ്പെട്ടിട്ടുണ്ട്.
- കോമൺവെൽത്ത് ഗെയിംസിൽ 72 രാജ്യങ്ങൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- വിനോദസഞ്ചാരം, നിക്ഷേപം, ആഗോള കായിക ആതിഥ്യം എന്നിവയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തും.

*മന്ത്രിസഭാതീരുമാനങ്ങൾ വിശദീകരിക്കുന്ന വാർത്താസമ്മേളനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.*

ആയുഷ്മാൻ ഭാരതിന്റെ 7 വർഷങ്ങൾ

# സ്വസ്ഥ് ഭാരത്

## വികസിത ഇന്ത്യക്കായുള്ള കാഴ്ചപ്പാടിനു കരുത്തേകുന്നു



2047ൽ വികസിത ഇന്ത്യയാകുക എന്ന ലക്ഷ്യത്തിൽ സ്വസ്ഥ് ഭാരത് പ്രധാന ഘടകമാണ്. ഇന്ത്യ ആരോഗ്യകരമാകണമെങ്കിൽ, വരുംതലമുറ ആരോഗ്യമുള്ളവരാകണമെങ്കിൽ, ആരോഗ്യ സേവനങ്ങൾ ഉയർന്ന നിലവാരത്തിൽ ലഭ്യമാക്കേണ്ടതും വളരെയേറെ പ്രധാനമാണ്. ഇന്ത്യയിലെ ജനങ്ങൾക്ക് ആധുനിക ആശുപത്രികളും ചികിത്സയ്ക്കുള്ള ആധുനിക സൗകര്യങ്ങളും ലഭ്യമാകുമ്പോൾ, അവർ ആരോഗ്യവാന്മാരാകും, അവരുടെ ഊർജം ശരിയായ ദിശയിൽ ഉപയോഗിക്കപ്പെടും. ഉൽപാദനക്ഷമതയും ഉയർന്നതായിരിക്കും. ഈ ചിന്തയോടെ, കഴിഞ്ഞ 11 വർഷമായി, ആരോഗ്യ മേഖലയിൽ അത്തരത്തിൽ നിരവധി ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കപ്പെട്ടു. പുതിയ ഇന്ത്യയുടെ ആരോഗ്യ പരിഷ്കാരങ്ങളുടെ അടിസ്ഥാനം ഉൾപ്പെടുത്തലാണ്. അങ്ങേയറ്റം ദരിദ്രരുടെ അഭിലാഷങ്ങൾ പോലും സാക്ഷാത്കരിക്കപ്പെടുന്നു. ആരോഗ്യ മേഖലയിലെ വിപ്ലവം ഇപ്പോൾ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനുള്ള ഏറ്റവും ഊർജസ്വലമായ യാത്രയുടെ നാഴികക്കല്ലായി മാറിയിരിക്കുന്നു. ആരോഗ്യമുള്ള ഇന്ത്യയിൽ നിന്ന്, ഐക്യമുള്ള ഇന്ത്യയിലേക്ക്, ഐക്യമുള്ള ഇന്ത്യയിൽ നിന്ന് കരുത്തുറ്റ ഇന്ത്യയിലേക്ക്, കരുത്തുറ്റ ഇന്ത്യയിൽ നിന്ന് സമ്പന്നമായ ഇന്ത്യയിലേക്ക്...

'നിങ്ങളുടെ ആരോഗ്യം, ഞങ്ങളുടെ ദൃഢനിശ്ചയം' എന്ന മുദ്രാവാക്യവുമായി, 2018 സെപ്റ്റംബർ 23 ന് ആരംഭിച്ച ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പദ്ധതിയായ ആയുഷ്മാൻ ഭാരത് 7 വർഷം പൂർത്തിയാക്കുന്നു. ഈ അവസരത്തിൽ, ആരോഗ്യ മേഖലയിലെ കേന്ദ്ര ഗവൺമെന്റിന്റെ ഈ സംരംഭം വികസിത ഇന്ത്യക്ക് കരുത്തുറ്റ പ്രചോദനമായി മാറുന്നത് എങ്ങനെയെന്ന് നമുക്ക് നോക്കാം...


national health authority
₹5 लाख का
मुफ़्त उपचार
नाम/NAME
ADITI YADAV
जन्म वर्ष/YOB: 2014
ABHA Number : 91-2505-0481-8775
लिंग/GENDER: FEMALE
राज्य: मध्य प्रदेश



### ആയുഷ്മാൻ ഭാരത്...

# ജനാരോഗ്യത്തിന്റെ സംരക്ഷണകവചം

*സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ആയുഷ്മാൻ ഭാരത്‌പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയിലൂടെ (എബി- പിഎംജെഎവൈ) ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ക്ഷേമ പദ്ധതി അവതരിപ്പിച്ചു. രാജ്യവ്യാപകമായി 60 കോടിയിലധികം പേർക്ക് 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സാ പരിരക്ഷ വാഗ്ദാനം ചെയ്യുന്നത് വെറുമൊരു പദ്ധതിയല്ല; അത് പുതിയ ഇന്ത്യയുടെ ആത്മവിശ്വാസമാണ്. ഇത് ശക്തമായ സന്ദേശം നൽകുന്നു: ഇനി ചികിത്സയുടെ ചെലവിൽ തകർന്നുപോകുന്നതിനുപകരം, അവർ കൂടുതൽ ശക്തരാകുകയും മുന്നോട്ട് പോകുകയും ചെയ്യും. 2018 സെപ്റ്റംബർ 23ന് ഝാർഖണ്ഡിലെ റാഞ്ചിയിൽനിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആരംഭിച്ച ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ദരിദ്രർക്കും പിന്നാക്കക്കാർക്കും ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണത്തിന്റെ ഉറപ്പായി മാറിയിരിക്കുന്നു...*

## ഡൽഹിയിൽ 5 ലക്ഷം രൂപയുടെ അധിക ടോപ്പ്-അപ്പ്




**35-ാമത്** ആയുഷ്മാൻ ഭാരത് നടപ്പാക്കുന്ന രാജ്യത്തെ സംസ്ഥാനമായ ഡൽഹി 2025 ഏപ്രിലിൽ പദ്ധതി അംഗീകരിച്ചു.

ഡൽഹിയിലെ ഗുണഭോക്താക്കൾ

**6.54** ലക്ഷം കുടുംബങ്ങൾ

**30** ലക്ഷം പേർ



മുതിർന്ന പൗരന്മാർ **06** ലക്ഷം

- കേന്ദ്രം നൽകുന്ന 5 ലക്ഷം രൂപയുടെ പരിരക്ഷയ്ക്കു പുറമേ 5 ലക്ഷം രൂപയുടെ അധിക ടോപ്പ്- അപ്പ് നൽകാൻ ഡൽഹി ഗവണ്മെന്റ് തീരുമാനിച്ചു.

## ആയുഷ്മാൻ ഭാരതിന്റെ പരിധിയിൽ ജമ്മു കശ്മീർ

ജനസംഖ്യയുടെ 100% പേർക്കും ആയുഷ്മാൻ ഭാരതിന്റെ ആനുകൂല്യം ലഭിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനം ജമ്മു കശ്മീർ ആണ്. 2020 ഡിസംബറിൽ പ്രധാനമന്ത്രി മോദിയാണ് ഇതാരംഭിച്ചത്. തുടക്കത്തിൽ, സംസ്ഥാനത്തെ 6 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നുള്ളൂ, എന്നാൽ ഇപ്പോൾ സംസ്ഥാനത്തെ 21 ലക്ഷം കുടുംബങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നു.

## ഒഡിഷയിൽ സ്ത്രീകളുള്ള കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയുടെ അധിക ഇൻഷുറൻസ്




**34-ാമത്** ആയുഷ്മാൻ ഭാരത് നടപ്പാക്കുന്നതിൽ രാജ്യത്തെ സംസ്ഥാനമായി ഒഡിഷ ഈ പദ്ധതി സ്വീകരിച്ചു.

- ഗോപബന്ധു ജൻ ആരോഗ്യ യോജനയുമായി ചേർന്ന് ഒഡിഷയിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.

- ഈ പദ്ധതിപ്രകാരം, ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ പരിരക്ഷയ്ക്കൊപ്പം, സ്ത്രീകൾ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയുടെ അധിക ഇൻഷുറൻസ് വ്യവസ്ഥയും ഏർപ്പെടുത്തിയിട്ടുണ്ട്.

***പത്തൊൻപതുകാരനായ പാർത്ഥ് സവാലിയയ്ക്ക് കുട്ടിക്കാലം മുതൽ സ്ഥിരമായി ചുമ ഉണ്ടായിരുന്നു. എൻജിനിയറാകാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെ അതു ദുർബലപ്പെടുത്തിയിരുന്നു. അഹമ്മദാബാദിലെ ഗവണ്മെന്റ് ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ, അദ്ദേഹത്തിന്റെ മൂക്കിലെ അസ്ഥി വളഞ്ഞതായി (സെപ്റ്റം) കണ്ടെത്തി. ഇതു ചികിത്സിക്കാൻ 15,000 രൂപ ചെലവാകും (സെപ്റ്റോപ്ലാസ്റ്റി). ഇത് അദ്ദേഹത്തിന്റെ കുടുംബത്തിന് താങ്ങാൻ കഴിയുന്നതായിരുന്നില്ല. അദ്ദേഹത്തിന്റെ പിതാവ് ആയുഷ്മാൻ ഭാരത് യോജനയുടെ സഹായം തേടി. മുഴുവൻ ചെലവും വഹിച്ച ഈ പദ്ധതി, കുടുംബത്തിന്റെ ഒരു മാസത്തെ വരുമാനം ലാഭിച്ചു. ഏതാനും ആഴ്ചകൾക്കുള്ളിൽ പാർത്ഥ് വീണ്ടും സ്കൂളിൽ പോകാൻ തുടങ്ങി.***



**ഇപ്പോൾ ചികിത്സയ്ക്കായി വലിയ ചെലവുവരുന്നില്ല; ആയുഷ്മാൻ ഭാരത് കുടുംബങ്ങൾക്ക് ആജീവനാന്ത സമാധാനവും ആരോഗ്യ സുരക്ഷയും നൽകി.**



## ആയുഷ്മാൻ ഭാരത്
## പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജനയുമായി ബന്ധപ്പെട്ട പ്രധാന വസ്തുതകൾ

आयुष्मान कार्ड/AYUSHMAN CARD

₹5 लाख का मुफ़्त उपचार

**41.91+** കോടി ആയുഷ്മാൻ കാർഡുകൾ നൽകി

പുരുഷന്മാർ **21.21+** കോടി

സ്ത്രീകൾ **20.65+** കോടി

2025 സെപ്റ്റംബർ 1 വരെ

**9.42+** കോടി പേർ പദ്ധതിപ്രകാരം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു.

**4.29+** കോടി

**4.16+** കോടി

**32,912** ആശുപത്രികൾ പട്ടികയിൽ

**17,666** ഗവണ്മെന്റ് | **15,246** സ്വകാര്യ ആശുപത്രികൾ

- സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന ജനസംഖ്യയുടെ 40% പേർക്ക് ആയുഷ്മാൻ ഭാരതിന് കീഴിലുള്ള ആശുപത്രികളിൽ പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള ആരോഗ്യ ഇൻഷുറൻസിന്റെ ആനുകൂല്യം നൽകുന്നു. ഇതിന്റെ അടിസ്ഥാനം 2011 ലെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് ആണ്.
- എസ്ഇസിസി ഇതര ഡേറ്റ സ്രോതസ്സുകൾ ഉപയോഗിച്ച് സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും സ്വന്തം ചെലവിൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ചു.
- 1.25 ലക്ഷം കോടി രൂപയിൽ കൂടുതൽ മൂല്യമുള്ള 9.42 കോടിയിലധികം രോഗികൾക്ക് ആശുപത്രികളിൽ പ്രവേശനം അനുവദിച്ചു.
- 27 മെഡിക്കൽ സ്പെഷ്യാലിറ്റികളിൽ നിന്നുള്ള 1960-ലധികം ചികിത്സകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നു

***"ആയുഷ്മാൻ ഭാരത് യോജനയിൽ നിന്ന് പ്രയോജനം നേടിയ ദശലക്ഷക്കണക്കിനുപേരിൽ ഒരാളാണ് ഞാൻ. എനിക്ക് വൃക്കയ്ക്കു തകരാറുണ്ടായിരുന്നു, ഈ പദ്ധതിപ്രകാരം ബിഹാറിലെ പട്നയിൽ ചികിത്സ ലഭിച്ചു. രാജ്യത്തെ ദരിദ്രരും ഇടത്തരക്കാരുമായ ജനങ്ങൾക്ക് ഈ പദ്ധതിയിൽ നിന്ന് ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഈ പദ്ധതി വളരെ ഫലപ്രദവും പ്രയോജനകരവുമാണ്."***- ആരോഗ്യ ആനുകൂല്യങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിലും ചെലവില്ലാതെ ചികിത്സ ലഭിക്കുന്നതിലും സംതൃപ്തി പ്രകടിപ്പിക്കുന്ന ഈ വാക്കുകൾ ബിഹാറിലെ ജ്ഞാനേന്ദ്ര കുമാർ ഗുപ്തയുടേതാണ്. ആയുഷ്മാൻ യോജനയുടെ സഹായത്തോടെ വൃക്കരോഗത്തിന് അദ്ദേഹം സൗജന്യമായി ചികിത്സ നേടി

### ആയുഷ്മാൻ കാർഡ് ലഭിക്കുന്നതും യോഗ്യത പരിശോധിക്കുന്നതും എളുപ്പമാണ്

താങ്കൾ ആയുഷ്മാൻ ഭാരത്, ഗുണഭോക്താവാണെങ്കിൽ ഒരു ആയുഷ്മാൻ കാർഡ് ലഭിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ അടുത്തുള്ള യുടിഐഐടിഎസ്എൽ കേന്ദ്രം സന്ദർശിച്ച് കാർഡ് ലഭ്യമാക്കാം. കൂടാതെ, നിങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താവാണോ അല്ലയോ എന്ന് പരിശോധിക്കണമെങ്കിൽ, യുടിഐഐടിഎസ്എൽ കേന്ദ്രത്തിൽ നിന്ന് അതിനെക്കുറിച്ചുള്ള വിവരങ്ങളും താങ്കൾക്ക് ലഭിക്കും.

**14555**

ഗുണഭോക്താവാണോ അല്ലയോ എന്ന് അറിയാൻ ഈ നമ്പറിൽ വിളിക്കൂ.

**1800110770**

മിസ്ഡ് കോൾ ചെയ്യൂ. 70 വയസ്സിനു മുകളിലുള്ളവർക്ക് ആയുഷ്മാൻ വയ വന്ദന കാർഡ് എങ്ങനെ നിർമ്മിക്കാം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കും.

Pradhan Mantri Jan Arogya Yojana
Ayushman Bharat
PM-JAY

### ആയുഷ്മാൻ ആരോഗ്യ മന്ദിരം

വീടുകൾക്ക് സമീപം പ്രാഥമിക ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി ഈ പദ്ധതിക്ക് കീഴിൽ ധാരാളം ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങൾ സ്ഥാപിക്കുന്നു. 2025 ജൂലൈ 15 വരെ, രാജ്യത്ത് 1,78,154 ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങൾ ആരംഭിച്ചു. ഉപാരോഗ്യ കേന്ദ്രത്തിലൂടെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിലൂടെയും സമഗ്രമായ പ്രാഥമികാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നു. സാംക്രമികവും സാംക്രമികേതരവുമായ രോഗങ്ങൾ, പ്രത്യുൽപാദന-ശിശു ആരോഗ്യ സേവനങ്ങൾ എന്നിവയുൾപ്പെടെ ആകെ 12 തരം രോഗങ്ങൾക്ക് ഇതിൽ സേവനമേകുന്നു.

## ...............അല്ലാത്തപക്ഷം, ഇൻഷുറൻസ് ഇല്ലാത്ത കുടുംബം അവരുടെ കൈയിൽ നിന്ന് പണം ചെലവഴിക്കേണ്ടിവരും




ഗ്രാമീണ കുടുംബങ്ങളിൽ 85.9 ശതമാനം പേർക്കും നഗരങ്ങളിലെ കുടുംബങ്ങളിൽ 82 ശതമാനം പേർക്കും ആരോഗ്യ ഇൻഷുറൻസ് ഇല്ലെന്ന് ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ (NSSO) 71-ാമത്തെ സർവേ വ്യക്തമാക്കുന്നു. ഇന്ത്യയിലെ ജനസംഖ്യയിൽ17 ശതമാനത്തിലധികം വരുന്നവർ കുടുംബ ബഡ്ജറ്റിന്റെ 10 ശതമാനമെങ്കിലും ആരോഗ്യ സേവനങ്ങൾക്കായി ചെലവഴിക്കുന്നു. ആരോഗ്യ സേവനങ്ങൾക്കായുള്ള അമിത ചെലവ് കുടുംബങ്ങളെ കടക്കെണിയിലേക്ക് തള്ളിവിടുന്നു. ഗ്രാമീണ ഇന്ത്യയിലെ 24 ശതമാനത്തിലധികം വരുന്ന ആളുകളും നഗരപ്രദേശങ്ങളിലെ 18 ശതമാനം ആളുകളും ഏതെങ്കിലും തരത്തിലുള്ള വായ്പ എടുത്താണ് തങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പണം കണ്ടെത്തുന്നത്. നിലവിൽ ഏകദേശം 60 കോടി ജനങ്ങൾ ഈ പദ്ധതിയുടെ കീഴിൽ വന്നിട്ടുണ്ട്, ഇത് ആരോഗ്യ ചെലവുകളെക്കുറിച്ചുള്ള അവരുടെ ആശങ്കകൾക്ക് ആശ്വാസം നൽകിയിട്ടുണ്ട്.

ചികിത്സയ്ക്ക് ശേഷം ജ്ഞാനേന്ദ്ര, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എഴുതിയ കത്തിലൂടെ തന്റെ ഹൃദയംഗമമായ നന്ദി അറിയിച്ചു. ഏകദേശം ഒരു പതിറ്റാണ്ട് മുൻപ് ചികിത്സാചെലവുകൾ താങ്ങാനാവാതെ ദാരിദ്ര്യരേഖക്ക് താഴെയായിരുന്ന ജ്ഞാനേന്ദ്രയെപ്പോലുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് ഈ പദ്ധതി സഹായകമായി. 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ എന്ന വിപ്ലവകരമായ പദ്ധതി രാജ്യത്തെ 60 കോടിയിലധികം ദരിദ്രർക്കും, ഇടത്തരക്കാർക്കും, വയോജനങ്ങൾക്കും ഒരു അനുഗ്രഹമായി മാറിയിരിക്കുന്നു.



**'ആയുഷ്മാൻ ഭാരത്, സബ്‌ക ജീവൻ കവച്'**, സ്ത്രീകൾക്കും, മുതിർന്നവർക്കും, കുട്ടികൾക്കും വിശ്വസനീയമായ ആരോഗ്യ സുരക്ഷ നൽകുന്നു. എല്ലാ പ്രായത്തിലുമുള്ള ആളുകൾക്കും ഓരോ കുടുംബത്തിനും ആശങ്കകളില്ലാതെ കഴിയാൻ ഇത് സഹായിക്കുന്നു.

രാജ്യത്ത് സാർവത്രിക ആരോഗ്യ പരിരക്ഷയെക്കുറിച്ചുള്ള ചർച്ചകൾ മുമ്പ് ഒരു മുദ്രാവാക്യമായി മാത്രം ഒതുങ്ങിയിരുന്നു, എന്നാൽ ആദ്യമായി ഒരു ഗവണ്മെന്റ് 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകുന്ന ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ജ്ഞാനേന്ദ്ര തന്റെ വികാരങ്ങൾ വാക്കുകളിലൂടെ പ്രകടിപ്പിച്ചപ്പോൾ, അദ്ദേഹത്തിന് പൗരന്മാരുമായി കൂടുതൽ അടുപ്പം തോന്നി. രാജ്യത്തെ പൗരന്മാരുടെ ക്ഷേമത്തെക്കുറിച്ച് പ്രധാനമന്ത്രി മോദിക്കുള്ള ചിന്ത എത്രമാത്രം വലുതാണെന്ന് ബിഹാറിലെ പട്ന സ്വദേശിയായ ജ്ഞാനേന്ദ്രയ്ക്ക് അദ്ദേഹം എഴുതിയ കത്തിൽ നിന്ന് വ്യക്തമാണ്. 'നിങ്ങളുടെ ആരോഗ്യനില മെച്ചപ്പെട്ടതിനെക്കുറിച്ച് അറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ആയുഷ്മാൻ ഭാരത് യോജനയിലൂടെ കഴിഞ്ഞ ദിവസങ്ങളിൽ വൃക്കയുടെ ചികിത്സ വിജയകരമായി പൂർത്തിയാക്കിയതിനെക്കുറിച്ച് നിങ്ങൾ കത്തിൽ പങ്കുവെച്ച വിവരങ്ങൾ മനസ്സിന് വലിയ സംതൃപ്തി നൽകി,' പ്രധാനമന്ത്രി കത്തിൽ എഴുതി.

'താങ്കളുടെ (പ്രധാനമന്ത്രി മോദി) ധൈര്യവും വ്യക്തിത്വവും രാജ്യത്തെ ജനങ്ങൾക്ക് ആശ്വാസവും മാർഗ്ഗനിർദ്ദേശവും നൽകുന്നത് തുടരും' എന്ന് ജ്ഞാനേന്ദ്ര തന്റെ കത്തിൽ കുറിച്ചു. ഇതിന് മറുപടിയായി പ്രധാനമന്ത്രി മോദിക്കും തന്റെ വികാരങ്ങൾ വാക്കുകളിലൂടെ പ്രകടിപ്പിക്കാതിരിക്കാൻ കഴിഞ്ഞില്ല. 'ചികിത്സാ ചെലവുകൾ കാരണം കുടുംബങ്ങളുടെ ജീവിതത്തിലെ സമ്പാദ്യം ഒറ്റയടിക്ക് ഇല്ലാതാകുന്നത് നമ്മൾ കണ്ടിട്ടുണ്ട്. പലപ്പോഴും, ഭാരിച്ച ചെലവുകൾ കാരണം ആളുകൾ ചികിത്സ തേടാൻ പോലും മടിച്ചിരുന്നു. ഇന്ന്, ഒരു ഇന്ത്യക്കാരനും ചികിത്സ നിഷേധിക്കപ്പെടുന്നില്ലെന്ന് ആയുഷ്മാൻ ഭാരത് യോജന ഉറപ്പാക്കുന്നു. ഒരു വ്യക്തിക്ക് ശരിയായ ചികിത്സ ലഭിക്കുമ്പോൾ അവരുടെ ജീവിതത്തിന് എങ്ങനെ പുതിയ പ്രതീക്ഷയും ദിശാബോധവും ലഭിക്കുന്നു എന്ന് ഈ പദ്ധതി തെളിയിച്ചു,' അദ്ദേഹം എഴുതി.

ആരോഗ്യമുള്ള ഒരു വ്യക്തി കുടുംബത്തിന് ഭാരമാകാതെ രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ സജീവമായ പങ്ക് വഹിക്കുന്നു. ഈ യാഥാർത്ഥ്യത്തെ നയങ്ങളുമായും പദ്ധതികളുമായും ബന്ധിപ്പിച്ച്, കഴിഞ്ഞ 11 വർഷത്തിനിടയിൽ ആരോഗ്യമേഖലയിൽ ഒരു പുതിയ വിപ്ലവത്തിന് കേന്ദ്ര ഗവണ്മെന്റ് തുടക്കം കുറിച്ചിരിക്കുന്നു. ഇന്ന്, രാജ്യത്തെ ഓരോ പാവപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള പ്രചാരണം അതിവേഗം മുന്നോട്ട് പോകുകയാണ്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസത്തിൽ വലിയ പരിഷ്കാരങ്ങൾ വരുത്തി, അതോടൊപ്പം രാജ്യത്തെ മെഡിക്കൽ സീറ്റുകളിൽ ഗണ്യമായ വർദ്ധനായും ഉണ്ടായിട്ടുണ്ട്. ആയുഷ്മാൻ ഭാരത് യോജനക്ക് കീഴിൽ, രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എത്തിക്കുന്നു. ജൻ ഔഷധി യോജനയിലൂടെ പാവപ്പെട്ടവർക്കും ഇടത്തരം കുടുംബങ്ങൾക്കും താങ്ങാനാവുന്ന വിലയിൽ മരുന്നുകൾ ലഭ്യമാക്കുന്നു. ഗർഭിണികളുടെയും കുട്ടികളുടെയും വാക്സിനേഷൻ വിവരങ്ങൾ രേഖപ്പെടുത്താൻ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിലുണ്ട്. കോടിക്കണക്കിന് ആളുകൾക്ക് പ്രത്യേക ഡിജിറ്റൽ ഹെൽത്ത് ഐഡി ഉണ്ട്. ടെലിമെഡിസിൻ സേവനങ്ങൾ ഉള്ളതിനാൽ ഇപ്പോൾ ഡോക്ടറിൽ നിന്ന് ആരും അകലെയല്ല. കേന്ദ്ര ഗവണ്മെന്റിന്റെ ഈ സംരംഭങ്ങളിലൂടെ ആരോഗ്യ മേഖലയിൽ പ്രോത്സാഹജനകമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

> **രാജ്യത്തിന്റെ ആരോഗ്യ മേഖലയെ പരിവർത്തനം ചെയ്യുന്നതിനായി, ഞങ്ങൾ ഒരു ദേശീയ സമീപനത്തിനും, ഒരു പുതിയ ദേശീയ ആരോഗ്യ നയത്തിനും രൂപം നൽകി. സ്വച്ഛ് ഭാരത് അഭിയാൻ മുതൽ ആയുഷ്മാൻ ഭാരത് വരെയും ഇപ്പോൾ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനും വരെയുള്ള നിരവധി ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്.**
>
> **- പ്രധാനമന്ത്രി നരേന്ദ്ര മോദി**





# ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെട്ടപ്പോൾ, അനുകൂല ഫലങ്ങൾ ലഭിച്ചു

**മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ വ്യാപ്തി മാറിയിരിക്കുന്നു.**




*ഇതിൽ 19 എണ്ണത്തിൽ ബിരുദ പഠനം ആരംഭിച്ചു.

**13,86,157**

അലോപ്പതി ഡോക്ടർമാർ ദേശീയ മെഡിക്കൽ കമ്മീഷന്റെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**811** പേർക്ക് ഒരു ഡോക്ടർ എന്ന കണക്കിൽ സേവനം നൽകുന്നു.

**157**

ജില്ലാ/റഫറൽ ആശുപത്രികൾ നവീകരിച്ചുകൊണ്ട് പുതിയ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, അതിൽ 131 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

പ്രാധാൻ മന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജനയുടെ കീഴിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനായി

**75**

പദ്ധതികൾക്ക് അംഗീകാരം നൽകി. ഇതിൽ 71 പദ്ധതികളുടെ നിർമ്മാണം പൂർത്തിയായി.

**ആരോഗ്യ സംരക്ഷണ ചെലവുകൾ വർദ്ധിപ്പിച്ചതിലൂടെ ജനങ്ങളുടെ പണം ലാഭിച്ചു.**

കഴിഞ്ഞ ദശകത്തിൽ, ആരോഗ്യ സംബന്ധിയായ കാര്യങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് തങ്ങളുടെ ക്ഷേമ പദ്ധതികളിലൂടെ സാധാരണക്കാരുടെ ചികിത്സാചെലവിന്റെ ഭാരം കുറച്ചു. 2013–14 മുതൽ 2021–22 വരെയുള്ള കാലഘട്ടത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. 2013–14–ൽ ആരോഗ്യ മേഖലയിലെ മൊത്തം ചെലവിൽ ഗവൺമെന്റിന്റെ വിഹിതം 28.6% ആയിരുന്നപ്പോൾ, സാധാരണ ജനങ്ങളുടെ വിഹിതം 64.2% ആയിരുന്നു. 2021–22–ൽ സാധാരണക്കാരുടെ ചികിത്സാ ചെലവ് 39.4% ആയി കുറഞ്ഞു. അതേസമയം, ഗവൺമെന്റിന്റെ ചെലവ് ഏകദേശം 48 ശതമാനമായി വർദ്ധിച്ചു.

- ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന വഴി 1.25 ലക്ഷം കോടിയിലധികം രൂപയുടെ ലാഭം കൈവരിക്കാനായതായി 2024–25 ലെ സാമ്പത്തിക സർവേ വ്യക്തമാക്കുന്നു.





ആരോഗ്യമേഖലയിൽ വ്യക്തിഗത ചെലവ്, മൊത്തം ആരോഗ്യ ചെലവിന്റെ ഒരു ശതമാനമെന്ന നിലയിൽ, ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതേസമയം, ഗവൺമെന്റിന്റെ ആരോഗ്യ ചെലവിൽ വലിയ വർധനവുമുണ്ടായി. ഇതുവരെ, ഏകദേശം രണ്ട് ലക്ഷം ആരോഗ്യ-ക്ഷേമ കേന്ദ്രങ്ങൾ സജ്ജമാക്കിക്കഴിഞ്ഞു. ഇപ്പോൾ, ബ്ലോക്ക് തലത്തിൽ മികച്ച ആശുപത്രികളുടെയും ആധുനിക ലാബുകളുടെയും ശൃംഖല നിർമ്മിക്കുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങൾ നടന്നു വരികയാണ്. സ്വാതന്ത്ര്യത്തിന്റെ 6– 7 പതിറ്റാണ്ടിനുള്ളിൽ നേടാൻ കഴിയാതിരുന്നത് കഴിഞ്ഞ 11 വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാക്കി. രാജ്യത്ത് റെക്കോർഡ് എണ്ണം പുതിയ എയിംസും മെഡിക്കൽ കോളേജുകളും തുറന്നു. ഇങ്ങനെ വർധിച്ചു വരുന്ന ആശുപത്രികളുടെ എണ്ണം കാണിക്കുന്നത്, മെഡിക്കൽ സീറ്റുകളും അതേ വേഗതയിൽ വർധിക്കുന്നുണ്ടെന്നാണ്. അതിനാൽ, ഡോക്ടറാകാനുള്ള ഒരു പാവപ്പെട്ട കുട്ടിയുടെ സ്വപ്നം എളുപ്പത്തിൽ യാഥാർത്ഥ്യമാകും. ഒരു സാധാരണക്കാരന്റെ കുട്ടിയും, മെഡിക്കൽ പഠനത്തിനായി വിദേശത്ത് പോകാൻ നിർബന്ധിതരാകേണ്ടി വരില്ല. മെഡിക്കൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രചാരണവും നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 11 വർഷത്തിനുള്ളിൽ, ഒരു ലക്ഷത്തിലധികം പുതിയ എംബിബിഎസ്, എംഡി സീറ്റുകൾ കൂട്ടിച്ചേർക്കപ്പെട്ടു.

## മാതൃ-ശിശു മരണനിരക്കിൽ കുറവ്




ഐക്യരാഷ്ട്രസഭ മാതൃമരണ കണക്കെടുപ്പ് ഇന്റർ-ഏജൻസി ഗ്രൂപ്പിന്റെ (UN-MMEIG) റിപ്പോർട്ട് അനുസരിച്ച്, 1990 നും 2023 നും ഇടയിൽ ഇന്ത്യയിലെ മാതൃമരണ നിരക്ക് 86% കുറഞ്ഞു.

മാതൃമരണ നിരക്ക് (ഒരു ലക്ഷം ജനനങ്ങൾക്ക്)




**ജിഡിപിയിലെ ആരോഗ്യ മേഖലയ്ക്കുള്ള ചെലവിന്റെ വിഹിതം ക്രമാനുഗതമായി വർദ്ധിച്ചു.**




**പൊതുഗവണ്മെന്റ് ചെലവിൽ ആരോഗ്യമേഖലയ്ക്കുള്ള ചെലവിന്റെ വിഹിതം വർദ്ധിച്ചു.**




(*കുറിപ്പ് - കണക്കുകൾ ശതമാനത്തിൽ)




**ശിശുമരണ നിരക്ക് (1,000 ജനനങ്ങൾക്ക്)**

- 1990-നും 2023-നും ഇടയിൽ ഇന്ത്യയിൽ 71% കുറവ് രേഖപ്പെടുത്തിയപ്പോൾ, ആഗോളതലത്തിൽ ഈ കുറവ് 58% ആയിരുന്നു.

**നവജാത ശിശു മരണനിരക്ക് (1,000 ജനനങ്ങൾക്ക്)**




**5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (ഓരോ 1,000 ജനനങ്ങൾക്കും)**




(*സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2021 പ്രകാരമുള്ള ഡാറ്റ)

വാസ്തവത്തിൽ, ഒരുകാലത്ത് ആരോഗ്യ സംരക്ഷണം ആനുകൂല്യങ്ങളെ ആശ്രയിച്ചിരുന്ന ഒരു രാജ്യത്ത്, ഒരു ഇന്ത്യക്കാരനും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് പ്രധാനമന്ത്രി മോദി പൊതുജനാരോഗ്യ സൗകര്യങ്ങളുടെ അടിത്തറ പുനർനിർവചിച്ചു. 2014-ന് മുൻപ്, ഇന്ത്യയിൽ ആരോഗ്യം അവഗണിക്കപ്പെട്ട മേഖലയായിരുന്നു, സ്വാതന്ത്ര്യം ലഭിച്ച് 70 വർഷങ്ങൾ കഴിഞ്ഞിട്ടും സാർവത്രിക ആരോഗ്യ സംരക്ഷണം കടലാസിൽ ഒതുങ്ങി. എന്നാൽ നിലവിലെ കേന്ദ്ര ഗവണ്മെന്റ് ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ അതിനെ യാഥാർത്ഥ്യമാക്കി. ആരോഗ്യ ബഡ്ജറ്റ് 85% വർദ്ധിച്ചത് വിഭവങ്ങൾ രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തുന്നുവെന്ന് ഉറപ്പാക്കി. 2014-ൽ പ്രധാനമന്ത്രി മോദി അധികാരത്തിൽ വരുന്നതിന് മുൻപ്, ഇന്ത്യയിൽ ആരോഗ്യ സംരക്ഷണം പാവപ്പെട്ടവർക്ക് ഒരു ഭാരമായിരുന്നു. കുടുംബങ്ങൾക്ക് പലപ്പോഴും വൈദ്യചികിത്സയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ഇടയിൽ തിരഞ്ഞെടുക്കൽ വേണ്ടി വന്നു. ഇത് അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ആരോഗ്യത്തിനായി സ്വന്തം കീശയിൽ നിന്നുള്ള ചെലവ് അതിവേഗം കുറഞ്ഞു.

**ഇപ്പോൾ, താങ്ങാനാവുന്നതും, പ്രാപ്യമായതും, വിശ്വസനീയവുമായ ആരോഗ്യ സേവനങ്ങൾ എല്ലാ വീടുകളിലും എത്തുന്നു.**

കഴിഞ്ഞ 11 വർഷത്തിനുള്ളിൽ ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ സംവിധാനത്തിൽ പരിവർത്തനം ഉണ്ടായി.



ചരിത്രപരമായ ഉദ്യമങ്ങളുടെ 11 വർഷങ്ങൾ

# ഇന്ത്യയിലെ ആരോഗ്യ വിപ്ലവത്തിന്റെ അടിത്തറ

## ദേശീയ ആരോഗ്യ നയം-2017

രാജ്യത്തെ എല്ലാവർക്കും തുല്യവും, താങ്ങാനാവുന്നതും, ഗുണനിലവാരമുള്ളതുമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് സാർവത്രിക ആരോഗ്യ പരിരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര മന്ത്രിസഭ 2017 മാർച്ച് 15 ന് പുതിയ ദേശീയ ആരോഗ്യ നയത്തിന് അംഗീകാരം നൽകി.

**അമൃത് ഫാർമസി**

## ഗുരുതര രോഗങ്ങൾക്കുള്ള ഇംപ്ലാന്റുകളും മരുന്നുകളും പകുതി വിലയ്ക്ക്

ഗുരുതര രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന രോഗികൾക്ക് ആശ്വാസം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് പല ഗവൺമെന്റ് ആശുപത്രികളിലും അമൃത് ഫാർമസി ആരംഭിച്ചിട്ടുണ്ട്. ഇവിടെ, മരുന്നുകൾ, ഇംപ്ലാന്റുകൾ, ഒറ്റത്തവണ ഉപയോഗത്തിനുള്ള ഉപകരണങ്ങൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ വിപണി വിലയേക്കാൾ 50 ശതമാനം വരെ കിഴിവിൽ ലഭ്യമാണ്. കാൻസർ, ഹൃദ്രോഗം എന്നിവയ്ക്കുള്ള വിലകൂടിയ മരുന്നുകൾ താങ്ങാവുന്ന വിലയിൽ ലഭ്യമാണ്.

ഏകദേശം **6** കോടിയിലധികം പൗരന്മാർക്ക് പ്രയോജനം ലഭിച്ചു






**പ്രധാൻമന്ത്രി ജൻ ഔഷധി കേന്ദ്രം**

**താങ്ങാവുന്ന വിലയിൽ ഗുണമേന്മയുള്ള മരുന്ന് എന്നാണ് അർത്ഥമാക്കുന്നത്.**

വിലകൂടിയ മരുന്നുകൾ സാധാരണക്കാർക്ക് 50% മുതൽ 90% വരെ വിലക്കുറവിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി പരിയോജന ആരംഭിച്ചത്. ഈ വർഷം ജൂൺ 30 വരെ ഏകദേശം 17,000 ഔഷധ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. 2027 മാർച്ചോടെ അവയുടെ എണ്ണം 25,000 ആയി ഉയർത്തുക എന്നതാണ് ലക്ഷ്യം.

**നേട്ടങ്ങൾ**



**2,110** തരം മരുന്നുകളും 315 ശസ്ത്രക്രിയാ ഉപകരണങ്ങളും താങ്ങാവുന്ന വിലയിൽ ലഭ്യമാണ്.

കഴിഞ്ഞ 11 വർഷത്തിനിടെ സാധാരണക്കാരന് **38,000** കോടി രൂപ ലാഭം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

## മുട്ട് മാറ്റിവയ്ക്കൽ എളുപ്പമായി...

2017 ആഗസ്റ്റിൽ കൃത്രിമ കാൽമുട്ടുകളുടെ വില നിശ്ചയിച്ചു. ഇതിന്റെ കീഴിൽ, ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന കൊബാൾട്ട് ക്രോമിയം കാൽമുട്ടിന്റെ വില 65% കുറച്ചു, പരമാവധി വില 54,720 രൂപയായി നിശ്ചയിച്ചു. ടൈറ്റാനിയം, ഓക്സിഡൈസ്ഡ് സിർക്കോണിയം തുടങ്ങിയ പ്രത്യേക ലോഹങ്ങൾ കൊണ്ട് നിർമ്മിച്ച കാൽമുട്ടുകളുടെ വില 69% കുറച്ച് പരമാവധി 76,600 രൂപയായി.





## ഹൃദ്രോഗികൾക്ക് ആശ്വാസം

ഹൃദ്രോഗികൾക്ക് വലിയ ആശ്വാസം നൽകിക്കൊണ്ട് കേന്ദ്രഗവണ്മെന്റ് 2017 ഫെബ്രുവരിയിൽ ബെയർ മെറ്റൽ സ്റ്റെന്റുകളുടെ വില 7,260 രൂപയായും ഡ്രഗ്-എല്യൂട്ടിങ്, ബയോഡീഗ്രേഡബിൾ സ്റ്റെന്റുകളുടെ വില 29,600 രൂപയായും നിശ്ചയിച്ചു. അന്നത്തെ വിപണി വിലയേക്കാൾ ഏകദേശം 85% കുറവായിരുന്നു ഇത്.

*ഏതൊരു രാജ്യത്തിന്റെയും ശക്തമായ ആരോഗ്യ സംരക്ഷണം, പൗരന്മാരുടെ ക്ഷേമത്തിന് മാത്രമല്ല സാമ്പത്തിക പുരോഗതിക്കും സാമൂഹിക ഭദ്രതക്കും കൂടി നിർണായകമാണ്. ഈ ലക്ഷ്യത്തോടെ കഴിഞ്ഞ 11 വർഷത്തിനിടെ അത്തരം നിരവധി ഉദ്യമങ്ങൾ സ്വീകരിച്ചു, ഇത് ഇന്ത്യയിലെ ആരോഗ്യ മേഖലയിൽ ഒരു പുതിയ വിപ്ലവത്തിന് അടിത്തറ പാകി...*

ചികിത്സയുടെ ഭീമമായ ചെലവുകളിൽ നിന്ന് പാവപ്പെട്ട കുടുംബങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി 2018-ൽ ആയുഷ്മാൻ ഭാരത് പദ്ധതി ആരംഭിച്ചു. ഇന്ന് ഈ പദ്ധതി 41 കോടിയോളം ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നു. ഇൻഷുറൻസ്, രോഗപ്രതിരോധം, ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട്, ആവശ്യമുള്ളവർക്ക് ഇത് താങ്ങാനാവുന്നതും എളുപ്പമുള്ളതുമായ ചികിത്സ ഉറപ്പാക്കുന്നു. ആരംഭം മുതൽ തന്നെ ആയുഷ്മാൻ ഭാരത് പദ്ധതി രണ്ട് പ്രധാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ലക്ഷ്യമിട്ടിരുന്നു - ഗ്രാമങ്ങളിലെ നല്ല ആരോഗ്യ പരിരക്ഷയുടെ അഭാവവും പാവപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സയ്ക്കുള്ള ഉയർന്ന ചെലവും. 2018-ന് മുമ്പ് ഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾ ഈ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, ഗവണ്മെന്റ്, പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (PMJAY) ആരംഭിച്ചു. ഇതിന് കീഴിൽ ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ലഭിക്കും. ഏഴു വർഷത്തിനുള്ളിൽ, ആയുഷ്മാൻ കാർഡ് ലഭിച്ചവരുടെ എണ്ണം 41 കോടി കവിഞ്ഞു. ഇത് വെറുമൊരു ആയുഷ്മാൻ കാർഡ് മാത്രമല്ല; പാവപ്പെട്ടവർക്ക് ഒരു ജീവൻരക്ഷാ കവചം കൂടിയാണ്.

**ചികിത്സയ്ക്കായി പൗരന്മാർ സ്വന്തം കൈയിൽ നിന്ന് ചെലവഴിക്കുന്ന തുക കുറഞ്ഞു**

ആരോഗ്യമേഖലയിലെ നേട്ടങ്ങൾക്ക് ഏറ്റവും വലിയ കാരണം, ചികിത്സയ്ക്കായി ആളുകൾക്ക് മുൻപുണ്ടായിരുന്നതുപോലെ സ്വന്തം പോക്കറ്റിൽ നിന്ന് കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്നില്ല എന്നതാണ്. 2014-ൽ ആയുഷ്മാൻ ഭാരത് പദ്ധതി ആരംഭിക്കുന്നതിന് മുൻപ്, ആളുകൾ ചികിത്സാ ചെലവിന്റെ ഏകദേശം 62% സ്വന്തമായി വഹിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത് 38% ആയി കുറഞ്ഞു. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുടെ സഹായത്തോടെ രാജ്യത്തുടനീളമുള്ള ആളുകൾക്ക് 1.25 ലക്ഷം കോടിയിലധികം രൂപ ലാഭിക്കാൻ സാധിച്ചു. ഇതിനുപുറമെ, ജൻ ഔഷധി കേന്ദ്രങ്ങളിൽ നിന്ന് വിലകുറഞ്ഞ മരുന്നുകൾ വാങ്ങിയതിലൂടെ 38,000 കോടിയിലധികം രൂപ ആളുകൾക്ക് ലാഭിക്കാൻ കഴിഞ്ഞു. 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' പദ്ധതിക്ക് കീഴിൽ ഏകദേശം 2 ലക്ഷം ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**മാതൃ ആരോഗ്യ പദ്ധതികൾ**

### അതിജീവനത്തിനും ശക്തമായ ഭാവിക്കുമുള്ള അടിത്തറ

മാതൃമരണനിരക്ക് ഇന്ത്യയിൽ ദീർഘകാലമായി ഒരു പൊതുജനാരോഗ്യ പ്രശ്നമാണ്. ഈ വിഷയത്തിൽ പ്രധാനപ്പെട്ട പല ശ്രമങ്ങളും നടന്നിട്ടുണ്ട്. സൗജന്യവും സ്ഥാപനപരവു മായ പ്രസവത്തിനും നവജാതശിശു പരിചരണത്തിനും പ്രോത്സാഹനം നൽകുന്നതിനായി, ജനാശനി ശിശു സുരക്ഷാ കാര്യക്രം എന്ന പദ്ധതിക്ക് കീഴിൽ 2014-15 മുതൽ 16.60 കോടിയിലധികം പേർക്ക് സേവനം നൽകിയിട്ടുണ്ട്. അതേസമയം, ജനനി സുരക്ഷാ യോജനയിൽ വ്യവസ്ഥാപിതമായ പണ കൈമാറ്റം വഴി സ്ഥാപനപരമായ പ്രസവം പ്രോത്സാഹിപ്പിച്ചു. 2025 മാർച്ച് വരെ ഈ പദ്ധതിയിലൂടെ 11.07 കോടിയിലധികം സ്ത്രീകൾക്ക് പ്രയോജനം ലഭിച്ചു. കൂടാതെ, ഗർഭിണികൾക്ക് അന്തസുള്ളതും ഗുണമേന്മയുള്ളതുമായ പരിചരണം ഉറപ്പാക്കുന്ന സുരക്ഷിത് മാതൃത്വ അശ്വാസൻ (സുമൻ) പദ്ധതിക്ക് കീഴിൽ 2025 മാർച്ച് വരെ ഇന്ത്യയിലുടനീളം 90,015 സുമൻ ആരോഗ്യ കേന്ദ്രങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.



**പ്രധാൻമന്ത്രി മാതൃ വന്ദന യോജന:** ആദ്യ പ്രസവത്തിൽ 5,000 രൂപ ആനുകൂല്യം, രണ്ടാമത്തെ പ്രസവത്തിൽ 6,000 രൂപ ആനുകൂല്യം.

**പ്രധാൻമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാന സൗകര്യ ദൗത്യം**

കോവിഡ്-19 ൽ നിന്ന് പാഠമുൾക്കൊണ്ട്, രാജ്യത്തിന്റെ അടിസ്ഥാന ആരോഗ്യ മേഖലയെ പരിവർത്തനം ചെയ്യുന്നതിനായി 2021 ഒക്ടോബർ 25-ന് പ്രധാനമന്ത്രി മോദി രാജ്യത്തെ ഏറ്റവും വലിയ ആരോഗ്യ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിന് പ്രധാൻമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാന സൗകര്യ ദൗത്യം എന്ന് പേരു നൽകി. 2025-26 വർഷത്തോടെ 64,180 കോടി രൂപയുടെ മൊത്തം ചെലവിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ ശക്തമായ ആരോഗ്യ സംവിധാനം കെട്ടിപ്പടുക്കാനാണ് ഈ വിപ്ലവകരമായ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ നിലവിലും ഭാവിയിലും പകർച്ചവ്യാധികൾ, പൊതുജനാരോഗ്യ അടിയന്തിര സാഹചര്യങ്ങൾ, ദുരന്തങ്ങൾ എന്നിവയെ ഫലപ്രദമായി നേരിടാൻ സാധിക്കും.

### ആശുപത്രികളിലെ ഡേ കെയർ കാൻസർ സെന്ററുകൾ

ഇന്ത്യയിൽ കാൻസർ രോഗികളുടെ എണ്ണം 2020 നെ അപേക്ഷിച്ച് 2025 അവസാനത്തോടെ 13% വർദ്ധിക്കുമെന്നാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) പഠനമനുസരിച്ചുള്ള വിലയിരുത്തൽ. ഈ സാഹചര്യം കണക്കിലെടുത്ത്, 2025-26-ൽ രാജ്യത്ത് 200 കാൻസർ സെന്ററുകൾ സ്ഥാപിക്കാൻ കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, അടുത്ത 3 വർഷത്തിനുള്ളിൽ എല്ലാ ജില്ലാ ആശുപത്രികളിലും ഡേ കെയർ കാൻസർ സെന്ററുകൾ (DCCC) സ്ഥാപിക്കാനും ഗവണ്മെന്റ് പദ്ധതിയിടുന്നുണ്ട്. രോഗികൾക്ക് താങ്ങാനാവുന്ന വിലയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി, 36 ജീവൻ രക്ഷാ മരുന്നുകളെ അടിസ്ഥാന കസ്റ്റംസ് തീരുവയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ഗ്രാമങ്ങളിലും മൊഹല്ലകളിലുമുള്ള ആളുകളെ, പ്രത്യേകിച്ച് ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം പോലുള്ള രോഗങ്ങൾ ഉള്ളവരെ, ഈ കേന്ദ്രങ്ങൾ പരിശോധന നടത്തുന്നു. ഈ പദ്ധതിയിലൂടെ ഇതുവരെ 200 കോടിയിലധികം പരിശോധനകൾ നടത്തിയിട്ടുണ്ട്, ഇത് രോഗങ്ങളെ നേരത്തെ തിരിച്ചറിയാനും ചെലവേറിയ ചികിത്സയുടെ ആവശ്യം കുറയ്ക്കാനും സഹായിക്കുന്നു. കൂടാതെ, 2021 ഒക്ടോബറിൽ ആരംഭിച്ച 'പ്രധാൻമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാന സൗകര്യ ദൗത്യം' പ്രകാരം 64,000 കോടിയിലധികം രൂപ ചെലവഴിച്ച് രാജ്യത്തെ ആശുപത്രികൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. മുൻപ് പിന്നാക്കം നിന്നിരുന്ന പ്രദേശങ്ങളിൽ, ഇപ്പോൾ ഗുരുതര രോഗികൾക്കായി പ്രത്യേക ക്രമീകരണങ്ങളും, നിരീക്ഷണ കേന്ദ്രങ്ങളും, പ്രാഥമിക ആരോഗ്യ യൂണിറ്റുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**മുതിർന്ന പൗരന്മാർക്കെല്ലാം ആരോഗ്യപ്രശ്നങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കുന്നു.**

ഇന്ത്യയിലെ വയോജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു റിപ്പോർട്ട് അനുസരിച്ച്, 2026-ഓടെ വയോജനങ്ങളുടെ എണ്ണം 17 കോടിയും, 2036-ഓടെ ഏകദേശം 23 കോടിയും, 2050-ഓടെ 35 കോടിയും, അതായത് മൊത്തം ജനസംഖ്യയുടെ 20 ശതമാനത്തിലധികം ആകുമെന്നാണ് കണക്കുകൾ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മുതിർന്ന പൗരന്മാരുടെ ജനസംഖ്യയിലുണ്ടായ തുടർച്ചയായ വർദ്ധനവിന്റെ പ്രധാന കാരണങ്ങൾ കേന്ദ്ര ഗവണ്മെന്റ് അവർക്കായി നടപ്പിലാക്കിയ ആരോഗ്യം, പെൻഷൻ, സ്വയം തൊഴിൽ, സ്വാശ്രയത്വം എന്നിവയുമായി ബന്ധപ്പെട്ട ഫലപ്രദമായ പദ്ധതികളാണ്. മുതിർന്ന പൗരന്മാർക്ക് ദീർഘായുസ്സ് മാത്രമല്ല, സുരക്ഷിതവും, അന്തസ്സുള്ളതും, ക്രിയാത്മകവും, മാന്യവുമായ ജീവിതം നയിക്കാനും കഴിയണം. ഇതിനായി 2024 അവസാനത്തോടെ ആയുഷ്മാൻ ഭാരത് പദ്ധതിക്ക് കീഴിൽവിപ്ലവകരമായ ഒരു നടപടി സ്വീകരിച്ചു. ഇപ്പോൾ 70 വയസ്സും അതിനുമുകളിലുള്ളവരുമായ എല്ലാ ഇന്ത്യൻ പൗരന്മാരെയും അവരുടെ വരുമാനമോ പശ്ചാത്തലമോ പരിഗണിക്കാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടെ ഏകദേശം 6 കോടി വയോജനങ്ങൾക്കും ചികിത്സാ സൗകര്യങ്ങൾ ലഭിച്ചുതുടങ്ങി. ആരോഗ്യപ്രശ്നങ്ങൾ കൂടുതലായിരിക്കുന്ന ഈ പ്രായത്തിൽ അതിൽ നിന്ന് മുക്തി നേടാനുള്ള ഒരു ശ്രമമാണിത്. ഇനി പ്രായംചെന്നവർക്ക് വലിയ ആശുപത്രികളിൽ പോലും സൗജന്യ ചികിത്സ ലഭിക്കും. 2025 ജനുവരി ആയപ്പോഴേക്കും 40 ലക്ഷത്തിലധികം മുതിർന്നവർ ഈ പദ്ധതിയിൽ ചേർന്നു, അതിനാൽ അവർക്ക് ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് വിഷമിക്കേണ്ടി വന്നില്ല.

**പദ്ധതി വനിതകൾക്ക് ഒരു അനുഗ്രഹമായി മാറി**

ആയുഷ്മാൻ ഭാരത് പദ്ധതിയുടെ പ്രധാന ശക്തിയും ഗുണഭോക്താക്കളും മുൻനിര ആരോഗ്യ പ്രവർത്തകകരും സ്ത്രീകളുമാണ്. പദ്ധതിക്ക് കീഴിലുള്ള ആയുഷ്മാൻ കാർഡുകളിൽ ഏകദേശം 49 ശതമാനവും സ്ത്രീകളുടേതാണ്, ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവരിൽ 48 ശതമാനവും സ്ത്രീകളാണ്. 2024 ഫെബ്രുവരിയിൽ, 37 ലക്ഷം ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, സഹായികൾ എന്നിവരുടെ പ്രധാന പങ്ക് അംഗീകരിച്ചുകൊണ്ട്, ഗവണ്മെന്റ് അവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി.



## ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ

**80.47** കോടിയിലധികം ആയുഷ്മാൻ ഭാരത് ആരോഗ്യ അക്കൗണ്ടുകൾ (ABHA) സൃഷ്ടിച്ചു.

**71.44** കോടി ഇലക്ട്രോണിക് ആരോഗ്യ രേഖകൾ വിവിധ ആരോഗ്യ പോർട്ടലുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

**4.21** ലക്ഷത്തിലധികം രജിസ്റ്റർ ചെയ്ത അംഗീകൃത ആരോഗ്യ കേന്ദ്രങ്ങൾ.

**6.93** ലക്ഷത്തിലധികം അംഗീകൃത ആരോഗ്യ പ്രവർത്തകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

*(2025 സെപ്റ്റംബർ 1 വരെയുള്ള കണക്കുകൾ).*

**ടെലിമെഡിസിൻ സേവനമായ ഇ-സഞ്ജീവനി ഇപ്പോൾ ഗൃഹ ചികിത്സയും നൽകുന്നു.**

2020-ൽ കോവിഡ് സമയത്ത്, ചെറിയ അസുഖങ്ങൾക്ക് പോലും ഡോക്ടറെ സമീപിക്കാൻ ആളുകൾക്ക് ബുദ്ധിമുട്ടായപ്പോൾ, സൗജന്യവും വിദൂരവുമായ വൈദ്യോപദേശം ലക്ഷ്യമിട്ട് ഇ-സഞ്ജീവനി എന്ന പേരിൽ സൗജന്യ ടെലി കൺസൾട്ടേഷൻ ആരംഭിച്ചു.

ഇതുവരെ **36** കോടിയിലധികം ആളുകൾക്ക് പ്രയോജനം ലഭിച്ചു

ഇ-സഞ്ജീവനിയിൽ **130** സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

ഇതുവരെ **2,32,291** ആരോഗ്യ പ്രവർത്തകരെ ഇതിലേക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.



ഡിജിറ്റൽ ഹെൽത്ത് മിഷൻ

# ആരോഗ്യ സേവന സൗകര്യങ്ങളുടെ പുതിയ അധ്യായം

*140 കോടിയിലധികം ജനസംഖ്യയുള്ളതും ഭൂമിശാസ്ത്രപരമായ വെല്ലുവിളികളുള്ളതുമായ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത്, ആരോഗ്യ സേവനങ്ങളുടെ പ്രയോജനങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. അതിനാൽ, ആരോഗ്യ സേവനങ്ങളിൽ സാങ്കേതികവിദ്യ സംയോജിപ്പിച്ച് സാധാരണക്കാർക്ക് എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2020-ൽ ദേശീയ ഡിജിറ്റൽ ഹെൽത്ത് മിഷൻ ആരംഭിച്ചു. പൈലറ്റ് പദ്ധതിയുടെ വിജയത്തെത്തുടർന്ന്, ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ എന്ന പേരിൽ ഇത് രാജ്യത്തുടനീളം നടപ്പാക്കി. ഇതിന്റെ ഭാഗമായി ഓരോരുത്തർക്കും ഓരോ ഹെൽത്ത് ഐഡി നൽകുന്നുണ്ട്. ഓരോ രോഗിയുടെയും ആരോഗ്യ പരിശോധനകൾ, രോഗങ്ങൾ, ഡോക്ടർ സന്ദർശനങ്ങൾ, കഴിച്ച മരുന്നുകൾ, രോഗനിർണയം എന്നിവയുടെയെല്ലാം വിവരങ്ങൾ ഈ ഹെൽത്ത് അക്കൗണ്ടിൽ ലഭ്യമാണ്. ഒരു രോഗി പുതിയ സ്ഥലത്തേക്ക് മാറുകയോ പുതിയ ഡോക്ടറെ സമീപിക്കുകയോ ചെയ്താൽ പോലും ഈ സേവനം പ്രയോജനപ്പെടുത്താം. രോഗി തന്റെ എബിഎച്ച്എ (ABHA - unique number) നമ്പർ നൽകിയാൽ മതി, അയാളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാകും.*

*ഇതോടൊപ്പം, രജിസ്റ്റർ ചെയ്ത ആരോഗ്യ പ്രവർത്തകരുടെ സമഗ്രമായ ഡാറ്റാബേസിനായുള്ള ഹെൽത്ത് കെയർ പ്രൊഫഷണൽസ് രജിസ്ട്രി, രാജ്യത്തുടനീളമുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ ഡിജിറ്റൽ ശേഖരത്തിനായുള്ള ഹെൽത്ത് ഫെസിലിറ്റി രജിസ്ട്രി, ആശുപത്രികൾ, ഡോക്ടർമാർ, ലബോറട്ടറികൾ എന്നിവ ഡിജിറ്റലായി ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള ഒരു തുറന്ന ശൃംഖലയായ ഇന്റഗ്രേറ്റഡ് ഹെൽത്ത് ഇന്റർഫേസ് പ്ലാറ്റ്ഫോം എന്നിവയും ആരംഭിച്ചു.*




**ഇത് നിങ്ങൾക്ക് പ്രധാനം...**

**നിങ്ങളുടെ 'എബിഎച്ച്എ കാർഡ്' (ABHA Card) എങ്ങനെ സൃഷ്ടിക്കാം.**

https://abha.abdm.gov.in/abha/v3/.എന്ന ഔദ്യോഗിക വെബ്സൈറ്റ് വഴി നിങ്ങളുടെ ABHA കാർഡ് ഉണ്ടാക്കാം

- വെബ്സൈറ്റ് സന്ദർശിച്ച ശേഷം, 'Create ABHA Number'എന്നതിൽക്ലിക്ക് ചെയ്യുക. അതിനുശേഷം, ആധാർ അല്ലെങ്കിൽ ഡ്രൈവിംഗ് ലൈസൻസ് എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
- നിങ്ങൾ ഏത് ഓപ്ഷൻ തിരഞ്ഞെടുത്താലും, അതിനുശേഷം നിങ്ങളുടെ വിശദാംശങ്ങൾ പൂരിപ്പിക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, ആധാർ നമ്പർ നൽകുക, അതിനുശേഷം മൊബൈലിൽ ഒരു OTP വരും. അത് നൽകുക.
- നിങ്ങളുടെ ഇ-മെയിൽ വിലാസവും നൽകുക.
- ഇതിനുശേഷം, പേജിലെ 'Next' എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് തുടരുക. നിങ്ങളുടെ ABHA കാർഡ് തയ്യാറായിട്ടുണ്ടാകും .

## യു-വിൻ

പ്രതിരോധ കുത്തിവയ്പ് കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്തമുള്ളതുമാക്കാൻ, കേന്ദ്ര ഗവണ്മെന്റ് സാർവത്രിക പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിക്ക് (UIP) കീഴിൽ, ഡിജിറ്റൽ സംരംഭമായ യു-വിൻ പ്ലാറ്റ്ഫോം ആരംഭിച്ചു. ഗർഭിണികൾക്കും കുട്ടികൾക്കും (0-16 വയസ്സ്) വേണ്ടിയുള്ള പ്രതിരോധ കുത്തിവെയ്പ്പ് കാര്യക്ഷമമാക്കാനും, വിവരങ്ങൾ രേഖപ്പെടുത്താനും, ട്രാക്ക് ചെയ്യാനും സഹായിക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്.

**10.48 കോടി** ഗുണഭോക്താക്കൾ 2025 മെയ് വരെ യു-വിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.



**93.91** ലക്ഷം പ്രസവങ്ങൾ

**1.88** കോടി വാക്സിനേഷൻ സെഷനുകൾ

**41.73** കോടി വാക്സിൻ ഡോസുകൾ നൽകി

ഈ പദ്ധതി ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷ നൽകിക്കൊണ്ട് ഇന്ത്യയിലെ പ്രാഥമിക ആരോഗ്യ സേവനങ്ങളെ ശക്തിപ്പെടുത്തുന്നു. ഇന്ത്യയുടെ ആരോഗ്യമേഖലയുടെ മറ്റൊരു പ്രധാന നേട്ടമാണ് ഡൽഹിയെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. മുമ്പ് രാഷ്ട്രീയ കാരണങ്ങളാൽ ഡൽഹിയിലെ ജനങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല, കൂടാതെ അവർക്ക് ചെലവേറിയ സ്വകാര്യ ചികിത്സയെ ആശ്രയിക്കേണ്ടിയും വന്നിരുന്നു. എന്നാൽ പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് ഈ പദ്ധതി ഡൽഹിയിലേക്ക് വ്യാപിപ്പിച്ചു, ഇത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾക്ക് സൗജന്യവും മികച്ച നിലവാരമുള്ളതുമായ ചികിത്സ ഉറപ്പാക്കി.

**സാമൂഹിക പ്രതിബദ്ധതയുമായി ബന്ധപ്പെട്ട പദ്ധതികൾ രാജ്യത്തിന്റെ മുഖച്ഛായ മാറ്റി.**

ആരോഗ്യകരമായ ചിന്തയ്ക്ക് ആരോഗ്യമുള്ള മനസ്സ് ആവശ്യമാണ്. അനാരോഗ്യകരമായ ഒരു സമൂഹത്തിനോ വിദ്യാഭ്യാസമില്ലാത്ത ഒരു സമൂഹത്തിനോ വികസിത ഭാരതമെന്ന യാത്രക്ക് ഒരു വലിയ തടസ്സമാകാൻ കഴിയും. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ, സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള കഴിവ് തുടങ്ങുന്നത് വ്യക്തിയിലും കുടുംബത്തിലുമാണ്, എന്നാൽ ജനങ്ങൾ വിദ്യാസമ്പന്നരല്ലെങ്കിൽ, ആരോഗ്യമുള്ളവരല്ലെങ്കിൽ ആ കുടുംബവും രാജ്യവും സന്തോഷത്തിലായിരിക്കില്ല. അതിനാൽ, കേന്ദ്ര ഗവണ്മെന്റ് ആരോഗ്യവുമായി ബന്ധപ്പെട്ട സാമൂഹിക പ്രാധാന്യമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്ന് എല്ലാവർക്കും സ്വന്തമായി ഒരു കോൺക്രീറ്റ് വീട് ഉണ്ടായിരിക്കണം, അതിനായി ഭവന പദ്ധതിയുണ്ട്. അതുപോലെ, ഉജ്ജ്വല യോജനയിലൂടെ എല്ലാ വീട്ടിലും വൈദ്യുതിയും സൗജന്യ പാചകവാതകവും യാഥാർത്ഥ്യമാക്കി, സ്വച്ഛ് ഭാരത് മിഷനിലൂടെ 12 കോടിയിലധികം ശൗചാലയങ്ങൾ നിർമ്മിച്ചു, ജൽ ജീവൻ മിഷനിലൂടെ ഏകദേശം 16 കോടി ഗ്രാമീണ കുടുംബങ്ങൾക്ക് ശുദ്ധജല സൗകര്യം ഉറപ്പാക്കുന്നു.

### കോവിഡ് വെല്ലുവിളിയ്ക്കെതിരെ

# രാഷ്ട്രം പോരാടിയത് ഇങ്ങനെ



*2020-ലെ, COVID-19 മഹാമാരി ഒരു വെല്ലുവിളി മാത്രമായിരുന്നില്ല, ഭാവിയിലെ പ്രതിസന്ധികളെ നേരിടാനുള്ള ശക്തിയും നമുക്ക് നൽകി. ലോകമെമ്പാടും ഈ മഹാമാരി പടർന്നുപിടിച്ചപ്പോൾ, ഇന്ത്യ അതിന്റെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽ സമൂലമായ മാറ്റങ്ങൾക്ക് തുടക്കമിട്ടു. ഈ വെല്ലുവിളിയെ ഇന്ത്യ പോരാടി അതിജീവിച്ചെന്ന് മാത്രമല്ല, തദ്ദേശീയമായി നിർമ്മിച്ച വാക്സിനുകൾ ഉപയോഗിച്ച് ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ യജ്ഞം നടത്തി ഒരു ആഗോള നേതാവായി ഉയർന്നു വരികയും ചെയ്തു.*

**ഏറ്റവും വലിയ നേട്ടം ഇന്ത്യയിൽ**

**220.67+**

**കോടിയിലധികം വാക്സിൻ ഡോസുകൾ വിജയകരമായി വിതരണം ചെയ്തു.**

- പ്രധാനമന്ത്രി മോദിയുടെ ജന്മദിനത്തോടനുബന്ധിച്ച് 2021 സെപ്റ്റംബർ 17-ന് ഒറ്റ ദിവസംകൊണ്ട് 2.50 കോടിയിലധികം വാക്സിൻ ഡോസുകൾ വിതരണം ചെയ്തു. ഒരു ദിവസം നൽകിയ ഏറ്റവും ഉയർന്ന ഡോസിന്റെ റെക്കോർഡാണിത്.
- 'വസുധൈവ കുടുംബകം' (ലോകം ഒരു കുടുംബം) എന്ന മന്ത്രവുമായി 'ഒരു ഭൂമി-ഒരു ആരോഗ്യം' എന്ന കാഴ്ചപ്പാടോടെ വാക്സിൻ മൈത്രി പദ്ധതിക്ക് കീഴിൽ ഇന്ത്യ ലോകത്തിലെ മറ്റ് രാജ്യങ്ങൾക്ക് 30 കോടി ഡോസ് വാക്സിൻ നൽകി.

**അടിസ്ഥാന സൗകര്യ മേഖലയിൽ ചരിത്രപരമായ പുരോഗതി**

**ടെസ്റ്റിംഗ് ലാബ്**



| മാർച്ച്, 2020 | ഇപ്പോൾ |
|---|---|
| 14 | 3,400 |

**ഐസിയു കിടക്കകൾ**

| മാർച്ച്, 2020 | നവംബർ, 2023 |
|---|---|
| 2,168 | 1.45 ലക്ഷം |

**ഓക്സിജൻ കിടക്കകൾ**

| മാർച്ച്, 2020 | നവംബർ, 2023 |
|---|---|
| 50,583 | 5.5 ലക്ഷം |

**പിപിഇ കിറ്റ് നിർമ്മാണം | മാർച്ച്, 2020 0 ഇപ്പോൾ പ്രതിദിനം 4.5 ലക്ഷം**

- 1,500-ൽ അധികം പി.എസ്.എ. ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചു. പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ട്, വിവിധ മന്ത്രാലയങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ഈ പ്ലാന്റുകൾ സ്ഥാപിച്ചത്.
- ഗുരുതരമായി രോഗം ബാധിച്ച സംസ്ഥാനങ്ങളിലേക്ക് 900 ഓക്സിജൻ ട്രെയിനുകളിലൂടെ 36,840 ടണ്ണിലധികം ദ്രവീകൃത മെഡിക്കൽ ഓക്സിജൻ എത്തിച്ചു.
- 4,176 റെയിൽവേ കോച്ചുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമായ ഐസൊലേഷൻ, ക്വാറന്റൈൻ സൗകര്യങ്ങളാക്കി മാറ്റി. വ്യോമസേന ക്രയോജനിക് ഓക്സിജൻ ടാങ്കറുകളും അവശ്യ വൈദ്യോപകരണങ്ങളും വ്യോമമാർഗം എത്തിച്ചു.





ഇന്ന് ഏകദേശം 60 കോടി ഇന്ത്യക്കാർക്ക് ആയുഷ്മാൻ ഭാരത് യോജനയിലൂടെ ഉയർന്ന നിലവാരമുള്ളതും താങ്ങാനാവുന്നതുമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നു. ലോകത്തിലെ ഏറെ പ്രശസ്തമായ ആരോഗ്യ ജേണലുകളിലൊന്നായ 'ദി ലാൻസെറ്റ്', ആയുഷ്മാൻ ഭാരതിനെ പ്രശംസിക്കുകയും, ഈ പദ്ധതി ഇന്ത്യയിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട അസംതൃപ്തി ഇല്ലാതാക്കുന്നുവെന്ന് പറയുകയും ചെയ്തിരിക്കുന്നു. ഈ സാമൂഹിക ക്ഷേമ പദ്ധതികളെല്ലാം ആരോഗ്യപരമായ വെല്ലുവിളികളെ പരാജയപ്പെടുത്തുന്നതിൽ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 'ദി ലാൻസെറ്റ്' ഒരു പഠനത്തിൽ റിപ്പോർട്ട് ചെയ്തത് അനുസരിച്ച്, ആയുഷ്മാൻ ഭാരതിലൂടെ, കാൻസർ ചികിത്സ സമയബന്ധിതമായി തുടങ്ങുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 30 ദിവസത്തിനുള്ളിൽ കാൻസർ ചികിത്സ ലഭ്യമാക്കുന്ന കാര്യത്തിൽ 90 ശതമാനം വർധനയാണ് രോഗികൾക്കിടയിൽ ഉണ്ടായത്. ശുദ്ധവും ആരോഗ്യകരവുമായ, സ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന ഒരു ഭാരതം കെട്ടിപ്പടുക്കുമെന്ന് ഇന്ന് പുതിയ ഇന്ത്യ പ്രതിജ്ഞയെടുത്തിരിക്കുന്നു.

**ജൻ ഔഷധി: കുറഞ്ഞ വിലയിൽ, ഗുണനിലവാരമുള്ള മരുന്ന്**

ചികിത്സയ്ക്കായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ട ആവശ്യം വരുന്നില്ല. ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്ന് വീട്ടിലിരുന്ന് കഴിച്ചാൽ മതി. മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് കുറഞ്ഞ നിരക്കിൽ മരുന്ന് വാങ്ങാനുള്ള സൗകര്യവും ലഭ്യമാണ്.

"

**ഇന്ത്യയുടെ ആരോഗ്യ പരിഷ്കാരങ്ങളുടെ കാതൽ ഉൾച്ചേർക്കലാണ്. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരത് നമ്മൾ നടത്തുന്നു. ഏറ്റവും ദുർബലരായവരെ നമ്മൾ എങ്ങനെ പരിപാലിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ലോകത്തിന്റെ ആരോഗ്യം. വികസ്വര രാജ്യങ്ങളെ ആരോഗ്യപരമായ വെല്ലുവിളികൾ പ്രത്യേകമായി ബാധിക്കുന്നു. ഇന്ത്യയുടെ കാഴ്ചപ്പാട് ആവർത്തിക്കാനും വികസിപ്പിക്കാനും നിലനിർത്താനും കഴിയുന്ന ഒരു മാതൃക നൽകുന്നു.**

- പ്രധാനമന്ത്രി നരേന്ദ്ര മോദി

# യോഗ, ആയുർവേദം, പരമ്പരാഗത വൈദ്യശാസ്ത്രം എന്നിവയ്ക്കുള്ള ആഗോള അംഗീകാരം ഇന്ത്യ പുനഃസ്ഥാപിച്ചു.

*ഇന്ന് യോഗ, ആയുർവേദം, പരമ്പരാഗത വൈദ്യശാസ്ത്രം എന്നിവയ്ക്ക് വീണ്ടും ആഗോള അംഗീകാരം ലഭിച്ചിരിക്കുന്നു. ഇതിന് പിന്നിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചിന്താഗതിയാണ്, അതിലൂടെ 2014-ൽ ആദ്യമായി ഒരു പ്രത്യേക ആയുഷ് മന്ത്രാലയം രൂപീകരിച്ചു. ഇപ്പോൾ രാജ്യത്ത് മാത്രമല്ല, ലോകമെമ്പാടും ആയുർവേദത്തോടും യോഗയോടുമുള്ള മനോഭാവം മാറിയിരിക്കുന്നു, അവയുടെ സ്വീകാര്യതയും വർദ്ധിച്ചിരിക്കുന്നു.....*

**നിലവിൽ**

**7,51,768**

**ഡോക്ടർമാർ ആയുഷ് ചികിത്സാ രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.**

തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പരമ്പരാഗത വൈദ്യശാസ്ത്രത്തിൽ ആഗോളതലത്തിൽ ഒരു മുൻനിര രാജ്യമായി ഇന്ത്യ സ്വയം പ്രതിഷ്ഠിക്കപ്പെട്ടു. ഇപ്പോൾ 43,000-ത്തിലധികം പഠനങ്ങളാണ് ആയുഷ് റിസർച്ച് പോർട്ടലിൽ ഉള്ളത്.



- ആദ്യമായി അന്താരാഷ്ട്ര യോഗ ദിനം 2015 ജൂൺ 21-ന് സംഘടിപ്പിച്ചു. 2014 ഡിസംബർ 11-ന്, ഇന്ത്യയുടെ നിർദ്ദേശപ്രകാരം ഐക്യരാഷ്ട്രസഭ ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിച്ചു.
- കഴിഞ്ഞ 10 വർഷത്തിനിടെ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളുടെ എണ്ണം കഴിഞ്ഞ 60 വർഷത്തെ പ്രസിദ്ധീകരണങ്ങളേക്കാൾ കൂടുതലാണ്.
- ആയുഷ് മേഖല അതിവേഗ സാമ്പത്തിക വളർച്ച നേടി. അതിന്റെ ഉത്പാദന വിപണിയുടെ വലുപ്പം 2014-ൽ 2.85 ബില്യൺ ഡോളറായിരുന്നത് 2023-ൽ 23 ബില്യൺ ഡോളറായി വർധിച്ചു. ആയുഷ് വ്യവസായം 200 ബില്യൺ ഡോളർ എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം നീങ്ങുകയാണ്.
- ആയുഷ് ഗ്രിഡിന് കീഴിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും നിർമ്മിതബുദ്ധിയുടെ സംയോജനത്തിന് പുതിയ ഊന്നൽ നൽകുകയും ചെയ്യുന്നു.
- വൈ-ബ്രേക്ക് യോഗ പോലുള്ള കൂടുതൽ സമഗ്രമായ ഉള്ളടക്കം ഹോസ്റ്റ് ചെയ്യുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമാണ് ഐഗോട്ട് (iGOT).
- യോഗ പ്രോത്സാഹിപ്പിക്കുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നു.
- ഗുജറാത്തിലെ ജാംനഗറിൽ ലോകാരോഗ്യ സംഘടനയുടെ (WHO) ഗ്ലോബൽ സെന്റർ ഫോർ ട്രെഡീഷണൽ മെഡിസിൻ സ്ഥാപിച്ചത് ഒരു ചരിത്രപരമായ നേട്ടമാണ്. ഇത് പരമ്പരാഗത വൈദ്യശാസ്ത്രരംഗത്ത് ഇന്ത്യയുടെ നേതൃത്വം ശക്തിപ്പെടുത്തുന്നു.
- 2025 ജനുവരി 5-ന് ഡൽഹിയിലെ രോഹിണിയിൽ സെൻട്രൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിന് പ്രധാനമന്ത്രി മോദി തറക്കല്ലിട്ടു.
- കഴിഞ്ഞ ദശകത്തിൽ, ആയുഷ് സംവിധാനം 100-ൽ അധികം രാജ്യങ്ങളിലേക്ക് വ്യാപിച്ചു. പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായം വികസിപ്പിക്കുന്നതിനായി 10 പുതിയ ആയുഷ് സ്ഥാപനങ്ങൾ രാജ്യത്ത് തുറക്കുന്നുണ്ട്.
- 2025 മെയ് 29-ന് ഇന്ത്യാ ഗവൺമെന്റ് 'ആയുഷ് ഇൻവെസ്റ്റ്മെന്റ് സാരഥി' എന്ന പോർട്ടൽ ആരംഭിച്ചു. നിക്ഷേപകർക്ക് മാത്രമായി സമർപ്പിച്ചിട്ടുള്ള ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്.

ഇന്ത്യയുടെ ജൻ ഔഷധി പദ്ധതി (പിഎംബിജെപി) രാജ്യത്തെ കോടിക്കണക്കിന് ആളുകളുടെ മരുന്ന് ചെലവിനെക്കുറിച്ചുള്ള ആശങ്കകൾ ഇല്ലാതാക്കുക മാത്രമല്ല, അവരുടെ ജീവിതം എളുപ്പമാക്കുകയും ചെയ്തു. ഈ പദ്ധതി സാധാരണക്കാരന്റെ ജീവിതത്തിൽ അനുകൂല സ്വാധീനം ചെലുത്തി. ദിവസവും 12 ലക്ഷത്തിലധികം ആളുകളാണ് ജൻ ഔഷധി കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ വാങ്ങുന്നത്. ഇവിടെ ലഭിക്കുന്ന മരുന്നുകൾക്ക് വിപണി വിലയേക്കാൾ 50 മുതൽ 90 ശതമാനം വരെ വിലക്കുറവുണ്ട്. കൂടാതെ, വൃക്കരോഗം ഗുരുതരമാകുമ്പോൾ തുടർച്ചയായി ഡയാലിസിസ് ചെയ്യേണ്ടിവരും. ഇത് പതിവായി ചെയ്യേണ്ടതും, അതിനായി ദൂരയാത്ര ചെയ്യേണ്ടതും, വളരെയധികം പണം ചെലവാക്കേണ്ടതുമായിരുന്നു. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ 700-ൽ അധികം ജില്ലകളിലായി 1500-ൽ അധികം ഡയാലിസിസ് സെന്ററുകൾ തുറന്നിട്ടുണ്ട്. ഇവിടെ സൗജന്യ ഡയാലിസിസ് സൗകര്യവും ലഭ്യമാണ്.

**ആരോഗ്യ വിപ്ലവത്തിന്റെ അടിസ്ഥാനം സഹാനുഭൂതിയായി മാറി.**

നേരത്തെ, വീട്ടിൽ ആർക്കെങ്കിലും അസുഖം വന്നാൽ, അത് മുഴുവൻ കുടുംബത്തിനും ദുരിതമായിരുന്നുവെന്ന് പഴയ തലമുറയ്ക്ക് നന്നായി അറിയാം. ഒരു പാവപ്പെട്ട കുടുംബത്തിലെ ആരെങ്കിലും ഗുരുതരമായി രോഗബാധിതനായാൽ, അത് കുടുംബത്തിലെ ഓരോ അംഗത്തെയും ബാധിച്ചിരുന്നു.



## പി എം ഡയാലിസിസ് പരിപാടി 8000 കോടി രൂപ ലാഭിക്കുന്നതിലേക്ക് നയിച്ചു

**പ്രധാനമന്ത്രി രാഷ്ട്രീയ ഡയാലിസിസ് പ്രോഗ്രാമിന് (പിഎംഎൻഡിപി) കീഴിൽ, രാജ്യത്തുടനീളമുള്ള 36 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി ഏകദേശം 750 ജില്ലകളിലെ 1,674 കേന്ദ്രങ്ങളിൽ 11,757 ഹീമോ-ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നുണ്ട്. 2025 ജൂൺ 3 വരെ, ആകെ 27.86 ലക്ഷം രോഗികൾ ഡയാലിസിസ് സേവനം പ്രയോജനപ്പെടുത്തി. ഈ കാലയളവിൽ, ആകെ 342.25 ലക്ഷം ഹീമോ-ഡയാലിസിസ് സെഷനുകൾ നടത്തി. പ്രധാനമന്ത്രി രാഷ്ട്രീയ ഡയാലിസിസ് പ്രോഗ്രാമിന്റെ ഫലമായി ഈ പദ്ധതിയിലൂടെ രോഗികൾക്ക് ഇതുവരെ ആകെ 8,000 കോടി രൂപ ലാഭിക്കാൻ കഴിഞ്ഞു.**

ചികിത്സയ്ക്കായി ആളുകൾക്ക് വീടും, ഭൂമിയും, സ്വർണ്ണാഭരണങ്ങളും മറ്റും വിൽക്കേണ്ടിവന്ന ഒരു കാലമുണ്ടായിരുന്നു. ഗുരുതരമായ രോഗത്തിന്റെ  ചികിത്സാച്ചെലവ് കേൾക്കുമ്പോൾ ദരിദ്രർ തളർന്നുപോകുമായിരുന്നു. ഒരു വയോധികയായ അമ്മ സ്വയം ചികിത്സിക്കണോ അതോ പേരക്കുട്ടികളുടെ വിദ്യാഭ്യാസത്തിന് പണം മുടക്കണോ എന്ന് ചിന്തിക്കുമായിരുന്നു. ഒരു വയോധികനായ അച്ഛൻ സ്വയം ചികിത്സിക്കണോ അതോ കുടുംബച്ചെലവുകൾ നോക്കണോ എന്ന് ചിന്തിക്കുമായിരുന്നു. അതിനാൽ, പാവപ്പെട്ട കുടുംബത്തിലെ മുതിർന്നവർക്ക് ഒരു വഴി മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. നിശ്ശബ്ദമായി ദുരിതങ്ങൾ സഹിക്കുക, വേദന സഹിക്കുക, നിശ്ശബ്ദമായി മരണത്തിനായി കാത്തിരിക്കുക. പണമില്ലാത്തതുകൊണ്ട് ചികിത്സിക്കാൻ കഴിയാത്ത നിസ്സഹായത പാവപ്പെട്ടവരെ തകർക്കുമായിരുന്നു. ഈ വേദന പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മനസ്സിലായി, ആ സംവേദനക്ഷമതയിൽ നിന്നാണ് ആയുഷ്മാൻ ഭാരത് യോജന ജനിച്ചത്. പാവപ്പെട്ടവരുടെ ആശുപത്രിവാസത്തിനുള്ള ചെലവ് 5 ലക്ഷം രൂപ വരെ വഹിക്കുമെന്ന് കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി പലപ്പോഴും പൊതുവേദിയിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്, 'എന്റെ ആരോഗ്യം രാജ്യത്തിന് ഒരു ഭാരമാകാതിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ അവസാന ശ്വാസം വരെ ഒരു ആരോഗ്യവാനായി ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.' ആരോഗ്യത്തോടുള്ള ഈ സമീപനം കാരണം, ആദ്യമായി ആരോഗ്യത്തിന് ഗവണ്മെന്റിന്റെ അജണ്ടയിൽ മുൻഗണന ലഭിച്ചു. ഏറ്റവും പാവപ്പെട്ടവരെ പോലും പരിപാലിക്കുന്ന ആധുനിക ആരോഗ്യ സംവിധാനം രാജ്യത്ത് വേണമെന്നത് വളരെക്കാലമായി രാജ്യത്തിന്റെ ആഗ്രഹമായിരുന്നു. പാവപ്പെട്ടവരുടെ ആരോഗ്യം സംരക്ഷിക്കുകയും, രോഗങ്ങളിൽ നിന്ന് അവരെ കാക്കുകയും, അവർ രോഗബാധിതരായാൽ മികച്ച ചികിത്സ നൽകുകയും ചെയ്യുന്ന ഒരു ആരോഗ്യ സംവിധാനം. ഒരു നല്ല ആരോഗ്യ സൗകര്യമെന്നാൽ വെറും ഘടനകൾ നിർമ്മിക്കുകയെന്നല്ല അർത്ഥമാക്കുന്നത്. ഏതൊരു രാജ്യത്തിന്റെയും ആരോഗ്യ സംവിധാനം എല്ലാ രീതിയിലും പരിഹാരങ്ങൾ നൽകുകയും ഓരോ ഘട്ടത്തിലും പിന്തുണ നൽകുകയും ചെയ്യുമ്പോൾ മാത്രമാണ് അത് ശക്തമാകുന്നത്. അതിനാൽ, കഴിഞ്ഞ 11 വർഷമായി, രാജ്യത്ത് സമഗ്രമായ ആരോഗ്യ സംരക്ഷണത്തിന് മുൻഗണന നൽകിയിട്ടുണ്ട്. കഴിഞ്ഞ 11 വർഷത്തിനിടെ ഇന്ത്യയിൽ ആരോഗ്യ മേഖലയിൽ ചെയ്തത്രയും കാര്യങ്ങൾ കഴിഞ്ഞ 70 വർഷത്തിനിടെ ചെയ്തിട്ടില്ല. ഒരു രാജ്യത്തിലെ പൗരന്മാർ എത്രത്തോളം ആരോഗ്യവാന്മാരാണോ, അത്രത്തോളം വേഗത്തിൽ ആ രാജ്യം പുരോഗമിക്കും. ഈ ചിന്തയോടൊപ്പം, പൗരന്മാരുടെ ആരോഗ്യത്തിന് മുൻഗണന നൽകിക്കൊണ്ട്, കേന്ദ്ര ഗവണ്മെന്റ് 2017-ലെ ആരോഗ്യ നയം വഴി സാർവത്രിക ആരോഗ്യ പരിരക്ഷ എന്ന പുതിയ ഉദ്യമം ആരംഭിച്ചു. ഇന്ന്, രാജ്യത്തെ ഏറ്റവും ദരിദ്രരായ ആളുകൾക്ക് ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു മേഖലയിൽ മാത്രമല്ല, ആറ് മേഖലകളിൽ ആയിരക്കണക്കിന് കോടി രൂപയുടെ റെക്കോർഡ് നിക്ഷേപവുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.



കഴിഞ്ഞ 11 വർഷത്തിനിടയിൽ, ആരോഗ്യമേഖല ഒരു പുതിയ ചരിത്രം സൃഷ്ടിച്ചു. റെക്കോർഡ് എണ്ണം എയിംസ് (AIIMS) സ്ഥാപനങ്ങളും മെഡിക്കൽ കോളേജുകളും ആരംഭിച്ചു. ഇത് ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുകയും, സൗകര്യവും സുരക്ഷയും വർദ്ധിപ്പിക്കുകയും ചെയ്തു.




- **ഒന്നാമത്തെ മേഖല – രോഗപ്രതിരോധ ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുക.**
- **രണ്ടാമത്തെ മേഖല – ഓരോ ഗ്രാമത്തിലും ചെറുതും ആധുനികവുമായ ആശുപത്രികൾ തുറക്കുക.**
- **മൂന്നാമത്തെ മേഖല – നഗരങ്ങളിൽ മെഡിക്കൽ കോളേജുകളും വലിയ വൈദ്യശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും സ്ഥാപിക്കുക.**
- **നാലാമത്തെ മേഖല – രാജ്യത്തുടനീളം ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുക.**
- **അഞ്ചാമത്തെ മേഖല – രോഗികൾക്ക് മിതമായ നിരക്കിൽ മരുന്നുകളും വിലകുറഞ്ഞ ഉപകരണങ്ങളും ലഭ്യമാക്കുക.**
- **ആറാമത്തെ മേഖല – സാങ്കേതികവിദ്യ ഉപയോഗിച്ച് രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക.**

ചികിത്സയ്ക്ക് മാത്രമല്ല, ചികിത്സ കഴിഞ്ഞ് ആശുപത്രി വിട്ട ശേഷമുള്ള സൗകര്യങ്ങളും ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വന്ന ആളുകൾ ഒരു കാരണവശാലും തിരികെ ദാരിദ്ര്യരേഖയ്ക്ക് താഴെ പോകാതിരിക്കാൻ വേണ്ടിയാണിത്. ഇതിനായി സൗജന്യ ഭക്ഷ്യധാന്യ പദ്ധതി തുടരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ശ്രമഫലമായി 25 കോടി ആളുകൾ ദാരിദ്ര്യത്തിൽ നിന്ന് പുറത്തുവരികയും ഒരു പുതിയ മധ്യവർഗ്ഗം രൂപംകൊള്ളുകയും ചെയ്തു.

**ആരോഗ്യ സുരക്ഷയ്ക്ക് സാർവത്രിക വാക്സിനേഷന്റെ സംഭാവന**

കഴിഞ്ഞ 11 വർഷത്തിനിടയിൽ ഇന്ത്യയിലെ ഏറ്റവും പരിവർത്തനപരമായ മേഖലകളിലൊന്നായി ആരോഗ്യമേഖല മാറി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശക്തമായ നേതൃത്വത്തിന് കീഴിൽ, വാക്സിനേഷനിലും രോഗപ്രതിരോധത്തിലും രാജ്യം സ്ഥായിയായ പുരോഗതി കൈവരിച്ചു. ഗോത്ര ഗ്രാമങ്ങളിലെ നവജാത ശിശുക്കൾ മുതൽ നഗരങ്ങളിലെ സ്കൂൾ കുട്ടികൾ വരെ, രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചേരാനും ആരെയും പിന്നിലാക്കാതെ സംരക്ഷിക്കാനും ഗവൺമെന്റ് ലക്ഷ്യമിടുന്നു. 2014-ന് മുമ്പ്, കുറഞ്ഞ വാക്സിനേഷൻ കവറേജ്, ഉയർന്ന ടി.ബി. നിരക്ക്, സ്ത്രീകളിലും കുട്ടികളിലും പടർന്നുപിടിച്ച അഞ്ചാംപനി, റൂബെല്ല, മലേറിയ തുടങ്ങിയ രോഗങ്ങളുടെ പതിവ് വ്യാപനം എന്നിങ്ങനെയുള്ള വെല്ലുവിളികൾ ഇന്ത്യ നേരിട്ടിരുന്നു. എന്നാൽ 2025 ആയപ്പോഴേക്കും ചിത്രം മാറി; ലോകത്തിലെ ഏറ്റവും മികച്ചതും വിജയകരവുമായ ആരോഗ്യ ദൗത്യങ്ങളിലൊന്നാണ് ഇന്ത്യയ്ക്കുള്ളത്. സേവനം, അർപ്പണബോധം, എല്ലാവരെയും ഒപ്പം കൊണ്ടുപോകുക എന്ന മനോഭാവം എന്നിവയെല്ലാം പ്രധാനമന്ത്രി മോദിയുടെ ജനകേന്ദ്രീകൃത ഭരണ മാതൃകയിൽ വ്യക്തമായി പ്രതിഫലിക്കുന്നു.

നേരത്തെ കോടിക്കണക്കിന് കുട്ടികൾക്ക് ജീവൻ രക്ഷാ വാക്സിനുകൾ ലഭിച്ചിരുന്നില്ല എന്ന വസ്തുത മനസ്സിലാക്കി 2014-ൽ മിഷൻ ഇന്ദ്രധനുഷ് ആരംഭിച്ചു. അതേസമയം, വാക്സിനേഷൻ ആർക്കും നഷ്ടമാകുന്നില്ലെന്ന് ഉറപ്പാക്കാൻ 2024 ഒക്ടോബറിൽ യു-വിൻ പോർട്ടൽ (U-WIN portal) ആരംഭിച്ചു. ഇപ്പോൾ വാക്സിനേഷന്റെ മുഴുവൻ രേഖകളും ഡിജിറ്റലായി. ഒരു ലൈവ് ഡാഷ്ബോർഡിന്റെയും എസ്.എം.എസ്. അലേർട്ടുകളുടെയും സഹായത്തോടെ, വാക്സിനുകൾ നഷ്ടമാകുന്ന സംഭവങ്ങൾ ഇപ്പോൾ കുറഞ്ഞു. ആധാർ തിരിച്ചറിയൽ സുതാര്യമാക്കുകയും എല്ലാവരെയും ബന്ധിപ്പിക്കുകയും ചെയ്തതുപോലെ, യു-വിൻ പോർട്ടലിലൂടെ, വാക്സിനേഷൻ എളുപ്പവും സുതാര്യവും എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യുന്നു.

**ഇന്ത്യൻ ആയുഷിന്റെ ആഗോള വ്യാപനം**

ഇന്ത്യ വളരെക്കാലമായി സമഗ്രമായ ആരോഗ്യപരിരക്ഷയുടെ ഒരു പ്രധാന കേന്ദ്രമാണ്. ആയുർവേദം, യോഗ തുടങ്ങിയ പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ ഇന്ത്യയുടെ പുരാതന നാഗരികതയിലും ആഴത്തിലുള്ള വിജ്ഞാന പാരമ്പര്യത്തിലും വേരൂന്നിയതാണ്. എന്നിട്ടും, പതിറ്റാണ്ടുകളായി ഈ അമൂല്യമായ അറിവ്, തുടർ ഗവൺമെന്റുകളാൽ അവഗണിക്കപ്പെടുകയും വിലപ്പെട്ടതല്ലെന്ന് കരുതുകയും ചെയ്തു.

എന്നാൽ നിലവിലെ കേന്ദ്ര ഗവണ്മെന്റിന്റെ സമീപനം അതിനെ പൂർണ്ണമായും മാറ്റിമറിച്ചു. ഇന്ത്യയുടെ പരമ്പരാഗത വൈദ്യ പൈതൃകത്തെ അവർ അഭിമാനത്തോടും ലക്ഷ്യബോധത്തോടും കൂടി പുനരുജ്ജീവിപ്പിച്ചു. 2014 ഡിസംബർ 11-ന് ഒരു ചരിത്ര നിമിഷം പിറന്നു. ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ ഇന്ത്യ ചരിത്രം സൃഷ്ടിച്ചു - ഈ ദിവസം, ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിക്കുന്ന പ്രമേയത്തെ 177 രാജ്യങ്ങൾ ഒരുമിച്ച് പിന്തുണച്ചു. ഇത് യോഗയുടെ ആഗോള അംഗീകാരം മാത്രമല്ല, ഇന്ത്യ അതിന്റെ സാംസ്കാരികവും ആത്മീയവുമായ പൈതൃകം വീണ്ടും ഏറ്റെടുക്കുകയും അഭിമാനത്തോടെ ലോകത്തിന് സമർപ്പിക്കുകയും ചെയ്ത നിമിഷത്തെ അടയാളപ്പെടുത്തി.

**ഒരു ഭൂമി - ഒരു ആരോഗ്യം എന്ന ആഗോള ദൗത്യം**

ആരോഗ്യം നമ്മുടെ പങ്കിട്ട മുൻഗണനകളിലെ മറ്റൊരു സ്തംഭമാണ്. ഇന്ത്യയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരത് ഏകദേശം 60 കോടി ജനങ്ങൾക്ക് പരിരക്ഷ നൽകുന്നുണ്ട്. എന്നാൽ ആരോഗ്യത്തോടുള്ള ഇന്ത്യയുടെ ശ്രദ്ധ ഇന്ത്യക്കാരിൽ മാത്രം ഒതുങ്ങുന്നില്ല. 'ഒരു ഭൂമി, ഒരു ആരോഗ്യം' എന്ന ഇന്ത്യയുടെ ദൗത്യം ആരോഗ്യത്തെ പങ്കിട്ട ആഗോള ഉത്തരവാദിത്തമായാണ് കാണുന്നത്. കോവിഡ് മഹാമാരിക്കാലത്ത് ആഫ്രിക്കയ്ക്കൊപ്പം ഇന്ത്യ നിന്നു. ആ സമയത്ത് വാക്സിനുകളും മരുന്നുകളും ലഭ്യമാക്കിയിരുന്നു. 'ആരോഗ്യ മൈത്രി' എന്ന സംരംഭത്തിന് കീഴിൽ പരിശീലനം, ആശുപത്രി ഉപകരണങ്ങൾ, മരുന്നുകൾ എന്നിവയിലൂടെയും ഇന്ത്യ ആഫ്രിക്കയെ പിന്തുണച്ചു. നൂതനമായ കാൻസർ ചികിത്സയ്ക്കായി നമീബിയയിലേക്ക് ഒരു ഭാഭാട്രോൺ റേഡിയോതെറാപ്പി യന്ത്രം നൽകാനും ഇന്ത്യ തയ്യാറെടുക്കുകയാണ്. ഇന്ത്യയിൽ വികസിപ്പിച്ച ഈ യന്ത്രം 15 രാജ്യങ്ങളിൽ ഉപയോഗത്തിലുണ്ട്. ഏകദേശം അഞ്ച് ലക്ഷം ഗുരുതരമായ കാൻസർ രോഗികളെ വിവിധ രാജ്യങ്ങളിൽ ഈ യന്ത്രം സഹായിച്ചിട്ടുണ്ട്.

സംശയമില്ല, വികസിത് ഭാരത് എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു ആരോഗ്യ വിപ്ലവമാണ് ആയുഷ്മാൻ ഭാരത് യോജന. മെച്ചപ്പെട്ട ആരോഗ്യപരിരക്ഷ കാരണം ആയുർദൈർഘ്യത്തിൽ ഉണ്ടാകുന്ന ഒരു വർഷത്തെ വർദ്ധനവ് പോലും ജി.ഡി.പി.യിൽ 4 ശതമാനം വരെ വർദ്ധനവിന് കാരണമാകുമെന്ന് പഠനങ്ങൾ കാണിക്കുന്നു. ആയുഷ്മാൻ ഭാരത് യോജന എട്ടാം വർഷത്തിലേക്ക് കടക്കുമ്പോൾ, യാതൊരു ആരോഗ്യ പ്രതിസന്ധിയിലും ഒരു ഇന്ത്യക്കാരനും ഒറ്റപ്പെടില്ലെന്ന് ഉറപ്പാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ജനസംഖ്യ കൂടിയ വൈവിധ്യമാർന്ന ഒരു രാജ്യത്തിന് ഈ പദ്ധതി എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ഇന്ന്, രാജ്യത്തെയും ദരിദ്രരെയും ഇടത്തരക്കാരെയും ഉയർന്ന ചികിത്സാച്ചെലവിന്റെ ഭാരത്തിൽ നിന്ന് മോചിപ്പിക്കാൻ രാജ്യവും അതിന്റെ നേതൃത്വവും ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. ഇന്ന്, രാജ്യം ഈ ദിശയിൽ അതിവേഗം മുന്നോട്ട് പോകുന്നു. ആയുഷ്മാൻ ഭാരത്, സമഗ്രവും സാർവത്രികവുമായ ആരോഗ്യ സംരക്ഷണത്തിന്റെ ആഗോള മാതൃക സൃഷ്ടിച്ചു, അവിടെ രാഷ്ട്രം പറയുന്നു - ആയുഷ്മാൻ ഭവഃ.

**2014-ന് മുൻപ് ആരോഗ്യമേഖല അവഗണിക്കപ്പെട്ട ഒരു വിഭാഗമായിരുന്നു. എന്നാൽ ഇന്ന് നിങ്ങൾ പണക്കാരനോ ദരിദ്രനോ ആകട്ടെ, വിദൂര ഗ്രാമത്തിലോ മെട്രോ നഗരത്തിലോ താമസിക്കുന്ന ആളാകട്ടെ, എല്ലാവർക്കും ഗുണമേന്മയുള്ള ആരോഗ്യസംരക്ഷണം ഉറപ്പുനൽകുന്ന ഒരു വ്യവസ്ഥയുടെ ഭാഗമാണ് നിങ്ങൾ. ഇതാണ് പ്രധാനമന്ത്രി മോദിയുടെ പുതിയ ഇന്ത്യ. ആരോഗ്യപരിരക്ഷ എല്ലാവർക്കും പ്രാപ്യമാകുന്ന ഒരു 'വികസിത ഇന്ത്യ'യായി ഇത് അതിവേഗം മാറിക്കൊണ്ടിരിക്കുന്നു.**

**- ജെ.പി. നദ്ദ, കേന്ദ്ര ആരോഗ്യമന്ത്രി**





# ബീഹാറിന്റെ മഹത്വത്തിന് ആദരമായി പുരോഗതിയുടെ സന്ദേശം

***ഇന്ത്യയുടെ അനശ്വര വിശ്വാസത്തിന്റെ പ്രതീകമാണ് ഗയാജി. ഇന്ത്യയുടെ ആത്മീയവും സാംസ്കാരികവുമായ പൈതൃകത്തിന്റെ ജീവിക്കുന്ന ഉദാഹരണം കൂടിയാണിത്. ഭഗവാൻ വിഷ്ണുവിന്റെ അനുഗ്രഹത്താൽ രക്ഷയുടെ നാട് എന്നാണ് ഇതിനെ വിളിക്കുന്നത്, ഭഗവാൻ ബുദ്ധൻ ജ്ഞാനോദയം നേടിയത് ഇവിടെയാണ്. ഈ പുണ്യഭൂമിയുടെ മഹത്വം അനുസ്മരിച്ചുകൊണ്ട്, ഓഗസ്റ്റ് 22 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പുണ്യഭൂമിയായ ഗയാജിയിൽ നിന്ന് ബീഹാറിനായി 12,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ തറക്കല്ലിടുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു...***

പൈതൃകം സംരക്ഷിച്ചുകൊണ്ടുള്ള വികസനമെന്നത് പുതിയ, നവീന ഇന്ത്യയുടെ മന്ത്രമായി മാറിയിരിക്കുന്നു. ആധുനിക അടിസ്ഥാന സൗകര്യങ്ങളാണ് അതിന്റെ സ്വത്വം. വികസിത ഭാരതത്തിലേക്കുള്ള പാതയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി പുണ്യഭൂമിയായ ഗയാ ജി സന്ദർശിച്ചുകൊണ്ട് ഈ തുടർച്ചയായ യാത്രയിൽ ഒരു പുതിയ അധ്യായം കൂട്ടിച്ചേർത്തു. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായ ഗയയിൽ 12,000 കോടിരൂപയിലധികം വിലമതിക്കുന്ന വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു. ഊർജ്ജം, ആരോഗ്യം, നഗരവികസനം എന്നിവയുമായി ബന്ധപ്പെട്ട ഈ പദ്ധതികൾ ബീഹാറിന്റെ വ്യവസായ മേഖലയെ ശക്തിപ്പെടുത്തുമെന്നും യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

വികസിത ഭാരതത്തിന് വികസിത ബീഹാറിന്റെ പ്രാധാന്യം എടുത്തുകാണിച്ച പ്രധാനമന്ത്രി മോദി കഴിഞ്ഞ 11 വർഷത്തിനിടയിൽ ഉണ്ടായ പരിവർത്തനങ്ങളെക്കുറിച്ച് പരാമർശിച്ചു. ദരിദ്രരുടെ ജീവിതത്തിൽ നിന്ന് പ്രതിസന്ധികൾ ഇല്ലാതാക്കുന്നതിനും സ്ത്രീകളുടെ ജീവിതം സുഗമമാക്കുന്നതിനുമുള്ള തന്റെ പ്രതിജ്ഞാബദ്ധത അദ്ദേഹം ആവർത്തിച്ചു. പ്രധാനമന്ത്രി മോദിയുടെ പ്രസംഗത്തിലെ അഞ്ച് പ്രധാന വസ്തുതകൾ ഇതാ...

**1. സൗകര്യം, സുരക്ഷ, അന്തസ്സ് എന്നിവയുടെ ഉറപ്പ്**

കഴിഞ്ഞ 11 വർഷത്തിനിടെ ദരിദ്രർക്കായി 4 കോടി ഉറപ്പുള്ള വീടുകൾ നിർമ്മിച്ചു. ബീഹാറിൽ മാത്രം 38 ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചുവെന്നും ഗയ ജില്ലയിലെ 2 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് സ്വന്തമായി വീടുകൾ ലഭിച്ചതായും ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി മോദി, ഇവ കേവലം വീടുകൾ മാത്രമല്ല, ദരിദ്രരുടെ അന്തസ്സിന്റെ പ്രതീകങ്ങളാണെന്നും ഊന്നിപ്പറഞ്ഞു. ഈ വീടുകളിൽ വൈദ്യുതി, വെള്ളം, ശൗചാലയങ്ങൾ, ഗ്യാസ് കണക്ഷൻ എന്നിവ സജ്ജീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം വിവരിച്ചു. ദരിദ്ര കുടുംബങ്ങൾക്ക് പോലും സൗകര്യപ്രദവും സുരക്ഷിതവും അന്തസ്സും നിറഞ്ഞ ജീവിതം ഉറപ്പുനൽകിയിട്ടുണ്ട് എന്നാണ് ഇതിനർത്ഥം.

**2. ബീഹാറിന്റെ മണ്ണിൽ നിന്നും ഓപ്പറേഷൻ സിന്ദൂർ പൂർത്തീകരിച്ചു**

ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീരുത്വം നിറഞ്ഞ ഭീകരാക്രമണത്തിന് ശേഷം മധുബനിയിൽ സംഘടിപ്പിച്ച പരിപാടിയിൽ തന്റെ പ്രസംഗം അനുസ്മരിച്ച പ്രധാനമന്ത്രി മോദി, ബീഹാർ ചന്ദ്രഗുപ്ത മൗര്യന്റെയും ചാണക്യന്റെയും നാടാണെന്ന് പറഞ്ഞു. ഒരു ശത്രു, ഇന്ത്യയെ വെല്ലുവിളിച്ചപ്പോഴെല്ലാം ബീഹാർ രാജ്യത്തിന്റെ കവചമായി നിലകൊണ്ടിട്ടുണ്ട്. പഹൽഗാമിൽ ഒരു ഭീകരാക്രമണം ഉണ്ടായപ്പോൾ, നമ്മുടെ നിരപരാധികളായ പൗരന്മാരെ അവരുടെ മതം ചോദിച്ചതിന് ശേഷം കൊലപ്പെടുത്തി. ഭീകരതയെ തുടച്ചുനീക്കുമെന്ന് താൻ പ്രതിജ്ഞയെടുത്തത് ബീഹാറിന്റെ മണ്ണിൽ നിന്നാണെന്നും ബീഹാറിന്റെ മണ്ണിൽ എടുത്ത ആ ദൃഢനിശ്ചയത്തിന്റെ പൂർത്തീകരണത്തിന് ഇന്ന് ലോകം സാക്ഷ്യം വഹിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ പ്രതിരോധ തന്ത്രത്തിൽ ഓപ്പറേഷൻ സിന്ദൂർ ഒരു പുതിയ നാഴികക്കല്ല് സൃഷ്ടിച്ചു.

**3. അഴിമതി ഇനി അനുവദിക്കില്ല**

അഴിമതിക്കെതിരായ തന്റെ പോരാട്ടത്തെക്കുറിച്ച് പരാമർശിക്കവേ, പ്രധാനമന്ത്രി എന്ന നിലയിൽ 2014 മുതലുള്ള തന്റെ ഭരണകാലത്ത് അഴിമതിയുടെ ഒരു കറ പോലും ഉണ്ടായിട്ടില്ലെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. എല്ലാ പൊതുജനപ്രതിനിധികളിൽ നിന്നും ഭരണഘടന, സത്യ






**4. ബീഹാർ ഇപ്പോൾ സമഗ്ര വികസന പാതയിൽ**

ബീഹാറിന്റെ വികസന യാത്രയുടെ പുതിയ രൂപരേഖ അവതരിപ്പിച്ച പ്രധാനമന്ത്രി മോദി, നിരക്ഷരതയും തൊഴിലില്ലായ്മയും മൂലം കുടിയേറ്റത്തിന് നിർബന്ധിതമാക്കപ്പെട്ട പഴയകാലത്തെക്കുറിച്ച് ജനങ്ങളെ ഓർമ്മിപ്പിച്ചു. എന്നാൽ ഇപ്പോൾ പുതിയൊരു പുരോഗതിയുടെ പാതയിലേക്ക് നീങ്ങുകയാണ്. ബീഹാറിൽ നിന്നുള്ളവരെ തന്റെ സംസ്ഥാനത്തേക്ക് പ്രവേശിപ്പിക്കില്ലെന്ന് ഒരു മുഖ്യമന്ത്രി വേദിയിൽ നിന്ന് പറഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ബീഹാറിന്റെ വികസനത്തിലൂടെയാണ് ഗവൺമെന്റ്, ഇപ്പോൾ ഇത്തരം വെല്ലുവിളികൾക്ക് മറുപടി നൽകുന്നത്. കഴിഞ്ഞ വർഷങ്ങളിൽ, പഴയ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ കണ്ടെത്തി. കൂടാതെ പുരോഗതിയുടെ പുതിയ പാതകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ബീഹാറിന്റെ മക്കൾക്ക് ഇവിടെ തൊഴിൽ ലഭിക്കണമെന്നും അന്തസ്സോടെയുള്ള ജീവിതം വേണമെന്നും മാതാപിതാക്കളെ പരിപാലിക്കാൻ കഴിയണമെന്നുമുള്ള ചിന്തയോടെയാണ് ഗവണ്മെന്റ് പ്രവർത്തിക്കുന്നത്.

സന്ധതയും സുതാര്യതയും പ്രതീക്ഷിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക് കൂടി ബാധകമാക്കി ഞങ്ങളുടെ ഗവണ്മെന്റ് കർശനമായ ഒരു അഴിമതി വിരുദ്ധ നിയമം കൊണ്ടുവന്നു. ആരെങ്കിലും ജയിലിലായാൽ, 30 ദിവസത്തിനുള്ളിൽ അവർക്ക് ജാമ്യം നേടേണ്ടി വരും; അല്ലെങ്കിൽ, 31-ാം ദിവസം അവർക്ക് കസേരയിൽ നിന്ന് ഒഴിയേണ്ടി വരും. ഒരു സാധാരണ ഗവണ്മെന്റ് ജീവനക്കാരനെ 50 മണിക്കൂർ കസ്റ്റഡിയിൽ വെച്ചാൽ, അയാൾ സ്വയമേവ സസ്പെൻഡ് ചെയ്യപ്പെടുമെന്നതാണ് ഇന്നത്തെ നിയമമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഒരാൾ മുഖ്യമന്ത്രിയോ മന്ത്രിയോ പ്രധാനമന്ത്രിയോ ആണെങ്കിൽ, അയാൾക്ക് ജയിലിൽ കിടന്നുകൊണ്ടുപോലും അധികാരത്തിന്റെ ശക്തി ആസ്വദിക്കാൻ കഴിയും. ഇതെങ്ങനെ അനുവദിക്കും?

**5. ഇന്ത്യയുടെ സൗകര്യങ്ങളിൽ ഇന്ത്യക്കാർക്ക് അവകാശമുണ്ട്**

രാജ്യത്തെ ജനസംഖ്യാപരമായ മാറ്റത്തെക്കുറിച്ച് പരാമർശിക്കവേ, ഈ ഭീഷണി ബീഹാറും നേരിടുന്നതായി പ്രധാനമന്ത്രി മോദി പറഞ്ഞു. രാജ്യത്ത് നുഴഞ്ഞുകയറ്റക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ആശങ്കാജനകമാണ്. ബീഹാറിന്റെ അതിർത്തി ജില്ലകളിൽ ജനസംഖ്യ അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ, രാജ്യത്തിന്റെ ഭാവി നുഴഞ്ഞുകയറ്റക്കാർ തീരുമാനിക്കരുതെന്ന് എൻഡിഎ ഗവണ്മെന്റ് തീരുമാനിച്ചു. ബീഹാറിലെ യുവാക്കളിൽ നിന്ന് തൊഴിലവസരങ്ങൾ തട്ടിയെടുക്കാൻ നുഴഞ്ഞുകയറ്റക്കാരെ അനുവദിക്കില്ല. ഇന്ത്യൻ ജനതയ്ക്ക് അവകാശമുള്ള സൗകര്യങ്ങൾ കൊള്ളയടിക്കാൻ നുഴഞ്ഞുകയറ്റക്കാരെ അനുവദിക്കില്ല. ഈ ഭീഷണിയെ നേരിടാൻ, ജനസംഖ്യാപരമായ ദൗത്യം ആരംഭിക്കുന്നതിനെക്കുറിച്ച് ഞാൻ സംസാരിച്ചു. വളരെ വേഗം, ഈ ദൗത്യം അതിന്റെ പ്രവർത്തനം ആരംഭിക്കും. അതോടെ രാജ്യത്ത് നിന്ന് എല്ലാ നുഴഞ്ഞുകയറ്റക്കാരെയും ഞങ്ങൾ പുറത്താക്കും.





# ബീഹാറിന്റെ അഭിവൃദ്ധിക്ക് ഉത്തേജനം; ആന്റാ-സിമാരിയ പാലം ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ

**1,870** കോടിയിലധികം രൂപ നിർമ്മാണത്തിനായി ചെലവഴിച്ചു

**8.15** കിലോമീറ്റർ നീളമുള്ള പാലം

- മൊകാമയിലെ ആന്റയ്ക്കും ബെഗുസാരായിയിലെ സിമാരിയയ്ക്കും ഇടയിൽ പുതിയ പാലം നിർമ്മിക്കുന്നത് മധുബനി, സുപോൾ, അരാരിയ, ബെഗുസരായി എന്നിവിടങ്ങളിലേക്ക് തെക്കൻ ബീഹാറിലെ ഷെയ്ഖ്പുര, നവാഡ, ലഖിസാരായി എന്നിവിടങ്ങളിൽ നിന്നും മികച്ച റോഡ് ഗതാഗത ബന്ധം നൽകും. ഇതിൽ ഗംഗാ നദിക്ക് കുറുകെയുള്ള 1.86 കിലോമീറ്റർ നീളമുള്ള 6 വരി പാലവും ഉൾപ്പെടുന്നു.
- പഴയ രാജേന്ദ്ര പാലത്തിലൂടെ ഭാരവാഹനങ്ങൾ നിരോധിച്ചത് മൂലം ദൂരം 100 കിലോമീറ്റർ വർദ്ധിച്ചിരുന്നു. ഇപ്പോൾ ഈ ദൂരം കേവലം 8 കിലോമീറ്റർ കൊണ്ട് സഞ്ചരിക്കാനാകും. ഗതാഗതക്കുരുക്കിൽ നിന്ന് ആശ്വാസം ലഭിക്കും. ബറൗണി തെർമൽ പ്ലാന്റ്, സംസ്കരണ ശാല, സുധ ഡയറി എന്നിവയുൾപ്പെടെയുള്ള പ്രാദേശിക വ്യവസായങ്ങൾക്കും കാർഷിക മേഖലയ്ക്കും ഉത്തേജനം ലഭിക്കും.

- ഗയാജിക്കും ഡൽഹിക്കും ഇടയിലുള്ള അമൃത് ഭാരത് എക്സ്പ്രസും വൈശാലിക്കും കോഡെർമയ്ക്കും ഇടയിലുള്ള ബുദ്ധിസ്റ്റ് സർക്യൂട്ട് ട്രെയിനും ഫ്ലാഗ് ഓഫ് ചെയ്തു. ഇതിലൂടെ ആധുനിക സുഖസൗകര്യങ്ങൾ, സുരക്ഷ എന്നിവയോടൊപ്പം സാംസ്കാരിക പൈതൃകത്തിന് ആഗോളതലത്തിൽ ഒരു പുതിയ സ്വത്വം നൽകും.
- ബക്സറിൽ ഏകദേശം 6,900 കോടി രൂപ വിലമതിക്കുന്ന 1,320 മെഗാവാട്ട് താപവൈദ്യുത പദ്ധതിയിൽ 660 മെഗാവാട്ട് ശേഷിയുള്ള ആദ്യ യൂണിറ്റിന്റെ ഉദ്ഘാടനം. തൊഴിലവസരങ്ങൾ, വ്യാവസായിക വികസനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് ഇത് പ്രചോദനം നൽകും.
- മുസാഫർപൂരിലെ ഹോമി ഭാഭ കാൻസർ ആശുപത്രിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും ഉദ്ഘാടനം. അഡ്വാൻസ്ഡ് ഓങ്കോളജി ഒപിഡി, ഐപിഡി വാർഡ്, ഓപ്പറേഷൻ തിയേറ്റർ, ആധുനിക ലബോറട്ടറി, ബ്ലഡ് ബാങ്ക്, 24 കിടക്കകളുള്ള ഐസിയു, എച്ച്ഡിയു എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- അത്യാധുനിക സൗകര്യങ്ങളുള്ള ഈ ആശുപത്രി ബീഹാറിലെയും മുഴുവൻ കിഴക്കൻ ഇന്ത്യയിലെയും രോഗികൾക്ക് ഒരു പുതിയ പ്രതീക്ഷാ കിരണമായി മാറും. താഴ്ന്ന, ഇടത്തരം കുടുംബങ്ങൾക്ക് ഇതൊരു വലിയ പിന്തുണയായിരിക്കും.



**പി എം ആവാസ് യോജനക്ക് കീഴിൽ 1600 കുടുംബങ്ങൾക്ക് വീടുകൾ ലഭിച്ചു.**

നഗരത്തിൽ **4,260** വീടുകളുടെയും

ഗ്രാമീണ മേഖലയിൽ **12,000** വീടുകളുടെയും

**ഗൃഹപ്രവേശന ചടങ്ങുകൾ നടന്നു**

**വീടുകളുടെ താക്കോലുകൾ പ്രതീകാത്മകമായി അഞ്ച് പ്രധാന ഗുണഭോക്താക്കൾക്ക് കൈമാറി**

**ജല പദ്ധതികൾ**

നമാമി ഗംഗയ്ക്ക് കീഴിലെ പദ്ധതിയും മുൻഗറിലെ എസ്ടിപി, മലിനജല സംസ്കരണ ശൃംഖല എന്നിവയും ഔറംഗാബാദ്, ബോധ് ഗയ, ജെഹനാബാദ് എന്നിവിടങ്ങളിലെ ജലവിതരണ പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിച്ചു.

- എൻഎച്ച് 31ൽ ഭക്തിയാർപൂർ മുതൽ മൊകാമ വരെ നാല് വരി റോഡ് നിർമ്മിച്ചു

ആധുനിക അടിസ്ഥാന സൗകര്യ നിർമ്മാണത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതും അന്ത്യോദയ എന്ന ആശയത്തിന് കീഴിൽ ദരിദ്രർക്കും സ്ത്രീകൾക്കും കർഷകർക്കും യുവാക്കൾക്കും അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കാനുള്ള അവകാശം നൽകുന്നതും ഈ പുതിയ ഇന്ത്യയാണ്. പൈതൃകം സംരക്ഷിക്കാനുള്ള ദൃഢനിശ്ചയമുള്ളിടത്ത്, പുതിയ കാര്യങ്ങൾ നിർമ്മിക്കാനുള്ള ശേഷിയുമുണ്ട്. വികസനത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും ശരിയായ പങ്കാളിത്തത്തോടെ വികസിത ഭാരതം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. ഇന്ന്, വികസിത ഭാരതം എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനവുമായി ബീഹാർ മുന്നേറുന്നു. അതുകൊണ്ടാണ് ബീഹാറിലെ യുവാക്കളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും ജനങ്ങളുടെ അഭിലാഷങ്ങൾക്ക് പുതിയ ചിറകുകൾ നൽകുന്നതിനുമുള്ള പാതയിൽ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ട് പോകുന്നത്.

# ആത്മനിർഭർ ഭാരതത്തിലേക്ക് വേഗത വർദ്ധിപ്പിച്ചു ഗുജറാത്ത്

***ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ സൗഹൃദ നിയമനിർമ്മാണം, ശക്തമായ ലോജിസ്റ്റിക്സ് ശൃംഖല എന്നിവയാൽ ഗുജറാത്ത് ഇന്ത്യയുടെ വ്യാവസായിക വളർച്ചാ എഞ്ചിനായി ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി വിദേശ, പ്രാദേശിക നിക്ഷേപകരുടെ ഒരു ജനപ്രിയ സ്ഥലമായി മാറി. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഗുജറാത്ത് വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളെ ആകർഷിക്കുക മാത്രമല്ല, ഉൽപ്പാദനം, പുനരുപയോഗ ഊർജ്ജം, സ്റ്റാർട്ടപ്പ് മേഖലകളിൽ അഭൂതപൂർവമായ നിക്ഷേപം നടത്തുകയും ചെയ്തു. ഇത് മുന്നോട്ട് കൊണ്ടുപോകുന്നതിനായി, ബാപ്പുവിന്റെ നാട്ടിൽ നിന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി 5,400 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു...***



ദരിദ്രർ, കർഷകർ, സ്ത്രീകൾ, മധ്യവർഗം എന്നിവരുടെ ഇടയിൽ ജീവിച്ച് അവരുടെ പോരാട്ടങ്ങളിൽ പങ്കുചേർന്നവർക്ക് മാത്രമേ അവരുടെ വേദന ശരിക്കും മനസ്സിലാകൂ എന്ന് പറയാറുണ്ട്. വഡ്നഗർ എന്ന ചെറുപട്ടണത്തിൽ നിന്ന് ഗുജറാത്തിന്റെ മുഖ്യമന്ത്രിയായും ഒടുവിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായും ഉയർന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി, തന്റെ മുൻകാല ജീവിതത്തിന്റെ ബുദ്ധിമുട്ടുകളുടെയും വെല്ലുവിളികളുടെയും അനുഭവംകൊണ്ട് ആഴത്തിൽ രൂപപ്പെടുത്തിയ ഒരു ദർശനം, വികസിത ഭാരതത്തിനായി മുന്നോട്ടുകൊണ്ടുപോകുന്നു.

2001 ലെ വിനാശകരമായ ഭൂകമ്പത്തിനുശേഷം തകർന്നു കൊണ്ടിരുന്ന സംവിധാനങ്ങളിൽ നിന്നും ഗുജറാത്തിനെ രക്ഷിച്ച് രാജ്യത്തിന്റെ വികസന മാതൃകയായി സ്ഥാപിക്കാൻ മുഖ്യമന്ത്രി എന്ന നിലയിൽ നടത്തിയ ശ്രമങ്ങൾ തന്നെ അദ്ദേഹത്തിന്റെ ദർശനത്തെക്കുറിച്ച് പറയാൻ പര്യാപ്തമാണ്. ഗുജറാത്തിൽ നിന്ന് പഠിച്ച പാഠങ്ങളും രാജ്യത്തോടൊപ്പം സംസ്ഥാനത്തെയും വികസിപ്പിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനവും ഓഗസ്റ്റ് 25, 26 തീയതികളിലെ അദ്ദേഹത്തിന്റെ ദ്വിദിന സന്ദർശന വേളയിൽ ദൃശ്യമായിരുന്നു. ഗുജറാത്ത് എന്നെ പഠിപ്പിച്ച കാര്യങ്ങൾ ഇന്ന് രാജ്യത്തിന്റെ വികസനത്തിൽ ഉപയോഗിക്കപ്പെടുന്നു എന്നത് തികച്ചും യാദൃശ്ചികമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. സന്ദർശനത്തിന്റെ ആദ്യ ദിവസം, അഹമ്മദാബാദിൽ 5,400 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു. ഇതിൽ റെയിൽവേയുമായി ബന്ധപ്പെട്ട 1,400 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. രണ്ടാം ദിവസം, ഹൻസൽപൂരിൽ ഗ്രീൻ മൊബിലിറ്റി സംരംഭത്തിന് കീഴിൽ ഇന്ത്യയിൽ നിർമ്മിച്ച സുസുക്കിയുടെ ആദ്യത്തെ ഇലക്ട്രിക് കാർ ഫ്ലാഗ് ഓഫ് ചെയ്ത അദ്ദേഹം ടിഡിഎസ്ജി ലിഥിയം-അയൺ ബാറ്ററി പ്ലാന്റിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ ഉത്പാദന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

വ്യാവസായിക വികസനത്തോടൊപ്പമുള്ള ഒരു ആത്മനിർഭർ ഭാരത്- സ്വാശ്രയ ഇന്ത്യയ്ക്ക് ഗുജറാത്തിന്റെ സംഭാവനയെക്കുറിച്ച് പരാമർശിച്ചുകൊണ്ട്, ഒരു കാലത്ത് ജനങ്ങൾ ഈ സംസ്ഥാനത്തിന് ഒന്നുമില്ലെന്ന് പരിഹസിച്ചിരുന്നതായി പ്രധാനമന്ത്രി മോദി പറഞ്ഞു. എന്നാൽ ഇപ്പോൾ ഗുജറാത്തിന്റെ ഭൂമിയിൽ എല്ലാത്തരം വ്യവസായങ്ങളും വികസിക്കുകയാണ്. ദഹോഡ് റെയിൽ ഫാക്ടറിയിൽ ശക്തമായ ഇലക്ട്രിക് ലോക്കോമോട്ടീവ് എഞ്ചിനുകൾ നിർമ്മിക്കുന്നു. മെട്രോ കോച്ചുകൾ മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. മോട്ടോർ സൈക്കിളുകളും കാറുകളും വൻതോതിൽ ഉത്പാദിപ്പിക്കപ്പെടുന്നു. വിമാന ഭാഗങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്നതിന് പിന്നാലെ, ഇപ്പോൾ വഡോദരയിൽ യാത്രാ വിമാനങ്ങൾ നിർമ്മിക്കുന്ന ജോലികൾ ആരംഭിച്ചു. ഇന്ത്യയുടെ സൗരോർജ്ജ, കാറ്റ്, ആണവോർജ്ജ ശേഷിയിൽ ഗുജറാത്തിന് പ്രധാന പങ്കുണ്ട്. വൈദ്യുത വാഹന നിർമ്മാണത്തിനുള്ള ഒരു വലിയ കേന്ദ്രമായും ഗുജറാത്ത് മാറുകയാണ്. ഗുജറാത്തിലെ കെവാദിയയിൽ സ്ഥിതി ചെയ്യുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ മഹത്തായ സ്മാരകം, ഏകതാ പ്രതിമ എന്ന നിലയിൽ, രാജ്യത്തിനും ലോകത്തിനും പ്രചോദന കേന്ദ്രമായി മാറിയിരിക്കുന്നു. ജലം വറ്റി അഴുക്കുചാലായിരുന്ന അഹമ്മദാബാദിലെ സബർമതി നദി ഇപ്പോൾ മനോഹരമായ സബർമതി നദീതീരത്തിലൂടെ അതിന്റെ പ്രൗഢി വർദ്ധിപ്പിക്കുന്നു.

അഹമ്മദാബാദിൽ നടന്ന ഒരു യോഗത്തിൽ പ്രധാനമന്ത്രി മോദി ഗുജറാത്തിന്റെ മഹത്തായ ഇതിഹാസത്തെ അനുസ്മരിച്ചു. ഈ ഭൂമി രണ്ട് മോഹനന്മാരുടെ നാടാണെന്ന് അദ്ദേഹം പറഞ്ഞു. ഒരാൾ സുദർശന ചക്രധാരി മോഹൻ, അതായത് ദ്വാരകാധീശൻ ശ്രീകൃഷ്ണൻ. മറ്റൊരാൾ ചർക്കധാരി മോഹൻ, അതായത് സബർമതിയിലെ സന്യാസി, രാഷ്ട്രപിതാവ് മഹാത്മാഗാന്ധി.




### ബാപ്പുവിന്റെ മണ്ണിൽ നിന്നും വീണ്ടും സ്വദേശി സന്ദേശം

**ഈ ഉത്സവങ്ങളിൽ സ്വദേശി മാത്രം വാങ്ങണമെന്നു പ്രധാനമന്ത്രി**

നവരാത്രി, വിജയദശമി, ധൻതേരസ്, ദീപാവലി എന്നീ വരാൻ പോകുന്ന ഉത്സവങ്ങളെ പരാമർശിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി വീണ്ടും പറഞ്ഞു... നിങ്ങളുടെ ജീവിതത്തിൽ ഒരു മന്ത്രം ഉരുവിടാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു... നാം എന്ത് വാങ്ങിയാലും അത് ഇന്ത്യയിൽ നിർമ്മിച്ചതായിരിക്കും- സ്വദേശി. വ്യാപാരികളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഈ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നിങ്ങൾക്ക് വലിയ സംഭാവന നൽകാൻ കഴിയും. നിങ്ങൾ തീരുമാനിക്കുക, വിദേശ വസ്തുക്കൾ വിൽക്കില്ല എന്ന്. ഇവിടെ സ്വദേശി ഉൽപ്പന്നങ്ങൾ വിൽക്കുന്നു എന്ന ഒരു ബോർഡ് വളരെ അഭിമാനത്തോടെ സ്ഥാപിക്കുക.

### 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' പദ്ധതിയുടെ വിത്തുകൾ വിതച്ചത് ഗുജറാത്തിൽ

സർദാർധാം ബാലികാ ഹോസ്റ്റലിന്റെ രണ്ടാം ഘട്ടത്തിന് പ്രധാനമന്ത്രി മോദി തറക്കല്ലിട്ടു. സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന കാലത്തെ നേട്ടങ്ങളെ ഒരു വീഡിയോ സന്ദേശത്തിലൂടെ, അദ്ദേഹം അനുസ്മരിച്ചു, അത് പിന്നീട് ബേട്ടി ബച്ചാവോ-ബേട്ടി പഠാവോ കാമ്പെയ്നിന്റെ അടിത്തറയായി മാറി. ആ സമയത്ത് പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കാതിരിക്കൽ, വളരെ ഉയർന്ന കൊഴിഞ്ഞുപോകൽ അനുപാതം തുടങ്ങിയ വെല്ലുവിളികൾ സംസ്ഥാനത്ത് ഉണ്ടായിരുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ മുതൽ സ്കൂളുകളിലെ എല്ലാ സംവിധാനങ്ങളും വരെ അദ്ദേഹം വർദ്ധിപ്പിച്ചു. പെൺ ഭ്രൂണഹത്യ അവസാനിപ്പിക്കുന്നതിനുള്ള ഒരു 'മകളും മകനും തുല്യരാണ്' എന്ന പ്രചാരണത്തിന് ശക്തി പകരുന്നു. ഗുജറാത്തിൽ വിതച്ച ഈ വിത്ത് ഇന്ന് ബേട്ടി ബച്ചാവോ -ബേട്ടി പഠാവോ എന്ന രൂപത്തിൽ രാജ്യത്ത് ഒരു ബഹുജന പ്രസ്ഥാനമായി മാറിയിരിക്കുന്നു.






# മേക്ക് ഇൻ ഇന്ത്യയിൽ പുതിയ അധ്യായം

## ഗുജറാത്തിൽ നിന്നും നൂറിലധികം രാജ്യങ്ങളിലേക്ക് വൈദ്യുത വാഹനങ്ങൾ കയറ്റുമതി ചെയ്യും

*ആഗസ്റ്റ് 26 ന് ഗുജറാത്തിലെ ഹൻസൽപൂരിൽ സുസുക്കിയുടെ ആദ്യത്തെ ബാറ്ററി വൈദ്യുത വാഹനമായ ഇ-വിറ്റാര പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്തതോടെ 'ഇന്ത്യയിൽ നിർമ്മിക്കുക ലോകത്തിനായി നിർമ്മിക്കുക' എന്ന ആശയത്തിലേക്ക് ഇന്ത്യയുടെ യാത്രയിൽ മറ്റൊരു പുതിയ അധ്യായം കൂടി പിറന്നു. ഇന്ത്യയിൽ നിർമ്മിക്കുന്ന ഈ കാറുകൾ യൂറോപ്പ്, ജപ്പാൻ തുടങ്ങിയ വികസിത വിപണികൾ ഉൾപ്പെടെ 100-ലധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യും. ഈ നേട്ടത്തോടെ, ഇന്ത്യ ഇപ്പോൾ സുസുക്കിയുടെ ഇലക്ട്രിക് വാഹനങ്ങളുടെ ആഗോള നിർമ്മാണ കേന്ദ്രമായി പ്രവർത്തിക്കും. 2012 ൽ ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ പ്രധാനമന്ത്രി മോദിയാണ് ഈ പ്ലാന്റിന്റെ അടിത്തറ പാകിയത്. ഈ അവസരത്തിൽ, ഇന്ത്യയ്ക്ക് ജനാധിപത്യത്തിന്റെ ശക്തിയും ജനസംഖ്യാപരമായ നേട്ടവും വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ഒരു വലിയ ശേഖരവും ഉണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇത് ഓരോ പങ്കാളിക്കും പ്രയോജനകരമാണ്. സുസുക്കി ഇന്ത്യയിൽ നിർമ്മിക്കുന്നു, ഇവിടെ നിർമ്മിക്കുന്ന വാഹനങ്ങൾ ജപ്പാനിലേക്ക് കയറ്റുമതി ചെയ്യുന്നു. ഇത് ഇന്ത്യ-ജപ്പാൻ ബന്ധത്തിന്റെ ശക്തിയെ മാത്രമല്ല, ആഗോള കമ്പനികൾക്ക് ഇന്ത്യയുടെ മേലുള്ള ആത്മവിശ്വാസം വർദ്ധിക്കുന്നതിനെയും പ്രതിഫലിപ്പിക്കുന്നു.*

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണ രൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

- ടിഡിഎസ്ജി ലിഥിയം-അയൺ ബാറ്ററി പ്ലാന്റിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉത്പാദനം ആരംഭിച്ചുകൊണ്ട് ഇന്ത്യയുടെ ബാറ്ററി ആവാസവ്യവസ്ഥയുടെ അടുത്ത ഘട്ടവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.
- തോഷിബ, ഡെൻസോ, സുസുക്കി എന്നിവയുടെ സംയുക്ത സംരംഭമാണിത്.
- വൈദ്യുത വാഹന ആവാസവ്യവസ്ഥയുടെ ഏറ്റവും നിർണായക ഭാഗമാണ് ബാറ്ററികൾ.
- ഏതാനും വർഷങ്ങൾക്ക് മുമ്പ് വരെ, ഇന്ത്യയിലെ ബാറ്ററികൾ ഞങ്ങൾ പൂർണ്ണമായും ഇറക്കുമതി ചെയ്തിരുന്നു. വൈദ്യുത വാഹന നിർമ്മാണം ശക്തിപ്പെടുത്തുന്നതിന്, ഇന്ത്യ അവ നിർമ്മിക്കേണ്ടത് അനിവാര്യമായിരുന്നു.
- ഈ ദർശനത്തോടെ, ടിഡിഎസ്ജി ബാറ്ററി പ്ലാന്റിന്റെ അടിത്തറ 2017 ൽ ഇവിടെ സ്ഥാപിച്ചു. ഇപ്പോൾ ആദ്യമായി 3 ജാപ്പനീസ് കമ്പനികൾ സംയുക്തമായി ഇന്ത്യയിൽ സെല്ലുകൾ നിർമ്മിക്കും.
- ബാറ്ററി സെൽ ഇലക്ട്രോഡുകളും ഇന്ത്യയിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കും.
- ഇത് ഇന്ത്യയുടെ സ്വാശ്രയത്വത്തിന് പുതിയ ശക്തി നൽകും. ഇത് ഹൈബ്രിഡ് വൈദ്യുത വാഹനങ്ങളുടെ ബിസിനസ്സ് കൂടുതൽ ത്വരിതപ്പെടുത്തും

രാജ്യത്തെയും സമൂഹത്തെയും എങ്ങനെ സംരക്ഷിക്കാമെന്ന് സുദർശന ചക്രധാരി മോഹൻ പഠിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സൈന്യത്തിന്റെ ധീരതയുടെയും സുദർശന ചക്രധാരി മോഹന്റെ ഇന്ത്യയുടെ ഇച്ഛാശക്തിയുടെയും പ്രതീകമായി ഓപ്പറേഷൻ സിന്ദൂർ മാറി. അതുപോലെ, സ്വദേശിയിലൂടെ ചർക്കധാരി മോഹൻ ഇന്ത്യയുടെ അഭിവൃദ്ധിയിലേക്കുള്ള പാത കാണിച്ചുതന്നു. ലോകം സാമ്പത്തിക സ്വാർത്ഥതയുടെ രാഷ്ട്രീയ യുഗത്തിലൂടെ കടന്നുപോകുമ്പോൾ, അദ്ദേഹം വീണ്ടും ഗാന്ധിയുടെ നാട്ടിൽ നിന്ന് സ്വദേശി ഉൽപ്പന്നങ്ങൾക്കായി ആഹ്വാനം ചെയ്യുകയും ചെറുകിട സംരംഭകർ, ചെറുകിട വിൽപ്പനക്കാർ, കർഷകർ, കന്നുകാലി കർഷകർ എന്നിവരെ പ്രതിസന്ധിയിലാക്കാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തു. എത്ര സമ്മർദ്ദം വന്നാലും അതിനെ ചെറുക്കാനുള്ള ശക്തി ഞങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കും.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക*



# കൊൽക്കത്തയുടെ വികസനത്തിന് ഒരു പുതിയ ഗതിവേഗം നൽകി മെട്രോ

***പശ്ചിമ ബംഗാൾ, ഇന്ത്യയുടെ സുവർണ്ണ ചരിത്രത്തിന്റെ കളിത്തൊട്ടിൽ മാത്രമല്ല, മറിച്ച് രാജ്യത്തിന്റെ സമൃദ്ധമായ ഭാവിയുടെ അടിത്തറ കൂടിയാണ്. ഇക്കാരണത്താലാണ് പൂർവോദയയിൽ നിന്നുള്ള ഇന്ത്യയുടെ പുരോഗതിയെക്കുറിച്ചുള്ള കേന്ദ്ര ഗവൺമെന്റ് സംരംഭത്തിന്റെ പ്രമേയത്തിൽ 'വികസിത ബംഗാൾ' എന്ന ദർശനം ഉൾപ്പെടുത്തിയത്. ഈ ദർശനത്തോടെ, കഴിഞ്ഞ 11 വർഷമായി, പശ്ചിമ ബംഗാളിൽ ആധുനിക അടിസ്ഥാന സൗകര്യ-കണക്റ്റിവിറ്റിയിൽ കേന്ദ്ര ഗവൺമെന്റ് സ്ഥിരമായി പ്രവർത്തിച്ചു. ഓഗസ്റ്റ് 22ന് ഒരു പടി കൂടി കടന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി കൊൽക്കത്ത മെട്രോ റെയിലിന്റെ മൂന്ന് പുതിയ ഭാഗങ്ങൾ ഉൾപ്പെടെ 5,200 കോടി രൂപയുടെ വികസന സമ്മാനം നൽകി.***

തലസ്ഥാനമായ ഡൽഹിയിലെ തിരക്കേറിയ പ്ലാറ്റ്ഫോമുകൾ മുതൽ സൂറത്ത്, ഭോപ്പാൽ എന്നീ പുതിയ റെയിൽവേ പാതകൾ വരെ, മെട്രോ നിശബ്ദമായി ഒരു പുതിയ ഇന്ത്യയെ തുന്നി ചേർക്കുകയാണ്. ഇത് വേഗതയേറിയതും വൃത്തിയുള്ളതുമാണ്. പൊതുഗതാഗതത്തിന്റെ നട്ടെല്ലായി മാറാൻ രാജ്യം ആഗ്രഹിക്കുന്ന, ഭാവി ഇന്ത്യയുടെ ജീവരേഖയാണ് മെട്രോ. ഇന്ത്യയിൽ ആദ്യമായി മെട്രോ ശൃംഖലയുള്ള സ്ഥലമായി അറിയപ്പെടുന്ന പശ്ചിമ ബംഗാൾ, മെട്രോയെ പൊതുഗതാഗതത്തിന്റെ നട്ടെല്ലാക്കി മാറ്റാൻ ഇപ്പോൾ തയ്യാറായിക്കഴിഞ്ഞു. കൊൽക്കത്ത മെട്രോയുടെ 3 പുതിയ ഭാഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി സമർപ്പിച്ചു. 7 പുതിയ സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന ഈ ഭാഗങ്ങളുടെ ആകെ നീളം 13.61 കിലോമീറ്ററാണ്. ഹൗറ സ്റ്റേഷനുമായി ബന്ധിപ്പിച്ചിരിക്കുന്ന ഒരു സബ്‌വേയുടെ ഉദ്ഘാടനത്തോടൊപ്പം, 6 വരി എലിവേറ്റഡ് കോന എക്സ്പ്രസ്‌വേയുടെ തറക്കല്ലിടലും അദ്ദേഹം നിർവഹിച്ചു.

ആധുനിക കണക്റ്റിവിറ്റി പ്രോത്സാഹിപ്പിക്കുന്നതിനായി പശ്ചിമ ബംഗാളിനായി സമർപ്പിച്ച ഈ പദ്ധതികളോടെ, ഒരു നവ ഇന്ത്യയുടെ നിർമ്മാണത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രധാനമന്ത്രി മോദി പരാമർശിച്ചു. 2030 ൽ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുന്നതിലേക്ക് നീങ്ങുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇതിൽ കൊൽക്കത്ത പോലുള്ള നഗരങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. ഇന്നത്തെ ഇന്ത്യ അതിന്റെ നഗരങ്ങളെ എങ്ങനെ പരിവർത്തനം ചെയ്യുന്നു എന്നതിന്റെ തെളിവാണ് ഈ പരിപാടി. ലോകത്തിലെ ഏറ്റവും വലിയ മെട്രോ ശൃംഖലകളിൽ മൂന്നാം സ്ഥാനം ഇന്ത്യക്കാണ് എന്ന് കേൾക്കുന്നതിൽ ഏവരും അഭിമാനിക്കും.



കൊൽക്കത്തയിൽ മെട്രോ ഇടനാഴി ഏഴ് മടങ്ങ് വികസിപ്പിച്ചു

## റെയിൽവേ -ഹൈവേ പദ്ധതികൾക്ക് ആക്കം

കൊൽക്കത്തയിലെ മെട്രോ പദ്ധതി 1972 ൽ ആരംഭിച്ചു. 1984 ൽ ആദ്യത്തെ 3.4 കിലോമീറ്റർ പാതയിൽ സർവീസുകൾ ആരംഭിച്ചു. അതിനുശേഷം ഏകദേശം 70 കിലോമീറ്റർ മെട്രോ റെയിൽ നിർമ്മിച്ചു. 2027 ഓടെ 130 കിലോമീറ്റർ മെട്രോ ശൃംഖല പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.




- കഴിഞ്ഞ ദശകത്തിൽ, പൂർണ്ണമായോ ഭാഗികമായോ പശ്ചിമ ബംഗാൾ ഉൾപ്പെടുന്ന 4,400 കിലോമീറ്ററിലധികം ദൂരത്തിൽ ഏകദേശം 68,000 കോടി രൂപ ചെലവ് വരുന്ന 42 റെയിൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 1702 കിലോമീറ്റർ ദൈർഘ്യം കമ്മീഷൻ ചെയ്തു.
- പശ്ചിമ ബംഗാളിലെ 286 കിലോമീറ്റർ ദേശീയ പാതയുടെ 34 പദ്ധതികളുടെ ജോലി പുരോഗമിക്കുന്നു. ഇതിന്റെ ചെലവ് ഏകദേശം 10,900 കോടി രൂപയായിരിക്കും.

### റോഡ്, പാലം, വായു, ജല കണക്റ്റിവിറ്റി വർദ്ധിച്ചു

| മേഖല | ഇന്ന് 2025–2026 | അന്ന് 2013–14 |
|---|---|---|
| മെട്രോ | 24 നഗരങ്ങൾ, 1050 കിലോമീറ്റർ ദൂരം | 5 നഗരങ്ങൾ, 248 കിലോമീറ്റർ ദൂരം |
| മെട്രോ നിർമ്മാണം | പ്രതിമാസം 6 കിലോമീറ്റർ | പ്രതിമാസം 680 മീറ്റർ |
| മെട്രോ യാത്രക്കാർ | പ്രതിദിനം 1.12 കോടി | പ്രതിദിനം 28 ലക്ഷം |
| റെയിൽവേ പാത വൈദ്യുതീകരണം | 40,000 കിലോമീറ്ററിൽ അധികം | 20,000കിലോമീറ്റർ |
| വിമാനത്താവളങ്ങൾ | 160 | 74 |
| ജലപാതകൾ | 30 | 3 |



### ആധുനിക കണക്ടിവിറ്റിക്കായുള്ള ജീവരേഖകൾ

- കൊൽക്കത്ത മെട്രോയ്ക്ക് നൽകിയിട്ടുള്ള മൂന്ന് പുതിയ ഭാഗങ്ങളിൽ എസ്പ്ലനേഡ്-സീൽഡ എന്നിവയ്ക്കിടയിലെ 2.45 കിലോമീറ്ററും, നോപാറയെ ജയ് ഹിന്ദ് വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന 6.77 കിലോമീറ്ററും, റൂബി-ബെലെഘട്ട 4.39 കിലോമീറ്ററും ഉൾപ്പെടുന്നു.
- നോപാറ-ജയ് ഹിന്ദ് വിമാനത്താവള ഭാഗത്തിലൂടെ, നേതാജി സുഭാഷ് ചന്ദ്രബോസ് അന്താരാഷ്ട്ര വിമാനത്താവളം ആദ്യമായി മെട്രോ സർവീസുമായി നേരിട്ട് ബന്ധിപ്പിച്ചിരിക്കുന്നു. മുമ്പ് റോഡ് മാർഗം എത്തിച്ചേരാൻ 45 മിനിറ്റ് മുതൽ ഒരു മണിക്കൂർ വരെ എടുത്തിരുന്ന പ്രദേശങ്ങളിലേക്ക് ഇപ്പോൾ ഈ പുതിയ ഭാഗങ്ങൾ വഴി മെട്രോ എത്തിച്ചേരും.
- 1,200 കോടിയിലധികം രൂപ ചെലവിൽ നിർമ്മിക്കുന്ന 7.2 കിലോമീറ്റർ നീളമുള്ള ആറ് വരി എലിവേറ്റഡ് കോന എക്സ്പ്രസ് വേ, ഹൗറയ്ക്കും ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങൾക്കും കൊൽക്കത്തയുമായുള്ള ബന്ധം വർദ്ധിപ്പിക്കും.

### ഇന്ത്യൻ യുവതക്ക് രാജ്യത്തിന്റെ വിഭവങ്ങളിൽ അവകാശമുണ്ട്

ജനസംഖ്യാ വെല്ലുവിളിയെയും നുഴഞ്ഞുകയറ്റക്കാരെയും കുറിച്ച് പ്രധാനമന്ത്രി മോദി ആശങ്ക പ്രകടിപ്പിച്ചു. ഇന്ന്, വികസിതമെന്ന് വിളിക്കപ്പെടുന്നതും വിഭവങ്ങളുടെ ക്ഷാമമില്ലാത്തതുമായ രാജ്യങ്ങളിൽ, നുഴഞ്ഞുകയറ്റക്കാർക്കെതിരെ ഒരു പ്രചാരണം നടക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയ്ക്ക് പരിമിതമായ വിഭവങ്ങളേയുള്ളൂ. നമ്മുടെ യുവാക്കൾക്ക് തൊഴിൽ നൽകണം. നമ്മുടെ യുവാക്കളിൽ നിന്ന് തൊഴിൽ തട്ടിയെടുക്കുകയും നമ്മുടെ സഹോദരിമാരെയും പെൺമക്കളെയും പീഡിപ്പിക്കുകയും ചെയ്യുന്ന നുഴഞ്ഞുകയറ്റക്കാരെ നമ്മുടെ രാജ്യത്ത് അനുവദിക്കില്ല.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയ്ക്ക് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഗതാഗത സംവിധാനം ആവശ്യമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. അതിനാൽ, ഇന്ന് നമ്മൾ രാജ്യത്ത് റെയിൽ മുതൽ റോഡ് വരെയും മെട്രോ മുതൽ വിമാനത്താവളം വരെയും അവയെ ബന്ധിപ്പിച്ചും ആധുനിക ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുകയാണ്.

100% റെയിൽവേ വൈദ്യുതീകരണം പൂർത്തിയാക്കിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ പശ്ചിമ ബംഗാൾ ഇപ്പോൾ ഉൾപ്പെടുന്നു. പുരുലിയയ്ക്കും ഹൗറയ്ക്കും ഇടയിൽ മെമു ട്രെയിനിനുള്ള ദീർഘകാല ആവശ്യം കേന്ദ്ര ഗവൺമെന്റ് നിറവേറ്റി. പശ്ചിമ ബംഗാളിന്റെ വിവിധ റൂട്ടുകളിൽ 9 വന്ദേ ഭാരത് ട്രെയിനുകൾ ഓടിക്കുന്നതിനോടൊപ്പം, 2 അമൃത് ഭാരത് ട്രെയിനുകളും ഓടുന്നുണ്ട്.

കൊൽക്കത്തയിൽ നടന്ന മറ്റൊരു പൊതുയോഗത്തിൽ, പശ്ചിമ ബംഗാളിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതുവരെ വികസിത ഭാരതിന്റെ യാത്ര വിജയിക്കില്ലെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഞങ്ങൾ പറയുന്നു- बांग्लार उदोय तबेई, विकोशितो भारोतेर जॉय ! അതുകൊണ്ട്, കഴിഞ്ഞ 11 വർഷമായി, കേന്ദ്ര ഗവൺമെന്റ് ഇവിടുത്തെ വികസനത്തിന് എല്ലാ സഹായവും നൽകിയിട്ടുണ്ട്. ●

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക*

# ആത്മനിർഭർ ഭാരത് വികസിത രാഷ്ട്രത്തിന്റെ അടിത്തറ




> ലോകത്തിന്റെ മന്ദഗതിയിലുള്ള വളർച്ചയിൽ നിന്ന് മുന്നോട്ട് കുതിക്കുന്നതിന് പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്ന മന്ത്രവുമായി സഹായിക്കാൻ ഇന്ന് ഭാരതത്തിനാവും
>
> - നരേന്ദ്ര മോദി, പ്രധാനമന്ത്രി

***ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ ഇന്ന് ആഗോളതലത്തിൽ ഒരു ശക്തിസ്തംഭമാണ്. പല ലോകരാജ്യങ്ങളും സാമ്പത്തിക അനിശ്ചിതത്വം നേരിടുമ്പോൾ ഇന്ത്യ ശ്രദ്ധേയമായ സുസ്ഥിരതയോടെ അതിവേഗം പുരോഗതി കൈവരിക്കുന്നു. ഈ പ്രതിരോധശേഷി കഴിഞ്ഞ പതിറ്റാണ്ടിൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ ദീർഘവീക്ഷണ നയങ്ങളുടെ ഫലമാണ്. ലോകവളർച്ചയിൽ ഇന്ത്യയുടെ സംഭാവന വൈകാതെ 20 ശതമാനത്തിലേക്ക് ഉയരുമെന്ന് ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ വർധിച്ചുവരുന്ന സ്വാധീനം അടിവരയിട്ടുകൊണ്ട് വിദഗ്ധർ പ്രവചിക്കുന്നു. ഓഗസ്റ്റ് 23 ന് ചേർന്ന ഇക്കണോമിക് ടൈംസ് ലോക നേതൃസഭയിൽ പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്നീ മന്ത്രങ്ങളുമായി വളരുന്ന ഇന്ത്യ കാലത്തിന്റെ ഗതിയെ മാറ്റിമറിക്കാൻ പോലും ശക്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു...***

ആഗോള സമ്പദ്‌വ്യവസ്ഥയുടെ നിലവിലെ അവസ്ഥ പരിശോധിച്ചാൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ കരുത്ത് കൂടുതൽ വ്യക്തമാകും. നിലവിൽ ലോകത്ത് അതിവേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഉയരാനുള്ള നീക്കത്തിലാണ്. സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ശക്തമാകുമ്പോൾ, അതിന്റെ ഫലം എല്ലാ മേഖലകളിലും പ്രകടമാകുമെന്ന് ഓഗസ്റ്റ് 23 ന് ഡൽഹിയിൽ ചേർന്ന ഇക്കണോമിക് ടൈംസ് ലോകനേതൃസഭയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. രാജ്യത്തെ സമ്പദ്‌വ്യവസ്ഥ കരുത്താർജിക്കുന്നതിനനുസരിച്ചു തൊഴിലവസരങ്ങളും വർധിച്ചുവരുന്നു. ഇത് ഈ കണക്കുകളിൽ നിന്ന് വ്യക്തമാണ്. ജൂണിൽ ഇപിഎഫ്ഒ വിവരശേഖരത്തിലേക്ക് 22 ലക്ഷം ഔപചാരിക തൊഴിലുകൾ ചേർത്തു. ഇത് ഒരു മാസത്തെ ഏറ്റവും വലിയ എണ്ണമാണ്. ഇന്ത്യയുടെ ചില്ലറവ്യാപാര പണപ്പെരുപ്പം 2017 ന് ശേഷം ഏറ്റവും താഴ്ന്ന നിലയിലാണ്. വിദേശനാണ്യ കരുതൽ ശേഖരം എക്കാലത്തെയും ഉയർന്ന നിലയിലെത്തി.

2014-ൽ ഇന്ത്യയുടെ സൗരോർജ പാനൽ മൊഡ്യൂൾ നിർമാണ ശേഷി ഏകദേശം 2.5 ജിഗാവാട്ട് ആയിരുന്നു. ഇപ്പോൾ അത് 1000 ജിഗാവാട്ടിലെത്തി. 100 മില്യണിലേറെ വാർഷിക യാത്രക്കാരുമായി ഡൽഹി വിമാനത്താവളം മികച്ച ആഗോള വിമാനത്താവളങ്ങളുടെ പട്ടികയിൽ ഇടംനേടി. ഇന്ന് ഡൽഹി വിമാനത്താവളത്തിന്റെ വാർഷിക യാത്രിക ശേഷി 100 ദശലക്ഷത്തിലധികമാണ്. ലോകത്ത് ആറ് വിമാനത്താവളങ്ങൾ മാത്രമാണ് ഈ പട്ടികയിലുള്ളത്.

'ബസ് കിട്ടാതെപോവുക'യെന്ന പൊതുപ്രയോഗം പരാമർശിച്ച പ്രധാനമന്ത്രി മോദി അവസരങ്ങൾ പ്രയോജനപ്പെടുത്തിയില്ലെങ്കിൽ അവ നഷ്ടപ്പെടുമെന്ന് ഓർമിപ്പിച്ചു. രാജ്യത്തെ മുൻ സർക്കാരുകൾ സാങ്കേതികവിദ്യയിലും വ്യവസായമേഖലയിലും അത്തരം നിരവധി അവസരങ്ങൾ നഷ്ടപ്പെടുത്തി. ഇത് ആരെയും വിമർശിക്കുന്നതല്ലെന്നും ജനാധിപത്യ വ്യവസ്ഥിതിയിൽ താരതമ്യ വിശകലനം പലപ്പോഴും സാഹചര്യം കൂടുതൽ ഫലപ്രദമായി മനസ്സിലാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. 2014-ന് ശേഷം സമീപനം മാറ്റിയ ഇന്ത്യ ഒരവസരവും നഷ്ടപ്പെടുത്തരുതെന്ന് തീരുമാനിച്ചു. ഇന്ത്യ രാജ്യത്തുടനീളം തദ്ദേശീയ 5-ജി സാങ്കേതികവിദ്യ വികസിപ്പിക്കുക മാത്രമല്ല, അത് അതിവേഗം വിന്യസിക്കുകയും ചെയ്തു. രാജ്യം ഇപ്പോൾ തദ്ദേശീയ 6-ജി സാങ്കേതികവിദ്യയിൽ അതിവേഗം പ്രവർത്തിക്കുകയാണ്. അർധചാലക മേഖലയുമായി ബന്ധപ്പെട്ട നിർമാണശാലകൾ ഇന്ത്യയിൽ സ്ഥാപിക്കപ്പെടുന്നു. വലിയ കുതിച്ചുചാട്ടത്തിലൂടെ മുന്നേറുകയാണ് രാജ്യത്തിന്റെ ലക്ഷ്യം. രാജ്യത്തെ പരിഷ്കാരങ്ങൾ നിർബന്ധിതാവസ്ഥയോ പ്രതിസന്ധിയോ കാരണമല്ലെന്ന് പ്രധാനമന്ത്രി മോദി വ്യക്തമാക്കി. പരിഷ്കാരങ്ങൾ ഇന്ത്യയുടെ പ്രതിബദ്ധതയുടെയും ബോധ്യത്തിന്റെയും പ്രതിഫലനമാണ്. അനാവശ്യ നിയമങ്ങൾ റദ്ദാക്കൽ, നിയമങ്ങളും നടപടിക്രമങ്ങളും ലളിതമാക്കൽ തുടങ്ങിയ പ്രധാന നടപടികളെക്കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി നടപടിക്രമങ്ങളും അനുമതികളും ഡിജിറ്റൽവൽക്കരിക്കുകയാണെന്ന് പറഞ്ഞു. പല വ്യവസ്ഥകളും കുറ്റകൃത്യമല്ലാതാക്കി മാറ്റുകയാണ്. ജിഎസ് ടി സംവിധാനം ലളിതവൽക്കരിക്കാൻ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ഇത് സാധനങ്ങളുടെ വില കുറയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

2047-ഓടെ വികസിത രാഷ്ട്രമായി മാറാൻ പൂർണപ്രതിജ്ഞാബദ്ധമാണ് ഇന്ത്യ. സ്വയംപര്യാപ്ത രാഷ്ട്രമാണ് വികസിത ഇന്ത്യയുടെ അടിത്തറ. വേഗം, വ്യാപ്തി, സാധ്യത എന്നീ മൂന്ന് മാനദണ്ഡങ്ങൾക്ക് വിധേയമായാണ് അതിനെ വിലയിരുത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ആഗോള മഹാമാരിയുടെ സമയത്ത് ഈ മൂന്ന് മേഖലകളിലും മികച്ച പ്രകടനമാണ് ഇന്ത്യ കാഴ്ചവെച്ചത്. നിത്യോപയോഗവസ്തുക്കളുടെ ആവശ്യകത പെട്ടെന്ന് വർധിക്കുകയും ആഗോള വിതരണം നിലയ്ക്കുകയും ചെയ്ത ഈ സമയത്ത് അവശ്യവസ്തുക്കൾ ആഭ്യന്തരമായി നിർമിക്കാൻ രാജ്യം നിർണായക നടപടികൾ സ്വീകരിച്ചു. ഊർജ മേഖലയിലെ ഇന്ത്യയുടെ വേഗവും വ്യാപ്തിയും സാധ്യതകളും ലോകം ഉറ്റുനോക്കുന്നു. 2030-ഓടെ ആകെ വൈദ്യുതി ശേഷിയുടെ 50 ശതമാനം ഫോസിൽ ഇതര ഇന്ധനങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യം നിശ്ചിത സമയപരിധിയ്ക്ക് അഞ്ച് വർഷം നേരത്തെ ഇന്ത്യ കൈവരിച്ചു. ●

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണരൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

## സ്വയംപര്യാപ്തതയോടെ ആഗോള ആവശ്യങ്ങൾ നിറവേറ്റുന്ന ഇന്ത്യ...

### ഇന്ത്യയുടെ ഇലക്ട്രോണിക്സ് കയറ്റുമതി



സ്വാതന്ത്ര്യത്തിന് ശേഷം 65 വർഷങ്ങളിൽ ഏകദേശം **35,000** കോടി രൂപ രേഖപ്പെടുത്തി.

ഇപ്പോൾ അത് **3.25** ലക്ഷം കോടി രൂപയായി വർധിച്ചു

### ഇന്ത്യയുടെ വാഹന കയറ്റുമതി



നേരത്തെ പ്രതിവർഷം ഏകദേശം **50,000** കോടി രൂപയായിരുന്നു.

ഇപ്പോൾ ഒരു വർഷത്തിനകം **1.5** ലക്ഷം കോടി രൂപയായി വർധിച്ചു

- 100 രാജ്യങ്ങളിലേക്ക് വൈദ്യുത വാഹനങ്ങൾ കയറ്റുമതി ചെയ്ത് മറ്റൊരു നാഴികക്കല്ല് കൈവരിക്കാനൊരുങ്ങുകയാണ് ഇന്ത്യ.
- 2014-നെ അപേക്ഷിച്ച് ഗവേഷണ വികസന ചെലവ് ഇരട്ടിയിലധികമായി. അതേസമയം സമർപ്പിച്ച പേറ്റന്റുകളുടെ എണ്ണം 17 മടങ്ങ് വർധിച്ചു.
- സ്വയംപര്യാപ്തതയോടെ ഇന്ത്യ ആഗോള ആവശ്യകതകൾ നിറവേറ്റുന്നു.
- 1 ലക്ഷം കോടി രൂപയുടെ ഗവേഷണ വികസന നൂതനാശയ പദ്ധതിക്ക് അംഗീകാരം ലഭിച്ചു.
- കഴിഞ്ഞ വർഷം ഇന്ത്യ 4 ലക്ഷം കോടി രൂപയുടെ കാർഷിക ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു.
- ആഗോളതലത്തിൽ കഴിഞ്ഞ വർഷത്തെ 800 കോടി വാക്സിൻ ഡോസുകളിൽ 400 കോടിയും ഇന്ത്യയിൽ നിർമിച്ചതാണ്.



### ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾ

**1979 മുതൽ 2014 വരെ 42 ദൗത്യങ്ങൾ നടത്തി.**

**കഴിഞ്ഞ 11 വർഷത്തിനിടെ 60-ലധികം ദൗത്യങ്ങൾ പൂർത്തിയാക്കി.**

2014-ൽ ഇന്ത്യയിൽ ഒരു ബഹിരാകാശ സ്റ്റാർട്ടപ്പ് മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് **300**-ൽ അധികമാണ്.



**ലിംക ബുക്ക് ഓഫ് റെക്കോഡ്സ്:** പ്രധാനമന്ത്രി നരേന്ദ്ര മോദി 2023 ജനുവരി 13-ന് വാരണാസി മുതൽ ദിബ്രുഗഡ് വരെ ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ നദീയാത്രയ്ക്കായി എംവി ഗംഗാ വിലാസ് ഫ്ലാഗ് ഓഫ് ചെയ്തു. 5 ഇന്ത്യൻ സംസ്ഥാനങ്ങളിലെയും ബംഗ്ലാദേശിലെയും 27 നദീതടങ്ങളിലൂടെ 3,200 കിലോമീറ്റർ ദൂരം പിന്നിട്ട ചരിത്ര യാത്ര ലിംക ബുക്ക് ഓഫ് റെക്കോഡ്സിൽ ഇടം നേടി.




*(പ്രതീകാത്മക ഭൂപടം)

# ഇന്ത്യയിലെ കപ്പൽ വിനോദസഞ്ചാരത്തിന് ഉത്തേജനം

***7,500 കിലോമീറ്ററോളം ദൈർഘ്യമേറിയ തീരപ്രദേശവും 20,000 കിലോമീറ്റർ നീളത്തിൽ ജലപാത ശൃംഖലയുമുള്ള ഇന്ത്യയ്ക്ക് അതിവേഗ പുരോഗതിയ്ക്ക് അവ പൂർണമായി ഉപയോഗപ്പെടുത്താൻ കഴിവും ശേഷിയുമുണ്ട്. ഈ ലക്ഷ്യത്തോടെ ഒരുകാലത്ത് ധാരാളിത്തത്തിന്റെ ആഡംബരമായി കണക്കാക്കപ്പെട്ട കപ്പൽ വിനോദസഞ്ചാരത്തെ സാധാരണക്കാരുമായി ബന്ധിപ്പിച്ച് ദേശീയ-അന്താരാഷ്ട്ര സമ്പർക്കസൗകര്യങ്ങൾക്കും ലോകോത്തര ആതിഥേയത്വ - വിനോദ സൗകര്യങ്ങൾക്കും സാംസ്കാരിക പ്രോത്സാഹനത്തിനുമൊപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന അഞ്ചു വർഷ ലക്ഷ്യത്തോടെയാണ് 'ക്രൂയിസ് ഭാരത് ദൗത്യം' ആരംഭിച്ചത്.***

*ഈ സെപ്റ്റംബർ 30 ന് 'ക്രൂയിസ് ഭാരത് ദൗത്യ'ത്തിന്റെ ഒരു വർഷം പൂർത്തിയാകുന്ന പശ്ചാത്തലത്തിൽ രാജ്യത്തെ കപ്പൽ വിനോദസഞ്ചാരത്തിന്റെ പുതുയുഗം എങ്ങനെ ഉത്തേജനം നേടുന്നുവെന്നറിയാം...*

നമ്മുടെ രാജ്യത്തെ നദികളിലൂടെ വലിയ കപ്പലുകൾ സഞ്ചരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ സ്വാതന്ത്ര്യത്തിനുശേഷം ഈ മേഖല കടുത്ത ഉദാസീനതയാണ് നേരിട്ടത്. എന്നാൽ പതിറ്റാണ്ടുകൾക്കിപ്പുറം പുതിയൊരു സമീപനത്തിലൂടെ നവ ഇന്ത്യ അതിന്റെ പൈതൃകത്തെ വികസനവുമായി ബന്ധിപ്പിച്ച് പുനരുജ്ജീവനത്തിന്റെ പുതിയ അധ്യായം രചിക്കുകയാണ്. കഴിഞ്ഞ 11 വർഷമായി റോഡുകളും റെയിൽപാതകളും വ്യോമഗതാഗതവും പോലെ ജലപാതകളെ ശക്തിപ്പെടുത്താനും വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. അതിന്റെ പൂർണശേഷി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ക്രൂയിസ് ഭാരത് ദൗത്യം ഇപ്പോൾ സമുദ്ര പര്യടനങ്ങൾ ആരംഭിച്ച് രാജ്യത്തെ മനോഹര സ്ഥലങ്ങളുടെ അനുഭവവുമായി ഇന്ത്യയെ ആഗോള കപ്പൽ വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുകയാണ്. അഞ്ച് വർഷത്തിനകം 10 സമുദ്രപര്യടന ടെർമിനലുകളും 100 നദീ വിനോദസഞ്ചാര ടെർമിനലുകളും 5 മരീനകളും സ്ഥാപിക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം. കഴിഞ്ഞ ദശകവുമായി താരതമ്യം ചെയ്താൽ കപ്പൽ വിനോദസഞ്ചാരികളുടെ എണ്ണം ഏകദേശം 400 ശതമാനമാണ് വർധിച്ചത്. 2047-ഓടെ ഇത് 50 ലക്ഷത്തിലെത്തുമെന്ന് കേന്ദ്ര സർക്കാർ വിശ്വസിക്കുന്നു.

ഇതിനകം 9 സംസ്ഥാനങ്ങളെ ഉൾക്കൊള്ളുന്ന 13 ദേശീയ ജലപാതകളിലായി 15 നദീതല വിനോദസഞ്ചാരപാതകൾ പ്രവർത്തനക്ഷമമാക്കി. 14 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 51 നദീതല-വിനോദസഞ്ചാരപാതകൾ ആരംഭിക്കാനാണ് ദൗത്യത്തിന്റെ ലക്ഷ്യം. വിദേശ വിനോദസഞ്ചാരികളിൽ വലിയൊരു വിഭാഗത്തെ ഇന്ത്യയിലേക്ക് ആകർഷിക്കാൻ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളുമുപയോഗിച്ച് ഇന്ത്യയെ ഒരു ആകർഷക ക്രൂയിസ് വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാൻ ഇത് ലക്ഷ്യമിടുന്നു. കൂടാതെ ആഭ്യന്തര വിനോദസഞ്ചാരികൾക്കിടയിൽ കപ്പൽ വിനോദസഞ്ചാരം ജനപ്രിയമാക്കാനും ഇതുവഴി സാധിക്കും.




### ജനപ്രിയമായി ക്രൂയിസ് യാത്രകൾ

2015 നും 2025 നും ഇടയിൽ ക്രൂയിസ് യാത്രികരുടെ എണ്ണം ഏകദേശം 400% വർധിച്ചു. കൂടാതെ 2013-14 ൽ കേവലം മൂന്ന് ജലപാതകളിലായി 5 കപ്പലുകൾ മാത്രമുണ്ടായിരുന്നത് 2024-25 ൽ 13 ദേശീയ ജലപാതകളിലായി 25 കപ്പലുകളെന്ന നിലയിൽ നദീതല വിനോദസഞ്ചാര പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചു. 2014-ലെ കേവലം അഞ്ച് ജലപാതകളിൽനിന്ന് 24 സംസ്ഥാനങ്ങളിലായി 111 ദേശീയ ജലപാതകൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഇന്ന് നടന്നുവരുന്നത്.

### ക്രൂയിസ് ഭാരത് ദൗത്യത്തിന്റെ 2029-ലേക്കുള്ള ലക്ഷ്യങ്ങൾ

**4** ലക്ഷം തൊഴിലവസരങ്ങൾ കപ്പൽ വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കും. പ്രാരംഭഘട്ട ലക്ഷ്യം: 1 ലക്ഷം

**10** ലക്ഷം സമുദ്ര പര്യടന വിനോദസഞ്ചാര യാത്രികർ ഭാവിയിൽ. നിലവിലെ 5 ലക്ഷത്തിൽ നിന്ന് കുത്തനെ വർധന.

**15** ലക്ഷം നദീതല വിനോദസഞ്ചാര യാത്രികർ ഭാവിയിൽ. നിലവിലെ 5 ലക്ഷത്തിൽ നിന്ന് വളർച്ച.

- 10 അന്താരാഷ്ട്ര കപ്പൽ പര്യടന ടെർമിനലുകളുണ്ടാകും; നിലവിൽ ഇത് രണ്ടാണ്.
- ഭാവിയിൽ 100 നദീതല ക്രൂയിസ് ടെർമിനലുകൾ; നിലവിൽ 50 എണ്ണം.

> **ജലപാതകൾ പരിസ്ഥിതി സംരക്ഷണത്തിന് മാത്രമല്ല, സാമ്പത്തിക ലാഭത്തിനും നല്ലതാണ്. ഒരു പഠനമനുസരിച്ച് ജലപാത ഗതാഗത ചെലവ് റോഡ് ഗതാഗതത്തേക്കാൾ രണ്ടര മടങ്ങും റെയിൽ ഗതാഗതത്തേക്കാൾ മൂന്നിലൊന്നും കുറവാണ്. ജലപാതകൾ എത്രത്തോളം ഇന്ധനം ലാഭിക്കുന്നുവെന്നും സാമ്പത്തികലാഭമുണ്ടാക്കുന്നുവെന്നും നിങ്ങൾക്ക് ഊഹിക്കാം.**
>
> -നരേന്ദ്ര മോദി, പ്രധാനമന്ത്രി

### ക്രൂയിസ് ഭാരത് ദൗത്യത്തിന്റെ മൂന്നാം ഘട്ട പദ്ധതി

- **ഘട്ടം 1 (2024 ഒക്ടോബർ മുതൽ 2025 സെപ്റ്റംബർ വരെ):** വിപണി ഗവേഷണം, സമഗ്രാസൂത്രണം, അയൽ രാജ്യങ്ങളുമായി ക്രൂയിസ് പങ്കാളിത്തം എന്നിവയിലൂടെ നിലവിലെ ടെർമിനലുകളുടെ നവീകരണം.
- **ഘട്ടം 2 (2025 ഒക്ടോബർ മുതൽ 2027 മാർച്ച് വരെ):** വിനോദസഞ്ചാര സാധ്യതകൾ നിറഞ്ഞ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പുതിയ ക്രൂയിസ് ടെർമിനലുകളുടെ വികസനം.
- **ഘട്ടം 3 (2027 ഏപ്രിൽ മുതൽ 2029 മാർച്ച് വരെ):** ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുടനീളം ക്രൂയിസ് സഞ്ചാരപാതകളെ ബന്ധിപ്പിക്കൽ

### ക്രൂയിസ് വിനോദസഞ്ചാര പ്രോത്സാഹന നടപടികൾ

- തുറമുഖങ്ങളിൽ പ്ലാറ്റ്ഫോമുകൾ നൽകുന്നതിൽ മുൻഗണന
- യുക്തിസഹമായ തുറമുഖ - യാത്രാ നിരക്കുകൾ. തുറമുഖ നിരക്കിൽ 10% മുതൽ 30% വരെ കിഴിവ്.
- വിദേശ ക്രൂയിസ് കപ്പലുകൾക്ക് അതിർത്തി നിയന്ത്രണം ഒഴിവാക്കിയതിനാൽ ഇന്ത്യൻ പൗരന്മാരെ ഒരു ഇന്ത്യൻ തുറമുഖത്തുനിന്ന് മറ്റൊന്നിലേക്ക് കൊണ്ടുപോകാൻ അനുവദിക്കുന്നു.
- വിപുലീകരിച്ച ഇ-വിസ, ഓൺ-അറൈവൽ വിസ സൗകര്യങ്ങൾ
- പുതുതായി അവതരിപ്പിച്ച ഇ-ലാൻഡിംഗ് കാർഡ് കപ്പൽ സഞ്ചാര പദ്ധതിയിലെ എല്ലാ തുറമുഖങ്ങളിലും ഉപയോഗിക്കാം.
- യുക്തിസഹമായ സമുദ്രസഞ്ചാര നിരക്കുകൾ അവതരിപ്പിച്ചു.

ദേശീയ ഉൾനാടൻ ജലപാത അതോറിറ്റി വാരണാസി മുതൽ ഹാൽദിയ വരെ ആരംഭിച്ച ദേശീയ ജലപാത - ഒന്ന് (1,390 കിലോമീറ്റർ) വഴി ഉൾനാടൻ കപ്പലുകളുടെ നീക്കം തുടരുന്നു. ഉത്തർപ്രദേശ്, ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന ഈ ജലപാതയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 4,229 കപ്പലുകൾ സഞ്ചരിച്ചു.

### രാജ്യത്തെ 6 പ്രധാന തുറമുഖങ്ങളിൽ ക്രൂയിസ് ടെർമിനലുകൾ

രാജ്യത്ത് നിലവിൽ 6 പ്രധാന ക്രൂയിസ് തുറമുഖങ്ങളുണ്ട്: മഹാരാഷ്ട്രയിലെ മുംബൈ തുറമുഖം, ഗോവയിലെ മോർമുഗാവോ, കേരളത്തിലെ കൊച്ചി, തമിഴ്നാട്ടിലെ ചെന്നൈ, കർണാടകയിലെ ന്യൂ മാംഗ്ലൂർ, ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം എന്നിവയാണവ. കൂടാതെ പുതുച്ചേരി, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപിലെ ശ്രീ വിജയപുരം എന്നിവിടങ്ങളിലും ക്രൂയിസ് സൗകര്യങ്ങളുണ്ട്. അതേസമയം 2024-25 സാമ്പത്തിക വർഷത്തോടെ 11 സംസ്ഥാനങ്ങളിലായി പ്രവർത്തനക്ഷമമായ 29 ദേശീയ ജലപാതകളിൽ 3 എണ്ണം ക്രൂയിസ് ജലഗതാഗതത്തിന് മാത്രമായി സജ്ജീകരിച്ചവയാണ്.





## പ്രധാനമന്ത്രി ജൻ ധൻ

# ദാരിദ്ര്യത്തിനെതിരെ പിന്നാക്ക വിഭാഗങ്ങൾക്ക് ശാക്തീകരണം

*“ജൻ ധൻ അക്കൗണ്ടുകൾ കേവലം ബാങ്ക് അക്കൗണ്ടുകൾ മാത്രമായിരുന്നില്ല. ബാങ്കിന്റെ വാതിലുകൾ അവർക്കുവേണ്ടി തുറന്നിരിക്കുന്നുവെന്ന ആത്മാഭിമാനമാണ് അവ പാവപ്പെട്ടവർക്ക് നൽകിയത്. അവർക്ക് നേരിട്ട് ബാങ്കിലെത്തി സംസാരിക്കാൻ ആത്മവിശ്വാസവും പദ്ധതിയിലൂടെ പകർന്നുനൽകി.”*

***79-ാമത് സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയുടെ നടുത്തളത്തിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഈ വാക്കുകൾ ബാങ്ക് അക്കൗണ്ടിനൊപ്പം ജനങ്ങൾ നേടിയെടുത്ത ആത്മാഭിമാനത്തെ തിരിച്ചറിയാൻ പര്യാപ്തമാണ്. 2014 ൽ തുടക്കം കുറിച്ച ജൻ ധൻ പദ്ധതിയിലൂടെ ഇതുവരെ 56 കോടിയിലധികം ബാങ്ക് അക്കൗണ്ടുകൾ തുറന്നതിനൊപ്പം രാജ്യത്തെ കോടിക്കണക്കിന് പൗരന്മാർക്ക് വികസനത്തിന്റെയും സാമ്പത്തിക ശാക്തീകരണത്തിന്റെയും പുതിയ അവസരങ്ങളുടെ വാതിലുകളും തുറക്കാനായി...***

പതിറ്റാണ്ടുകൾ നീണ്ട അവഗണനയും തെറ്റായ നയങ്ങളും മൂലം രാജ്യത്തെ ദരിദ്രർ അപകർഷതാബോധത്തിന്റെ പിടിയിലായിരുന്നു. ദരിദ്രരുടെ പേരിലാണ് ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടതെങ്കിലും രാജ്യത്തെ ജനസംഖ്യയുടെ 40 ശതമാനം പേർക്കുമുന്നിലും ബാങ്കുകളുടെ വാതിലുകൾ കൊട്ടിയടക്കപ്പെട്ടു. ബുദ്ധിമുട്ടുകളിലെല്ലാം സഹായം തേടുകയും ആവശ്യങ്ങൾക്കെല്ലാം മറ്റുള്ളവരെ ആശ്രയിക്കുകയും ചെയ്ത ദരിദ്രരോട് പുറംതിരിഞ്ഞുനിന്ന സമൂഹം അവരുടെ കാര്യങ്ങൾ സർക്കാരിന്റെ ഉത്തരവാദിത്തമായി കണക്കാക്കി. ബാങ്ക് അക്കൗണ്ടുകൾ, ക്രെഡിറ്റ് കാർഡുകൾ, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ സേവനങ്ങൾ ദരിദ്രർക്കുള്ളതല്ലെന്നും സമ്പന്നർക്ക് മാത്രമാണെന്നും കണക്കാക്കി. എന്നാൽ നിരാശയുടെ ആഴമേറിയ ഇരുട്ടിൽ പ്രധാനമന്ത്രി ജൻ ധൻ യോജനയിലൂടെ പ്രധാനമന്ത്രി മോദി പുതിയ പ്രതീക്ഷ പകർന്നു. ദരിദ്രരുടെ പ്നങ്ങൾ യാഥാർത്ഥ്യമാകാൻ തുടങ്ങി. ബാങ്ക് മിത്രയും ബാങ്ക് സഖിയും നഗരങ്ങളിലും ഗ്രാമങ്ങളിലുമുടനീളം ദരിദ്രരിലേക്ക് നേരിട്ടെത്തി. പാവപ്പെട്ടവർക്ക് ബാങ്കിൽ സീറോ ബാലൻസ് ജൻ ധൻ അക്കൗണ്ടുകൾ തുറന്നതോടെ അവരുടെ ജീവിതം മാറിമറിഞ്ഞു. ജൻ ധൻ അക്കൗണ്ടുകളുടെ പാസ്ബുക്ക് കൈമാറിയ പ്രധാനമന്ത്രി മോദി ദരിദ്രരെയും നിരാലംബരെയും ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിലെ യോദ്ധാക്കളാക്കി.

ജൻ ധൻ അക്കൗണ്ടിനൊപ്പം ഓരോരുത്തർക്കും റുപേ കാർഡ് ലഭിച്ചു. അടൽ പെൻഷൻ യോജന വാർധക്യത്തിൽ പെൻഷനിലൂടെ അവരെ സുരക്ഷിതരാക്കുന്നു. ഇൻഷുറൻസ് ഇനി സമ്പന്നരുടെ കുത്തകയല്ല. പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയും പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയും ദരിദ്ര കുടുംബങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയും പ്രതിസന്ധിഘട്ടങ്ങളിൽ സഹായവും ഉറപ്പാക്കി.

# ഒരു ബാങ്ക് അക്കൗണ്ട്; കൈവന്നത് നിരവധി സൗകര്യങ്ങൾ

- ഇപ്പോൾ ആരും പണം അടുക്കളപ്പാത്രങ്ങളിൽ സൂക്ഷിക്കുന്നില്ല, മറിച്ച് അത് ബാങ്കിൽ സുരക്ഷിതമാണ്. റുപേ കാർഡ് സാമ്പത്തിക സുരക്ഷയും സൗകര്യവും ഒരുപോലെ ഉറപ്പാക്കി. പലിശക്കാരുടെ പിടിയിൽ നിന്ന് ദരിദ്രർക്ക് മോചനം ലഭിച്ചു.
- ബാങ്ക് മിത്ര വഴി ബാങ്കിംഗ് സേവനങ്ങൾ വീട്ടുപടിക്കലെത്തുന്നു. ഇതുവഴി ജനങ്ങൾക്ക് സാമ്പത്തിക സഹായം സുഗമമായി ലഭിക്കുന്നു.
- ഇടപാടുകൾക്ക് ഇപ്പോൾ പണം ആവശ്യമില്ല; പകരം ഒരു മൊബൈൽ ഫോൺ മതി. പണമിടപാടുകൾ യുപിഐ വഴി എളുപ്പവും സുരക്ഷിതവുമാക്കി.
- ഉയർന്ന സമ്പാദ്യം: ബാങ്കിൽ നിക്ഷേപിച്ച തുകയും സർക്കാരിൽ നിന്ന് നേരിട്ടുള്ള ആനുകൂല്യ കൈമാറ്റവും കാരണം ഗാർഹിക സമ്പാദ്യം വർധിച്ചു.
- സാമ്പത്തിക ഉൾച്ചേർക്കൽ: വനിതകൾക്ക് അക്കൗണ്ട് തുറക്കുകയും സമീപത്ത് ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാവുകയും ചെയ്തത് സ്ത്രീകളെ ശാക്തീകരിച്ചു.
- സദ്ഭരണത്തിൽ വിശ്വാസം: ജൻധൻ - ആധാർ - മൊബൈൽ വിപ്ലവത്തിൽ, ജൻ ധൻ അക്കൗണ്ടുകളും ആധാറുമായി ബന്ധിപ്പിക്കലും മൊബൈൽ വഴിയുള്ള ലഭ്യതയും ബാങ്കിങ് സൗകര്യങ്ങൾ രാജ്യത്തിന്റെ അവസാന തലം വരെ എത്തിച്ചു.
- ജൻധൻ - ആധാർ - മൊബൈൽ സംയോജനത്തിലൂടെ ഇടനിലക്കാരെ ഇല്ലാതാക്കി 320-ലധികം പദ്ധതികളുടെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 45 ലക്ഷം കോടിയിലധികം രൂപ നേരിട്ട് കൈമാറി. ഇതുവഴി രാജ്യത്തിന് 4.3 ലക്ഷം കോടി രൂപ ലാഭിക്കാനായി.

## ബാങ്കുകളിലേക്ക് പ്രവേശനം

**ബാങ്ക് മിത്ര + ഡിജിറ്റൽ ബാങ്കിംഗ് കേന്ദ്രം = എല്ലാ ഗ്രാമങ്ങളിലും ബാങ്കിങ്**

- 21.6 ലക്ഷത്തിലധികം ബാങ്കിങ് സേവനകേന്ദ്രങ്ങളിലൂടെ രാജ്യത്തെ 6 ലക്ഷത്തിലധികം ഗ്രാമങ്ങളിൽ 5 കിലോമീറ്റർ ചുറ്റളവിൽ ബാങ്കിംഗ് ലഭ്യമാക്കി; അതായത് 99.9% .

**യൂറോപ്യൻ യൂണിയനിലെ ആകെ ജനസംഖ്യയേക്കാളേറെ ബാങ്ക് അക്കൗണ്ടുകൾ**

**56.21**
കോടി ജൻ ധൻ അക്കൗണ്ടുകൾ തുറന്നു

**38.71**
കോടി റുപേ ഡെബിറ്റ് കാർഡുകൾ വിതരണം ചെയ്തു

- 67% ത്തിലധികം ബാങ്ക് അക്കൗണ്ടുകൾ തുറന്നത് ഗ്രാമീണ, അർധ നഗര ബാങ്കുകളിൽ
- നഗരപ്രദേശങ്ങളിൽ 18.69 കോടി ഗുണഭോക്താക്കൾ
- 31.33 കോടി അഥവാ ഏകദേശം 56% ജൻ ധൻ അക്കൗണ്ടുകൾ സ്ത്രീകളുടേത്.





*(കുറിപ്പ്: കണക്കുകൾ കോടിയിൽ; 2025 ഓഗസ്റ്റ് 20 ലെ വിവരങ്ങൾ പ്രകാരം)*

> **സാമ്പത്തികമായി ഒഴിവാക്കപ്പെട്ട അവസ്ഥയിൽ നിന്ന് ശാക്തീകരണത്തിലേക്ക്! പ്രധാനമന്ത്രി ജൻ ധൻ യോജന ഇന്ത്യയിലെങ്ങും ജനജീവിതം മാറ്റിമറിച്ചു. പാർശ്വവൽക്കരിക്കപ്പെട്ടവർ സാമ്പത്തികമായി ബന്ധിപ്പിക്കപ്പെടുമ്പോൾ രാജ്യം ഒരുമിച്ച് മുന്നോട്ടു പോകുന്നു. ഇതാണ് പ്രധാനമന്ത്രി ജൻ ധൻ യോജന കൈവരിച്ച നേട്ടം. ഇത് ജനങ്ങളുടെ ആത്മാഭിമാനം വർധിപ്പിക്കുകയും സ്വന്തം വിധിയെഴുതാൻ ശക്തി പകരുകയും ചെയ്തു.**
>
> -നരേന്ദ്ര മോദി, പ്രധാനമന്ത്രി

രാജ്യത്തെ യഥാർത്ഥ സോഷ്യലിസത്തിന്റെ ഉദാഹരണമാണ് ജൻ ധൻ യോജന. മതം, ജാതി, വർഗം തുടങ്ങി എല്ലാ വിവേചനങ്ങളിൽ നിന്നും മുക്തമായ രാജ്യത്തിന്റെ വിജയകരമായ പദ്ധതി 'സബ്കാ സാത്ത്, സബ്കാ വികാസ്' എന്ന ആശയം യഥാർത്ഥത്തിൽ സാക്ഷാത്കരിച്ചിരിക്കുന്നു. പതിറ്റാണ്ടുകളായി പിന്നാക്കം നിൽക്കുന്നവർക്കും ചൂഷണം ചെയ്യപ്പെടുന്നവർക്കും അവരുടെ അവകാശങ്ങൾ കൈവന്നിരിക്കുന്നു. രാജ്യത്ത് പുതിയ ആത്മവിശ്വാസം ഉണർന്നിരിക്കുന്നു. ഇന്ന് ഗ്രാമങ്ങളിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ ബാങ്കിങ് സേവനങ്ങളെത്തുന്നു. റുപേ കാർഡ് ജനങ്ങൾ സൗകര്യപ്രദമായി ഉപയോഗിക്കുന്നു. എല്ലാ ഗ്രാമങ്ങളിലും ഡിജിറ്റൽ ഇടപാടുകൾ വർധിച്ചിരിക്കുന്നു. ഈ ആനുകൂല്യം തുടരാൻ ജൻ ധൻ അക്കൗണ്ടുള്ള ഓരോ വ്യക്തിയും അവരുടെ കെവൈസി വീണ്ടും പൂർത്തിയാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.

# സുപ്രധാന ആണവോർജ ശക്തിയായി ഉയർന്നുവരുന്ന ഇന്ത്യ

*വർധിച്ചുവരുന്ന ആഗോള ഊർജ പ്രതിസന്ധിയ്ക്കും പാരിസ്ഥിതിക വെല്ലുവിളികൾക്കുമിടയിൽ അതിന് പരിഹാരം കാണാൻ ആണവോർജ്ജത്തെ ശക്തമായ സുസ്ഥിര വികസന മാധ്യമമായി കണക്കാക്കി ഇന്ത്യ ദ്രുത നടപടികൾ കൈക്കൊണ്ടു. തദ്ദേശീയ സാങ്കേതികവിദ്യ വികസനം മുതൽ അന്താരാഷ്ട്ര സഹകരണം വരെ സ്വയംപര്യാപ്തത കൈവരിച്ചതിനപ്പുറം ഇന്ത്യ ആഗോള ആണവ ഭൂപടത്തിൽ സുപ്രധാന ശക്തിയായി ഉയർന്നുവരികയും ചെയ്യുന്നു. 2047 -ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി എന്ന അഭിലഷണീയ ലക്ഷ്യമാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്...*

2047 -ഓടെ നിശ്ചിത ആണവോർജ്ജ ശേഷി എന്ന ലക്ഷ്യം മുൻനിർത്തി ഇന്ത്യയുടെ ഊർജ്ജ മിശ്രണത്തിൽ ആണവോർജ്ജത്തെ സുപ്രധാന സ്തംഭമാക്കി മാറ്റുന്നതിലേക്ക് നീങ്ങുകയാണ് ഇന്ത്യ. ഊർജ വിശ്വാസ്യത ഉറപ്പാക്കാനും ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും ഇത് സഹായിക്കും. ഈ ലക്ഷ്യം കൈവരിക്കാൻ തദ്ദേശീയ ആണവ സാങ്കേതികവിദ്യയിലും പൊതു-സ്വകാര്യ പങ്കാളിത്തത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന തന്ത്രപരമായ നയ മാറ്റങ്ങൾക്കൊപ്പം അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപവും നടത്തുന്നു. ഊർജ്ജ സുരക്ഷയും സുസ്ഥിരതയും കൈവരിക്കുന്നതിന് സുപ്രധാന ഘടകമായി ആണവോർജ്ജത്തെ കണക്കാക്കിയ സർക്കാർ വികസിത ഭാരതത്തിലേക്കുള്ള ആണവോർജ്ജ ദൗത്യത്തിന് തുടക്കം കുറിച്ചു. ആഭ്യന്തര ആണവ ശേഷി വർധന, സ്വകാര്യ മേഖല പങ്കാളിത്ത പ്രോത്സാഹനം, ചെറുകിട ആണവ നിലയങ്ങൾ പോലെ നൂതന ആണവ സാങ്കേതികവിദ്യകളുടെ വിന്യാസം ത്വരിതപ്പെടുത്തൽ എന്നിവയാണ് സംരംഭത്തിന്റെ ലക്ഷ്യം.

2025-26 സാമ്പത്തിക വർഷ ബജറ്റിൽ ചെറുകിട ആണവ നിലയ മേഖലയുടെ ഗവേഷണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആണവോർജ്ജ ദൗത്യം സർക്കാർ ആരംഭിച്ചു.



2033 -ഓടെ തദ്ദേശീയമായി രൂപകൽപന ചെയ്ത പ്രവർത്തനക്ഷമമായ അഞ്ച് ചെറുകിട നിലയങ്ങളെങ്കിലും വികസിപ്പിക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. 2047-ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കാനുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയുടെ ഭാഗമാണിത്. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിലും ഭാവി ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിലും നാഴികക്കല്ലായി മാറുന്ന ഈ ദൗത്യം നടപ്പാക്കാൻ ആണവോർജ്ജ നിയമത്തിലും ആണവ നാശനഷ്ടങ്ങൾ സംബന്ധിച്ച സിവിൽ ബാധ്യതാ നിയമത്തിലും ഭേദഗതികൾ വരുത്തുന്നത് പരിഗണിക്കാനും സർക്കാർ തീരുമാനിച്ചു. ഈ ഭേദഗതികൾ ആണവോർജ്ജ പദ്ധതികളിൽ സ്വകാര്യമേഖല നിക്ഷേപം വർധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ലക്ഷ്യങ്ങൾ കൈവരിക്കാൻ സ്വകാര്യ മേഖല പങ്കാളിത്തം**

- ഇന്ത്യയുടെ ചെറുകിട ആണവ നിലയങ്ങൾ സ്ഥാപിക്കൽ
- ഇന്ത്യയുടെ ചെറുകിട ആണവ നിലയങ്ങളുടെ ഗവേഷണവും വികസനവും.
- പുതിയ ആണവോർജ്ജ സാങ്കേതികവിദ്യകളുടെ ഗവേഷണവും വികസനവും

ഡോ. ഹോമി ഭാഭ ആരംഭിച്ച ഇന്ത്യയുടെ ആണവോർജ്ജ യാത്രയെ ആഗോളതല നിയന്ത്രണ നയങ്ങളും ആണവോർജ്ജ വ്യാപനം സംബന്ധിച്ച അനാവശ്യ ഭയവും മൂലം ആഭ്യന്തര - അന്തർദേശീയ തലങ്ങളിൽ പലപ്പോഴും സംശയാസ്പദമായി വീക്ഷിക്കപ്പെടുന്നതായി കേന്ദ്ര ആണവോർജ്ജ ബഹിരാകാശ സഹമന്ത്രി ഡോ. ജിതേന്ദ്ര സിങ് പറഞ്ഞു. എങ്കിലും 2014 മുതൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ വലിയ മാറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ചു. സംശുദ്ധവും സുസ്ഥിരവുമായ ഊർജ്ജോല്പാദനത്തിന്റെ പ്രധാന ഘടകമെന്ന നിലയിൽ ആണവോർജ്ജ പദ്ധതിക്ക് വലിയ സ്വീകാര്യത ലഭിച്ചു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 100 ജിഗാവാട്ട് ആണവോർജ്ജ ലക്ഷ്യത്തിന്റെ പ്രഖ്യാപനം ഒരു പ്രതികൂല ഫലവും നേരിട്ടിട്ടില്ലെന്ന് ഡോ. സിങ് ചൂണ്ടിക്കാട്ടി. ആഗോള ആണവോർജ്ജ സമൂഹത്തിൽ ഇന്ത്യയുടെ വർധിച്ചുവരുന്ന വിശ്വാസ്യതയും ആണവോർജ്ജ വികസനത്തോട് ഉത്തരവാദിത്തപൂർണവും സുതാര്യവുമായ സമീപനത്തിനുള്ള അംഗീകാരത്തെയും ഇത് പ്രതിഫലിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ആണവോർജ്ജ മേഖലയിലെ സമീപകാല സംഭവവികാസങ്ങൾ...

- **ഇന്ത്യയിലെ ഏറ്റവും പഴക്കംചെന്ന യുറേനിയം ഖനിയായ ജാദുഗോഡ ഖനികൾ:** നിലവിലെ ഖനി - പാട്ട മേഖലയിലും പരിസരത്തും പുതിയ കരുതൽ ശേഖരത്തിന്റെ കണ്ടെത്തൽ ഖനിയുടെ ആയുസ്സ് 50 വർഷത്തിലധികം വർധിപ്പിക്കും.
- **700 മെഗാവാട്ട് പിഎച്ച്ഡബ്ല്യുആറിന്റെ ആദ്യ രണ്ട് യൂണിറ്റുകൾ:** 2023-24 സാമ്പത്തിക വർഷം വാണിജ്യ പ്രവർത്തനം ആരംഭിച്ചു.
- **രാജ്യത്തെ ആദ്യ മാതൃകാ ഫാസ്റ്റ് ബ്രീഡർ നിലയം (പിഎഫ്ബിആർ 500 മെഗാവാട്ട്):** 2024 ൽ നിരവധി നാഴികക്കല്ലുകൾ കൈവരിച്ചു. പ്രാഥമികഘട്ട സോഡിയം നിറയ്ക്കൽ, സോഡിയത്തിന്റെ ശുദ്ധീകരണം, നാല് സോഡിയം പമ്പുകളും (2 പ്രാഥമിക സോഡിയം പമ്പുകളും 2 ദ്വിതീയ സോഡിയം പമ്പുകളും) കമ്മീഷൻ ചെയ്യൽ എന്നിവയാണ് പ്രധാന നേട്ടങ്ങൾ.
- **എൻപിസിഐഎല്ലും ദേശീയ താപ വൈദ്യുത കോർപ്പറേഷനും (എൻടിപിസി):** രാജ്യത്തെ ആണവോർജ്ജ സൗകര്യങ്ങളുടെ വികസനത്തിന് അനുബന്ധ സംയുക്ത സംരംഭ കരാറിൽ ഒപ്പുവെച്ചു. ഇത് 4 x 700 മെഗാവാട്ട് പിഎച്ച്ഡബ്ല്യുആർ മഹി-ബൻസ്വര രാജസ്ഥാൻ ആണവ വൈദ്യുതി പദ്ധതി ഉൾപ്പെടെ ആണവ നിലയങ്ങളുടെ നിർമാണം, ഉടമസ്ഥാവകാശം, പ്രവർത്തനം എന്നിവയിലേക്ക് നയിച്ചു.



# നവ, പുനരുപയോഗ ഊർജ്ജ മേഖലയിലെ നേട്ടങ്ങൾ

### പുനരുപയോഗ ഊർജ്ജ ഉത്പാദനത്തിൽ റെക്കോഡ്

2025 ഓഗസ്റ്റ് 12 വരെയുള്ള കാലയളവിൽ

**234.24**

GW പുനരുപയോഗ ഊർജ്ജ ശേഷി (8.78 GW ആണവോർജ്ജം ഒഴികെ) കൈവരിച്ചു

2030 ആകുമ്പോഴേക്കും

**500**

GW ഫോസിൽ ഇതര ഊർജ്ജ ശേഷിയാണ് ഇന്ത്യയുടെ ലക്ഷ്യം.

- **ജലവൈദ്യുത ശേഷി:** 2025 ഓഗസ്റ്റ് 12 ലെ കണക്കുകൾ പ്രകാരം വൻകിട ജലവൈദ്യുത പദ്ധതികളുടെ ശേഷി 49.62 GW ഉം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശേഷി 5.10 GW ഉം ആണ്.
- **കാറ്റാടി ഊർജ്ജ ശേഷി:** 2025 ഓഗസ്റ്റ് 12 ലെ കണക്കുകൾ പ്രകാരം 51.67 GW ആണ് കാറ്റാടി ഊർജ്ജ ശേഷി.

### ആഗോള താരതമ്യം

**പുനരുപയോഗ ഊർജ്ജ ശേഷിയിലും കാറ്റാടി ഊർജ്ജത്തിലും ആഗോളതലത്തിൽ ഇന്ത്യ നാലാം സ്ഥാനത്തും സൗരോർജ്ജത്തിൽ മൂന്നാം സ്ഥാനത്തുമാണ്.**



### സൗരോർജ്ജ ശേഷി

**2025 ഓഗസ്റ്റ് 12 ലെ കണക്കുകൾ പ്രകാരം 116.24 GW ഇന്ത്യയുടെ മൊത്തം പുനരുപയോഗ ഊർജ്ജ ശേഷിയിൽ സൗരോർജ്ജത്തിന്റെ മാത്രം സംഭാവന 48% ആണ്.**

**പിഎം-സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന**

ഒരു കോടി കുടുംബങ്ങൾക്കായി 75,021 കോടി രൂപ വകയിരുത്തി പിഎം-സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന ആരംഭിച്ചു. 2025 ഓഗസ്റ്റ് 14 വരെ 58.81 ലക്ഷം അപേക്ഷകൾ ലഭിച്ചു. ആകെ 17.24 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. 9,841.77 കോടി രൂപ സബ്സിഡി അനുവദിച്ചു.

### വാർഷിക ആണവോർജ്ജ ഉത്പാദനത്തിൽ 60% വർദ്ധനവ്



2014-15 കാലയളവിൽ **35,592** ദശലക്ഷം യൂണിറ്റ്

2024-25 കാലയളവിൽ **56,681** ദശലക്ഷം യൂണിറ്റ്

### സ്ഥാപിതമായ ആണവ ശേഷി

ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പ്രവർത്തിപ്പിക്കുന്ന 25 ആണവ റിയാക്ടറുകളിൽ നിന്നുമുള്ള സ്ഥാപിത ആണവോർജ്ജ ശേഷി 2014-ലെ 4,780 മെഗാവാട്ടിൽ നിന്ന് 2025-ൽ 8,780 മെഗാവാട്ടായി, അതായത് 71% വർദ്ധിച്ചു.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, 100 ജിഗാവാട്ട് ആണവ ഊർജ്ജമെന്ന ലക്ഷ്യപ്രഖ്യാപനം യാതൊരു വിധ തടസ്സങ്ങളും നേരിടുന്നില്ലെന്ന് ഡോ. സിംഗ് ചൂണ്ടിക്കാട്ടി. ആഗോള ആണവ സമൂഹത്തിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന വിശ്വാസ്യതയും ആണവോർജ്ജ വികസനത്തോടുള്ള ഉത്തരവാദിത്തപൂർണ്ണവും സുതാര്യവുമായ സമീപനവും അംഗീകരിക്കപ്പെട്ടതിന്റെ പ്രതിഫലനമാണിത്.

**ആണവ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ...**
വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകതകൾ നിറവേറ്റുന്നതിനും പാരിസ്ഥിതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി ഇന്ത്യ സ്വന്തം ആണവോർജ്ജ ശേഷി വർദ്ധിപ്പിക്കുകയാണ്. 2031-32 ആകുമ്പോഴേക്കും ആണവോർജ്ജ ശേഷി 8,180 മെഗാവാട്ടിൽ നിന്ന് 22,480 മെഗാവാട്ടായി ഉയർത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഗുജറാത്ത്, രാജസ്ഥാൻ, തമിഴ്നാട്, ഹരിയാന, കർണാടക, മധ്യപ്രദേശ് എന്നിവിടങ്ങളിലായി ആകെ 8,000 മെഗാവാട്ടിന്റെ പത്ത് റിയാക്ടറുകളുടെ നിർമ്മാണവും കമ്മീഷനിംഗും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കും.






> ഭാവിയിൽ രാജ്യത്തിന്റെ വികസനത്തിന് സൈനികേതര ആണവോർജ്ജം ഗണ്യമായ സംഭാവന നൽകും.

**നരേന്ദ്ര മോദി, പ്രധാനമന്ത്രി**

ഇതിനുപുറമെ, ആന്ധ്രാപ്രദേശിലെ ശ്രീകാകുളം ജില്ലയിലെ കൊവ്വാഡയിൽ അമേരിക്കയുമായി സഹകരിച്ച് 6 x 1208 മെഗാവാട്ട് ആണവ നിലയം സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ, മറ്റ് ചില റിയാക്ടറുകളുടെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആണവ നിലയങ്ങൾ കർശനമായ സുരക്ഷാ പ്രോട്ടോക്കോളുകളും അന്താരാഷ്ട്ര നിരീക്ഷണവും പാലിച്ചാണ് പ്രവർത്തിക്കുന്നത്. സുരക്ഷിതവും സുസ്ഥിരവുമായ ആണവ ശേഷിയോടുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്ന തരത്തിൽ ഇന്ത്യൻ ആണവ നിലയങ്ങളിലെ വികിരണ തോത് ആഗോള നിലവാരത്തേക്കാൾ താഴെയാണ്.

ഊർജ്ജ മേഖലയിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നതിന് സർക്കാർ ഫലപ്രദവും ദൂരവ്യാപക ഗുണഫലങ്ങൾ ഉളവാക്കുന്നതുമായ ഒട്ടേറെ സംരംഭങ്ങൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഫലമായി സൗരോർജ്ജ ശേഷി മുപ്പത് മടങ്ങ് വർദ്ധിച്ചു. ഹരിത ഹൈഡ്രജൻ ദൗത്യത്തിനായി ഇന്ത്യ ആയിരക്കണക്കിന് കോടി രൂപ നിക്ഷേപിക്കുന്നു. വാസ്തവത്തിൽ, 2047 ആകുമ്പോഴേക്കും ആണവോർജ്ജ ശേഷി 10 മടങ്ങിലധികം വർദ്ധിപ്പിക്കാനുള്ള ദൃഢനിശ്ചയത്തോടെയാണ് ഇന്ത്യ മുന്നോട്ട് പോകുന്നത്. 2025 ൽ തന്നെ രാജ്യം 50% ശുദ്ധമായ ഊർജ്ജ ലക്ഷ്യം കൈവരിച്ചത് ഭാരത സർക്കാർ കൈക്കൊണ്ട നയങ്ങൾ മൂലമാണ്. 2030 ൽ കൈവരിക്കാൻ നിശ്ചയിച്ച ലക്ഷ്യങ്ങൾ അഞ്ച് വർഷം മുമ്പ് തന്നെ പൂർത്തിയാക്കാൻ രാജ്യത്തിനായി.



കേന്ദ്ര നിയമനിർമ്മാണ സഭയുടെ ആദ്യ ഇന്ത്യൻ സ്പീക്കറായി വിഠൽഭായ് പട്ടേൽ തിരഞ്ഞെടുക്കപ്പെട്ടിട്ട് 100 വർഷം

# ജനാധിപത്യത്തിന്റെ എഞ്ചിനാണ് സഭകൾ

***ആരോഗ്യകരമായ പാരമ്പര്യങ്ങൾ സ്ഥാപിക്കപ്പെടുകയും, രാജ്യതാത്പര്യങ്ങൾക്കനുഗുണമാം വിധം നയങ്ങളും നിയമങ്ങളും രൂപപ്പെടുത്തുകയും, രാജ്യത്തിന്റെ സ്വാഭാവിക ദിശ വ്യക്തമാക്കുകയും ചെയ്യുന്നതിൽ നിയമനിർമ്മാണ സഭകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. ഏതൊരു സഭയിലും സ്പീക്കറുടെ പങ്ക് പരമ പ്രധാനമാണ്. നിഷ്പക്ഷത, നീതി എന്നീ സ്തംഭങ്ങളിലാണ് സ്പീക്കർ പദവിയുടെ അന്തസ്സ് കുടികൊള്ളുന്നത്. കേന്ദ്ര നിയമനിർമ്മാണ സഭയുടെ ആദ്യ ഇന്ത്യൻ സ്പീക്കറായി വിഠൽഭായ് പട്ടേൽ തിരഞ്ഞെടുക്കപ്പെട്ടിട്ട് 100 വർഷം തികയുന്ന ശുഭമുഹൂർത്തം അനുസ്മരിക്കുന്നതിനായി ഡൽഹി നിയമസഭയിൽ സംഘടിപ്പിച്ച രണ്ട് ദിവസത്തെ നിയമസഭാ സ്പീക്കർമാരുടെ അഖിലേന്ത്യാ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു...***

വിഠൽഭായ് പട്ടേലിന്റെ കാലത്ത്, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിയമനിർമ്മാണ വകുപ്പും നിയമസഭാ സെക്രട്ടേറിയേറ്റും സ്ഥാപിതമായി. ഒരു നിയമസഭയ്ക്കും തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കാൻ കഴിയില്ലെന്ന് അക്കാലത്ത് തന്നെ വിഠൽഭായ് നിലപാടെടുത്തു. അതിനുള്ളിൽ നടക്കുന്ന ചർച്ചകൾ അർത്ഥപൂർണ്ണമാകാൻ നിയമസഭ സ്വതന്ത്രമായി തുടരണം. ഇത് നമുക്കേവർക്കും ഒരു പ്രധാന അവസരമാണെന്ന് ഓഗസ്റ്റ് 24 ന് നടന്ന സമ്മേളനത്തിൽ വിഠൽഭായ് പട്ടേലിന്റെ പ്രസ്താവനകൾ സ്മരിച്ചുകൊണ്ട്, കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു. നിയമസഭകളിലെ സ്പീക്കർ സ്ഥാനത്തിന്റെ അന്തസ്സ് വർദ്ധിപ്പിക്കാൻ നാം പ്രവർത്തിക്കണം. നമ്മുടെ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ ശബ്ദമുയർന്നു കേൾക്കും വിധം നിഷ്പക്ഷ വേദി സ്ഥാപിക്കപ്പെടണം. ഭരണ, പ്രതിപക്ഷ കക്ഷികളുടെ ന്യായമായ സംവാദം ഉറപ്പാക്കണം. നിയമസഭ, ലോക്സഭ, രാജ്യസഭ എന്നിവയുടെ ചട്ടങ്ങൾക്കനുസൃതമായി സഭാനടപടികൾ നടക്കുന്നുണ്ടെന്ന് കൂടി ഉറപ്പാക്കണം. ഒരു ജനാധിപത്യത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗം ഗൗരവമേറിയ സംവാദങ്ങളാണ്. നിയമസഭകൾക്ക് അവയുടെ അന്തസ്സ് നഷ്ടപ്പെട്ടപ്പോഴെല്ലാം, നമുക്ക് വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. രാജ്യതാത്പര്യം മുൻനിർത്തി ജനങ്ങളുടെ ശബ്ദം പ്രകടിപ്പിക്കുന്നതിനുള്ള മാധ്യമമായി അവ മാറുന്ന തരത്തിൽ നിയമനിർമ്മാണ സഭകളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കണം.



## ജനാധിപത്യത്തെ ശാക്തീകരിച്ചു

- 1925 ഓഗസ്റ്റിൽ മഹാനായ സ്വാതന്ത്ര്യസമര സേനാനി വിൽഭായ് പട്ടേലിനെ കേന്ദ്ര നിയമനിർമ്മാണ സഭയുടെ സ്പീക്കറായി തിരഞ്ഞെടുത്തു. ഇത് ഇന്ത്യക്കാരുടെ സ്വന്തം നിയമനിർമ്മാണ ചരിത്രത്തിന് തുടക്കം കുറിച്ചു.
- ഇന്ത്യൻ ആശയങ്ങളെ അടിസ്ഥാനമാക്കി ജനാധിപത്യ പരമായി രാജ്യത്തെ നയിക്കുന്നതിന് അടിത്തറ പാകിയത് വിൽഭായ് പട്ടേൽ ആണ്.
- കേന്ദ്ര സർക്കാരിലും എല്ലാ സംസ്ഥാനങ്ങളിലും നിയമ നിർമ്മാണ വകുപ്പും അസംബ്ലി സെക്രട്ടേറിയറ്റും സ്ഥാപിക്കാൻ വിൽഭായ് പട്ടേൽ തീരുമാനിച്ചു. അത് ഭരണഘടനാ നിർമ്മാണ സഭ അംഗീകരിച്ചു.
- വിൽഭായ് പട്ടേൽ ഒട്ടേറെ പാരമ്പര്യങ്ങൾക്ക് തുടക്കം കുറിച്ചു. പ്രത്യേകിച്ച് നിയമനിർമ്മാണ പ്രവർത്തനത്തിലും സ്പീക്കറുടെ ചുമതലകളുമായി ബന്ധപ്പെട്ടും. ആ പാരമ്പ ര്യങ്ങൾ ഇപ്പോഴും ഒരു പ്രകാശ ഗോപുരം പോലെ നമ്മെ നയിക്കുന്നു.
- വിൽഭായ് പട്ടേൽ പല തവണ പലവിധ വെല്ലുവിളികൾ നേരിട്ടു, പക്ഷേ അവയെല്ലാം അദ്ദേഹം മറികടന്നു.
- നിയമസഭാ സ്പീക്കർ പദവിയുടെ അന്തസ്സ് ഇടിച്ച് താഴ്ത്താൻ അദ്ദേഹം അനുവദിച്ചില്ല. രാജ്യത്തിന്റെ ശബ്ദം സഭയിൽ മുഴങ്ങിക്കേൾക്കാൻ അദ്ദേഹം അനുവദിച്ചു. നിയമസഭയുടെ പ്രവർത്തനങ്ങളിൽ ബ്രിട്ടീഷ് മാനസികാവസ്ഥ ആധിപത്യം സ്ഥാപിക്കാൻ അദ്ദേഹം അനുവദിച്ചില്ല.

“

**നിയമനിർമ്മാണ പാരമ്പര്യത്തിന് അടിത്തറ പാകിയ വിൽഭായ് പട്ടേൽ ഇന്ത്യൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തി. നിയമസഭാ സ്പീക്കറായിരിക്കെ, അദ്ദേഹം സഭയുടെ അന്തസ്സ് നിലനിർത്തുക മാത്രമല്ല, ഓരോ അംഗത്തിനും സംസാരിക്കാനുള്ള പൂർണ്ണ അവകാശം നൽകിക്കൊണ്ട് ജനാധിപത്യ മൂല്യങ്ങളുടെ ഉത്തമ ഉദാഹരണം സൃഷ്ടിക്കുകയും ചെയ്തു. ഒരു സ്പീക്കർ എന്ന നിലയിൽ, എല്ലാ സ്പീക്കർമാർക്കും അദ്ദേഹം പ്രചോദനത്തിന്റെ ഉറവിടമാണ്. സമകാലിക കാലഘട്ടത്തിൽ, രാജ്യത്തെ എല്ലാ വിഭാഗങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി നീതിയുക്തവും ഭാവാത്മകവും ക്രിയാത്മകവുമായ സംവാദം പ്രോത്സാഹിപ്പിക്കേണ്ടത് ഓരോ സ്പീക്കറുടെയും കടമയാണ്.**

അമിത് ഷാ
**കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി**

**ഡൽഹി നിയമസഭാ സമുച്ചയത്തിൽ നിന്നാണ് സെൻട്രൽ അസംബ്ലി പ്രവർത്തിച്ചിരുന്നത്.**

ബ്രിട്ടീഷ് ഭരണകാലത്ത് 1919 ലെ നിയമപ്രകാരം ഡൽഹി അസംബ്ലി കോംപ്ലക്സിലാണ് കേന്ദ്ര നിയമനിർമ്മാണ സഭ പ്രവർത്തിച്ചിരുന്നത്. ലെജിസ്ലേറ്റീവ് അസംബ്ലി (ലോവർ ഹൗസ്), കൗൺസിൽ ഓഫ് സ്റ്റേറ്റ് (അപ്പർ ഹൗസ്) എന്നിവ സൃഷ്ടിക്കപ്പെട്ടതോടെ കേന്ദ്ര നിയമനിർമ്മാണ സഭ ഒരു ദ്വിസഭ സംവിധാനമായി വികസിപ്പിച്ചു. 144 അംഗങ്ങളുള്ള സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയായിരുന്നു അധോസഭ. അതിൽ 104 പേർ തിരഞ്ഞെടുക്കപ്പെടുകയും 40 പേർ നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു. നിലവിലെ ഡൽഹി അസംബ്ലി കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചിരുന്നത്. 1925 ഓഗസ്റ്റിൽ, മഹാനായ സ്വാതന്ത്ര്യ സമര സേനാനി വിൽഭായ് പട്ടേൽ കേന്ദ്ര നിയമനിർമ്മാണ സഭയുടെ ആദ്യ ഇന്ത്യൻ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ പ്രമുഖ വ്യക്തികൾ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായുള്ള അഭിവാഞ്ഛ പ്രകടിപ്പിക്കുകയും നിയമനിർമ്മാണ പ്രവർത്തനങ്ങളിലൂടെ ജനാഭിലാഷത്തെ പ്രതിനിധീകരിക്കുകയും ചെയ്തു. 1947 ഓഗസ്റ്റ് 14 ന് സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയും കൗൺസിൽ ഓഫ് സ്റ്റേറ്റ്സും ഇല്ലാതായി.

ഇന്ത്യയിൽ, സ്പീക്കർക്ക് സ്ഥാപനപരമായ ഒരു പദവി നൽകിയിട്ടുണ്ട്. സഭയിൽ ഏറ്റവും ബുദ്ധിമുട്ടേറിയ ചുമതല സ്പീക്കറുടെതാണ്. അദ്ദേഹം ഒരു രാഷ്ട്രീയ കക്ഷിയിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെടുന്നതെങ്കിലും സത്യപ്രതിജ്ഞ ചെയ്യുന്നതോടെ നിഷ്പക്ഷ അമ്പയറുടെ റോൾ ഏറ്റെടുക്കുന്നു. ഏകദേശം 80 വർഷത്തിനിടയിൽ, ജനാധിപത്യത്തിന്റെ അടിത്തറയെ നാം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ജനതയുടെ ആത്മാവിലും പ്രകൃതത്തിലും വേരൂന്നിയതാണ് ജനാധിപത്യമെന്നത് തെളിയിക്കപ്പെട്ട വസ്തുതയാണ്. സ്വാതന്ത്ര്യാനന്തരം, ഇന്ത്യയിലെ അധികാരശ്രേണിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഒരു തുള്ളി രക്തം പോലും ചിന്താതെ സമാധാനപരമായാണ് അധികാര കൈമാറ്റങ്ങൾ എല്ലാം നടന്നതെന്ന് കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി പറഞ്ഞു. ഇതിനുള്ള അടിസ്ഥാന കാരണം, നമ്മുടെ നിയമനിർമ്മാണ പ്രക്രിയയെ നാം ശ്രദ്ധാപൂർവ്വം സംരക്ഷിച്ചതും നമ്മുടെ വ്യവസ്ഥയിൽ കാലത്തിനനുസരിച്ച് പരിവർത്തനങ്ങൾ കൊണ്ടുവന്നതുമാണ്.

പാർലമെന്റിന്റെയും നിയമസഭകളുടെയും അകത്തളങ്ങളിൽ അർത്ഥവത്തായ ചർച്ചകൾ നടന്നില്ലെങ്കിൽ അവ നിർജ്ജീവമായ മന്ദിരങ്ങൾ മാത്രമായി അവശേഷിക്കുമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. രാഷ്ട്രീയ താത്പര്യങ്ങൾക്കായി പാർലമെന്റും നിയമസഭകളും സ്തംഭിപ്പിക്കുന്നത് ഗുണപരമല്ല. പ്രതിഷേധം നിയന്ത്രിക്കണം. പ്രതീകാത്മക പ്രതിഷേധങ്ങൾക്ക് അതിന്റേതായ പവിത്രതയുണ്ട്. എന്നാൽ പ്രതിഷേധങ്ങളുടെ മറവിൽ, മുഴുവൻ സമ്മേളനകാലത്തും, എല്ലാ ദിവസവും സഭ തടസ്സപ്പെടുത്തുന്ന സമീപനം പൊതുജനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ നിന്നും ആത്മപരിശോധന ആവശ്യപ്പെടുന്നു.

# ബീഹാർ രാഷ്ട്രീയത്തിലെ മാതൃകാ പുരുഷൻ



ജനനം: 1914 സെപ്റ്റംബർ 21
മരണം: 1984 സെപ്റ്റംബർ 9

***സത്യം, വിശ്വസ്തത, ലാളിത്യം, ത്യാഗം എന്നിവയുടെ പ്രതീകമായ ഭോല പാസ്വാൻ ശാസ്ത്രിയുടെ പൈതൃകം കാലിക പ്രസക്തമാണ്. അതിദരിദ്രമായ ഒരു കുടുംബത്തിൽ ജനിച്ച ശാസ്ത്രിയെ 'ബീഹാർ രാഷ്ട്രീയത്തിലെ വിദേഹ്' (രാജർഷി) എന്നു വിശേഷിപ്പിക്കുന്നു. എളിയ പശ്ചാത്തലത്തിൽ നിന്ന് വന്ന അദ്ദേഹം ഉയരങ്ങൾ കീഴടക്കി. അക്കാലത്ത് ഉന്നത കുലജാതരുടെ ഭാഷയായി കണക്കാക്കപ്പെട്ടിരുന്ന സംസ്കൃതം അദ്ദേഹം പഠിച്ചു. സ്വാതന്ത്ര്യസമരകാലത്ത് ജയിലിലടയ്ക്കപ്പെട്ട ശാസ്ത്രി മൂന്ന് തവണ സംസ്ഥാന മുഖ്യമന്ത്രിയായിരുന്നു. പക്ഷേ ജീവിതകാലം മുഴുവൻ ദാരിദ്ര്യത്തിലായിരുന്നു അദ്ദേഹം കഴിഞ്ഞു കൂടിയത്. എന്നിട്ടും സ്വന്തം സത്യസന്ധതയ്ക്ക് ഒരു പോറലുമേൽക്കാൻ അദ്ദേഹം അനുവദിച്ചില്ല...***

ബിഹാറിനെ സംബന്ധിച്ചിടത്തോളം മണ്ണിന്റെ മകനും, ലാളിത്യത്തിന്റെയും സത്യസന്ധതയുടെയും പ്രതീകവുമായിരുന്ന ഭോല പാസ്വാൻ ശാസ്ത്രിക്ക്, സംസ്ഥാനത്തിന്റെ ആദ്യ ദളിത് മുഖ്യമന്ത്രി എന്ന ബഹുമതിയുണ്ട്. കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമത്തിനായി സ്വജീവിതം സമർപ്പിച്ച ഭോല പാസ്വാൻ ശാസ്ത്രിയുടെ മുഖമുദ്ര ലാളിത്യമായിരുന്നു. പലതവണ മന്ത്രിയും മുഖ്യമന്ത്രിയുമായ അദ്ദേഹം, ഒരു മരച്ചുവട്ടിൽ ഇരുന്നുകൊണ്ട് പോലും തന്റെ ചുമതലകൾ സുഗമമായി നിർവ്വഹിച്ചിരുന്നു. വെറും നിലത്തെ വിരിയിൽ ഇരിക്കാനും ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ചകൾ നടത്തി തത്സമയം പ്രശ്നങ്ങൾ പരിഹരിക്കാനും അദ്ദേഹം മടിച്ചിരുന്നില്ല. ലൗകിക ജീവിതം ഉപേക്ഷിച്ചു കൊണ്ട് രാജ്യത്തോടും സമൂഹത്തോടും അദ്ദേഹം പ്രതിബദ്ധത പുലർത്തി.

രാജ്യം ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്നപ്പോൾ, നാട്ടുകാർ സ്വാതന്ത്ര്യത്തിനായി കൊതിച്ചപ്പോൾ, പൂർണിയ ജില്ലയിലെ ബൈർഗച്ചിയിൽ ജനിച്ച ഭോല പാസ്വാൻ ശാസ്ത്രി, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്വാധീനത്താൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലേക്ക് എടുത്തുചാടി. കഠിനാധ്വാനവും സമർപ്പണവും കൊണ്ട് അദ്ദേഹം ബനാറസിൽ പോയി സംസ്കൃതം പഠിച്ച് ശാസ്ത്രി ബിരുദം നേടി. തുടർന്ന് ശാസ്ത്രി ബിരുദം പേരിനൊപ്പം ചേർത്തു. അതീവ ബുദ്ധിശാലിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പാണ്ഡിത്യം എല്ലാവരെയും ആകർഷിച്ചു. പിന്നീട്, ഡോ. ഭീംറാവു അംബേദ്കറുടെ ചിന്തകളാൽ അദ്ദേഹം സ്വാധീനിക്കപ്പെട്ടു.

1968-ൽ ഭോല പാസ്വാൻ ശാസ്ത്രി ആദ്യമായി ബീഹാർ മുഖ്യമന്ത്രിയായി. എന്നാൽ, മൂന്ന് മാസം മാത്രമേ അദ്ദേഹത്തിന് ആ പദവിയിൽ തുടരാൻ കഴിഞ്ഞുള്ളൂ. 1969-ൽ 13 ദിവസവും 1971-ൽ 7 മാസവും അദ്ദേഹം മുഖ്യമന്ത്രിയായി. സംസ്ഥാന രാഷ്ട്രീയത്തോടൊപ്പം, ദേശീയ രാഷ്ട്രീയത്തിലും അദ്ദേഹം സജീവമായിരുന്നു. വിവിധ പദവികൾ വഹിച്ചിരുന്നെങ്കിലും, ശമ്പള വരുമാനം മാത്രമേ അദ്ദേഹം സ്വീകരിച്ചിരുന്നുള്ളൂ. അദ്ദേഹത്തിന് സ്വന്തമായി ആഡംബര ബംഗ്ലാവോ കാറോ ഉണ്ടായിരുന്നില്ല. തന്റെ കുട്ടിക്കാലം ഒരു കുടിലിലാണ് അദ്ദേഹം ചെലവഴിച്ചത്. ജീവിതത്തിന്റെ അവസാന നാളുകളും ഒരു കുടിലിൽ ചെലവഴിച്ചു. 1984 സെപ്റ്റംബർ 9-ന് അദ്ദേഹം മരിച്ചപ്പോൾ, അന്ത്യകർമങ്ങൾ നടത്താൻ പോലും കുടുംബത്തിന് മതിയായ ധനം ഉണ്ടായിരുന്നില്ല.

2014 മാർച്ച് 10 ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഭോല പാസ്വാൻ ശാസ്ത്രിയെ അനുസ്മരിക്കുകയും പൂർണിയയിൽ നടന്ന ഒരു റാലിയിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുകയും ചെയ്തു. 2022 സെപ്റ്റംബർ 23 ന് ബീഹാറിലെ പൂർണിയയിൽ നടന്ന ജന ഭാവന മഹാസഭയെ അഭിസംബോധന ചെയ്യവേ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ, ഭോല പാസ്വാൻ ശാസ്ത്രിയെ അനുസ്മരിച്ചു. ബീഹാറിന്റെ ആദ്യ ദളിത് മുഖ്യമന്ത്രിയായ ഭോല പാസ്വാൻ ശാസ്ത്രി പൂർണിയ ജില്ലയുടെ സംഭാവനയാണെന്ന് അദ്ദേഹം പറഞ്ഞു.





**PMO India**
@PMOIndia

त्योहारों में हम जो भी खरीदारी करें, जो भी गिफ्ट दें...घर की साज-सज्जा के लिए जो भी सामान लाएं...वो मेड इन इंडिया हो।






**Rajnath Singh**
@rajnathsingh

This fusion of technology and surprise is making warfare more complex and unpredictable than ever before. That is why we must not only master existing technologies but also ensure that we are constantly prepared for new innovations and unforeseen challenges.



**Amit Shah**
@AmitShah

मोदी जी ने 130वें संविधान संशोधन बिल में CM और मंत्रियों के साथ प्रधानमंत्री भी हो, यह खुद से डलवाया है।

एक CM जेल में रहे और सचिव, DGP, चीफ सेक्रेटरी आदेश लेने जेल जाए, यह हमारे लोकतंत्र को शोभा नहीं देता।

जब संविधान बना था, तब संविधान निर्माताओं ने इस निर्लज्जता की कभी कल्पना भी नहीं की थी कि भविष्य में ऐसे नेता भी आएँगे, जो जेल में रहकर सरकार चलाएँगे ।



**Nitin Gadkari**
@nitin_gadkari

11 years ago, Hon'ble PM Shri @narendramodi Ji sowed the seed of financial empowerment through Jan Dhan Yojana. Today, with 56+ crore accounts, women leading the way, and villages linked to the nation's economic pulse, PMJDY is more than banking—it is trust in action, dignity in every wallet, and empowerment in every household. A vision that once began as inclusion, now shines as India's financial revolution.

#11YearsOfJanDhan



**Jagat Prakash Nadda**
@JPNadda

आदरणीय प्रधानमंत्री श्री @narendramodi जी के नेतृत्व में नई हेल्थ पॉलिसी बनी, जो holistic health policy है।
इस health policy में हम लोगों ने पहली बार जोर दिया कि इसमें prevention होना चाहिए, preventive, promotive और curative etc. हेल्थकेयर होना चाहिए। यानी, पहले तो व्यक्ति बीमार ही न हो, इसकी हमें चिंता करनी है।



**Dr Jitendra Singh**
@DrJitendraSingh

#ISRO successfully conducts the first Integrated Air Drop Test (IADT-01), showcasing the parachute-based deceleration system for #Gaganyaan.

A proud joint effort of ISRO, IAF, DRDO, Indian Navy & Coast Guard.

# India, China committed to fair resolution of border issue: Modi

After PM meets the Chinese President, MEA says ready for 'reasonable and mutually acceptable' solution on border; Xi says border issues should not define overall relations; Foreign Secretary says India, China economies can stabilise world trade

Vighnesh P. Venkitesh
TIANJIN

Prime Minister Narendra Modi, at his meeting with Chinese President Xi Jinping on Sunday, underlined the importance of peace and tranquillity on the India-China border for continued development of bilateral relations.

Meeting on the sidelines of the Shanghai Cooperation Organisation summit in the northern Chinese city of Tianjin, the two leaders agreed on the need to strengthen people-to-people ties through direct flights and visa facilitation, building on the resumption of the Kailash Mansarovar Yatra and tourist visas, amid an improving relationship between the neighbours. Mr. Xi said the border issue should not define overall relations.



**Improved ties:** Prime Minister Narendra Modi with Chinese President Xi Jinping during a meeting on the sidelines of the Shanghai Cooperation Organisation summit in the Chinese city of Tianjin. PMO

"The two leaders noted with satisfaction the successful disengagement last year and the maintenance of peace and tranquillity along the border areas since then. They expressed commitment to a fair, reasonable, and mutually acceptable resolution of the boundary question," the Ministry of External Affairs said in a statement following the meeting.

Mr. Modi called for mutual support in combating terrorism, Foreign Secretary Vikram Misri said at a press briefing on Sunday night.

CONTINUED ON
» PAGE 10

# Indians must follow 'vocal for local' mantra, says PM

In his monthly broadcast *Mann Ki Baat*, Modi calls for a self-reliant India, amid trade turmoil due to the U.S. tariffs; expresses anguish at the havoc caused by natural disasters in the country

The Hindu Bureau
NEW DELHI

Prime Minister Narendra Modi on Sunday urged Indians to take pride in "swadeshi (made in India)" products as the festival season approaches. In his monthly radio address *Mann Ki Baat*, he stressed that India should follow one mantra, "Vocal for Local"; one path, "Atmanirbhar Bharat (self-reliant India)"; and one goal, "developed India".

Everything that is needed in life should be swadeshi, he said, reiterating his recent appeal for the country to become self-reliant after U.S. President Donald Trump imposed a 50% tariff on Indian goods.

As different parts of the country celebrate Ganesh Chathurthi, and as Durga Puja and Deepavali approach, he said that people should not forget about swadeshi products during the festivals, while purchasing gifts, clothes, or decor items.

"Say with pride, 'This is swadeshi'," he said, repeating the phrase thrice. "The only mantra is vocal for local, the only path is Aatmanirbhar Bharat, the only goal is developed India," he said in the concluding remarks of his monthly broadcast.



Say with pride, this is swadeshi... the only mantra is vocal for local, the only path is Aatmanirbhar Bharat, the only goal is developed India
NARENDRA MODI
Prime Minister

He also expressed his anguish at the havoc that natural disasters had wreaked during the rainy season. "This monsoon season, natural disasters are testing the country," Mr. Modi said.

"At places, homes were destroyed; at others, fields were submerged; families were ruined in large numbers. Elsewhere, bridges were swept away by gushing water; roads were washed away; people's lives were enmeshed in danger. These incidents have saddened every Indian," he said.

The Prime Minister added that national and State emergency forces had toiled day and night to help people. Modern technology and resources, such as thermal cameras, life detectors, sniffer dogs and drone surveillance, have been deployed in rescue and relief efforts, he said, adding that security forces, local populations, social workers, doctors, and the administration had made every possible effort in this hour of crisis.

**J&K sports events**

He highlighted two major events in Jammu and Kashmir amid the devastating natural calamity – the first day-night cricket match in Pulwama and a water sports festival in Srinagar.

"Not many people noticed these. But you will be happy to know about those achievements. A record number of people gathered in a stadium in Pulwama... Pulwama's first day-night cricket match was played here. Earlier this was impossible, but now my country is changing," he said. "The second event that caught attention was the country's first 'Khelo India Water Sports Festival', and that too held at Dal Lake in Srinagar. Truly, what a special place to host a festival like this." Speaking to Mohsin Ali, who is from Jammu and Kashmir and won a gold medal, he said the youth of the region can bring glory to the country as they have so much potential.

Mr. Modi said love for the Ramayana and Indian culture was now reaching every corner of the world, noting that a 51-foot statue of Lord Ram was unveiled at Mississauga in Canada earlier this month.

A unique exhibition was held in Vladivostok, a very cold region of Russia, this month, in which paintings made by Russian children on different themes of the Ramayana were showcased. "It is indeed heartening to see the growing awareness of Indian culture in different parts of the world," Mr. Modi said.

# PMJDY hits 560 mn accounts, ₹2.68 lakh cr deposits in 11 yrs

Rajeev Jayaswal
letters@hindustantimes.com

**NEW DELHI:** Prime Minister Narendra Modi on Thursday said the Pradhan Mantri Jan Dhan Yojana (PMJDY) has enhanced dignity and empowered underserved citizens as the world's biggest financial inclusion scheme achieved over 560 million bank accounts in the last 11 years with deposits exceeding ₹2.68 lakh crore.

"When the last mile is financially connected, the entire nation moves forward together. That is exactly what the PM Jan Dhan Yojana achieved. It enhanced dignity and gave people the power to script their own destiny," he said in a post on X as the central scheme completes 11 years. PMJDY was launched by Modi on August 28, 2014.

PMJDY ensures that every unbanked adult has access to a basic bank account with zero balance requirements and no maintenance charges. Each account comes with a free RuPay debit card, offering an accident insurance cover of ₹2



Prime Minister Narendra Modi. PTI

lakh, encouraging digital transactions and financial security. Account holders are also eligible for an overdraft facility of up to ₹10,000, providing a safety net during emergencies. According to government data, the average deposit per PMJDY account is ₹4,768 as on August 13.

On this occasion, Union finance minister Nirmala Sitharaman called it a key driver of economic growth and development. "Universal access to bank accounts enables the poor and marginalised to participate fully in the formal economy and benefit from its opportunities," she said in a statement.

"PMJDY has been one of t[he] major channels for deliveri[ng] benefits under various schem[es] using Direct Benefit Transf[er] (DBT), providing credit faciliti[es,] social security, and enhanci[ng] savings and investments," s[he] said. More than 380 million fr[ee-]of-cost RuPay cards have be[en] issued, facilitating digital tran[s]actions, she added.

It is noteworthy that und[er] PMJDY, 67% of the accounts a[re] opened in rural or semi-urb[an] areas, and 56% of the accoun[ts] are opened by women, indica[t]ing how underprivileged indivi[d]uals living in far-flung areas [of] the country have been broug[ht] into the formal financial secto[r,] the FM said. PMJDY accoun[ts] have no restriction of balanc[e] or amount of transactions if fu[lly] KYC compliant. It is a Basic Sa[v]ings Bank Deposit Accou[nt] (BSBD) account and provid[es] free of cost facilities for t[he] deposit of cash at bank branch[es] as well as ATMs, receipt a[nd] credit of money through a[n] electronic channel or by mea[ns] of deposit and collection [of] cheques drawn by governme[nt] agencies and departments.

WAYS TO BALANCE BILATERAL TRADE DISCUSSED

# We're partners, not rivals, say Modi, Xi

SHUBHAJIT ROY
Tianjin, August 31

**UNDERLINING THE MOVE** to repair India-China bilateral ties — after a five-year military standoff along the Line of Actual Control (LAC) in eastern Ladakh — Prime Minister Narendra Modi and Chinese President Xi Jinping emphasised on Sunday that the two countries were "partners, not rivals". While they agreed on a "fair, reasonable and mutually acceptable resolution" of the border issue, they flagged the importance of a multipolar world and "role of their two economies to stabilise world trade".

The meeting — their second in the last 10 months — comes in the backdrop of the deepening trust deficit between India and the United States over the 50% tariffs imposed by the Donald Trump administration. Significantly, the Ministry of External Affairs (MEA) statement said Modi noted that "India and China both pursue strategic autonomy, and their relations should not be seen through a third country lens."

Xi said the two countries should strengthen "multilateral cooperation to safeguard common interests", and should "not let the border issue define the overall China-India relationship", according



Prime Minister Narendra Modi with Russian President Vladimi[r] Putin (centre) and Chinese President Xi Jinping at the SCO Summit in Tianjin on Sunday X/RUSSIANE[...]

The bilateral meeting, on the sidelines of the Shanghai Cooperation Organisation (SCO) Summit here, lasted for about an hour. This is Modi's

the sidelines of the BRICS lea[d]ers' summit in Russia's Kaz[an] last October, when their tal[ks] resulted in disengagement [of] troops from two key fricti[on] points in eastern Ladakh.

"Last year in Kazan, we h[ad] very productive discussion[s] which gave a positive directi[on] to our relations," Modi told [...] on Sunday. "After the dise[n]gagement at the border, a[n] atmosphere of peace and st[a]bility is now in place," he said

# India, Japan talk semiconductors

**Japanese chip makers plan to tie up with India**

PRESS TRUST OF INDIA
Tokyo, August 30

**PRIME MINISTER NARENDRA** Modi on Saturday visited a semiconductor plant at Sendai in the Japanese prefecture of Miyagi, a day after New Delhi and Tokyo resolved to deepen cooperation in the critical technology sector.

Modi, accompanied by his Japanese counterpart Shigeru Ishiba, travelled in a bullet train to Sendai, situated at a distance of over 300 km from Tokyo.Prime Minister Ishiba hosted a lunch in honour of Modi in Sendai that was joined by the governor of Miyagi prefecture and other dignitaries.PM Modi's visit to the Tokyo Electron Miyagi Ltd (TEL Miyagi) in Sendai highlighted the complementarity between India's growing semiconductor manufacturing ecosystem and Japan's strengths in the sector, an Indian readout said.

TEL Miyagi,a leading Japanese company in the semiconductor sector, has plans for collaborations with India.Modi was briefed about TEL's role in the global semiconductor value chain, its advanced manufacturing capabilities and its ongoing and planned collaborations





Prime Minister Narendra Modi and Japanese Prime Minister Shigeru Ishiba at a semiconductor plant (top); they travel on board a bullet train (above) on Saturday PTI

semiconductor supply chain partnership as well as ongoing partnerships under the India–Japan Industrial Competitiveness Partnership and Economic Security Dialogue," it said. It said the joint visit by Modi and Ishiba to the facility also underscored the shared vision of India and Japan to develop robust, resilient and trusted semiconductor supply chains.

"Prime Minister Modi conveyed his appreciation to Prime Minister Ishiba for joining him in this visit and reaffirmed India's readiness to work closely with Japan in this strategic domain," the MEA said. On Saturday, Modi met governors of 16 Japanese

# Japan vows $68bn investment as PM, Ishiba chart future path

Rezaul H Laskar
letters@hindustantimes.com

**NEW DELHI:** Japan on Friday set a target of 10 trillion yen ($68 billion) in private investments in India over a decade as Prime Minister Narendra Modi and his counterpart Shigeru Ishiba finalised a 10-year roadmap to deepen economic cooperation in vital areas such as technology, digitalisation and rare earths against the backdrop of uncertainty created by the trade policies of the US administration.

Modi and Ishiba launched an Economic Security Initiative at their annual bilateral summit in Tokyo to ensure supply chain resilience in strategic sectors such as semiconductors, telecom, pharmaceuticals and emerging technologies, and also



# പൊണ്ണത്തടിയിൽ നിന്ന് മോചനം
# ചെങ്കോട്ടയിൽ നിന്നുള്ള ആഹ്വാനം

***പൊണ്ണത്തടി ഒരു വലിയ ആരോഗ്യ പ്രശ്നവും ഒട്ടേറെ രോഗങ്ങളുടെ മൂലകാരണവുമാണ്. രാജ്യത്തെ പൗരന്മാരെ തന്റെ കുടുംബാംഗങ്ങളായി കണക്കാക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി, വർധിച്ചു വരുന്ന ഈ പ്രശ്നത്തിൽ നിന്ന് മുക്തി നേടാൻ ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് ഇപ്രകാരം അഭ്യർത്ഥിച്ചു. ശുചിത്വം, ആത്മനിർഭർ ഭാരത് തുടങ്ങിയ ആഹ്വാനങ്ങളിലൂടെ രാജ്യത്ത് പുതിയ അവബോധം സൃഷ്ടിച്ച പ്രധാനമന്ത്രി മോദി ഇപ്പോൾ ഒരു പടി കൂടി കടന്ന് രാജ്യത്തെ ഓരോ കുടുംബവും ഭക്ഷണത്തിലെ എണ്ണയുടെ ഉപയോഗം 10% കുറയ്ക്കണമെന്ന് ആഹ്വാനം ചെയ്തു. ഈ ആഹ്വാനം രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന ചുവടുവയ്പ്പാണ്, കാരണം ആരോഗ്യ ഭാരതം വികസിത ഭാരതത്തിന്റെ ആധാരശിലയാണ് ...***



- പഠനമനുസരിച്ച്, ഇന്ന് എട്ട് പേരിൽ ഒരാളെ പൊണ്ണത്തടി ബാധിക്കുന്നു, മാത്രമല്ല വരും വർഷങ്ങളിൽ ഓരോ മൂന്നാമത്തെ വ്യക്തിയും പൊണ്ണത്തടിയുള്ളവരായി മാറാൻ സാധ്യതയുണ്ട്.
- ദേശീയ കുടുംബാരോഗ്യ സർവ്വെ കണക്കുകൾ പ്രകാരം, 24% സ്ത്രീകളും 23% പുരുഷന്മാരും അമിതഭാരമുള്ളവരോ പൊണ്ണത്തടിയുള്ളവരോ ആണ്.
- 2022 ൽ ലോകമെമ്പാടുമുള്ള ഏകദേശം 250 കോടി ആളുകൾ അമിത ഭാരമുള്ളവരായിരുന്നു, അതായത്, അവരുടെ ഭാരം ആവശ്യത്തിലധികമായിരുന്നുവെന്ന് ലോകാരോഗ്യ സംഘടനയുടെ ഡാറ്റ കാണിക്കുന്നു.



“

**നമ്മുടെ സാമർത്ഥ്യം മെച്ചപ്പെടുത്തണമെങ്കിൽ, ഒന്നാമതായി, ശാരീരികക്ഷമതയിലും ക്ഷേമത്തിലും നാം ശ്രദ്ധ കേന്ദ്രീകരിക്കണം. ശാരീരികക്ഷമതയ്ക്കും ശരീരഭാരം കുറയ്ക്കുന്നതിനുമുള്ള എന്റെ ഒരു നിർദ്ദേശം നിങ്ങൾ ഓർക്കുന്നുണ്ടോ? ഭക്ഷണത്തിലെ എണ്ണയുടെ ഉപയോഗം 10% കുറയ്ക്കുക, ഭാരം കുറയ്ക്കുക. നിങ്ങൾ ഫിറ്റാകുമ്പോൾ, ജീവിതത്തിൽ സൂപ്പർ ഹിറ്റാകും.**

നരേന്ദ്ര മോദി, പ്രധാനമന്ത്രി

ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

**RNI NO.: DELMAL/2020/78826 September 16-30, 2025**

RNI Registered No DELMAL/2020/78826, Delhi Postal License No DL(S)-1/3549/2023-25, WPP NO U(S)-97/2023-25, posting at BPC, Market Road, New Delhi-110001 on 13-17 advance Fortnightly (Publishing Date: September 02, 2025, Pages-52)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED & PRINTED BY:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003

**Printed at**
Kaveri Print Process Pvt. Ltd.
A-104 Sector-65,
Noida-201301 U.P.

Malayalam
Vol. 6 Issue-6